അദ്ധ്യാപനസഹായി

1

അക്ഷരം



വെളിച്ചമേ നയിച്ചാലും

എറണാകുളം ജില്ല സമ്പൂർണ്ണ സാക്ഷരതായജ്ഞം

പഴയ കലക്ടറേറ്റ്, എറണാകുളം

4

അധ്യാപനസഹായി

141
3162

അക്ഷരം

വെളിച്ചമേ നയിച്ചാലും

എറണാകുളം ജില്ല സമ്പൂർണ സാക്ഷരതായജ്ഞം
പഴയ കലക്ടറേററ്
എറണാകുളം

Aksharam
(Resource material for instructors)
Prepared and Published by
The Ernakulam District
Total Literacy Programme,
Old Collectorate, Ernakulam,
Cochin - 682 011
First Published in April 1989
Printed at Social Scientist Press,
Trivandrum-14
The Ernakulam District
Total Literacy Programme is implemented with the
financial support of
The National Literacy Mission,
Ministry of Human Resources Development,
Government of India

ആമുഖം

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൻെറ ഭാഗമായാണ്ഈ അധ്യാപന സഹായി പ്രസിദ്ധീകരിക്കുന്നത്.

1989 ജനുവരി 26 ന് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതായജ്ഞം, ഈ രംഗത്ത് ഇന്ത്യയിൽ ഇന്നോളം നടന്നിട്ടുള്ള ഏററവും ബൃഹത്തായ പ്രവർത്തനമാണ്. 1989 ഒക്ടോബർ 2 (ഗാന്ധിജയന്തി) ആവുമ്പോഴേക്ക് എറണാകുളം ജില്ലയെ ഇന്ത്യയിലെ ഒന്നാമത്തെ സമ്പൂർണ്ണ സാക്ഷരജില്ലയാക്കിത്തീർക്കുക എന്നതാണ് ഈ യജ്ഞത്തിൻെറ ലക്ഷ്യം.

സാക്ഷരത എന്നാൽ കേവലമായ അക്ഷരജ്ഞാനമല്ല. തങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ചുററുപാടുകളെക്കുറിച്ച് സമഗ്രമായ അവബോധം നേടാൻ പഠിതാക്കളെ സഹായിക്കുക എന്നത് സാക്ഷരതാ പ്രവർത്തനത്തിൻെറ അവിഭാജ്യഘടകമാണ്.

ഇത് സാധ്യമാവണമെങ്കിൽ, ഈ പ്രവർത്തനത്തിൻെറ ജീവനായി വർത്തിക്കേണ്ട പന്തീരായിരത്തിലേറെ ഇൻസ്ട്രക്ടർമാരുടെ പരിശീലനം കുററമററ രീതിയിൽ നടത്താൻ കഴിയേണ്ടതുണ്ട്. ഇതിന് സഹായകമായ രൂപത്തിലാണ് "അക്ഷരം" എന്ന ഈ അധ്യാപനസഹായി തയ്യാറാക്കിയിട്ടുള്ളത്.

സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൻെറ ഭാഗമായി തയ്യറാക്കിയിട്ടുള്ള 'അക്ഷരം' എന്ന സാക്ഷരതാപാഠാ

വലി, ഏററവും നന്നായി കൈകാര്യം ചെയ്യാൻ ഇൻസ്ട്രക്ടർമാരെ സഹായിക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ഇതേ പരമ്പരയിൽ മൊത്തം എട്ട് അധ്യാപനസഹായികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ദേശീയസാക്ഷരതാമിഷൻ, എറണാകുളത്തെ സമ്പൂർണസാക്ഷരതായജ്ഞം എന്നിവയെക്കുറിച്ചും എറണാകുളം സാക്ഷരതാ പരിപാടി എങ്ങനെയാണ് നടപ്പിലാക്കുന്നത് എന്നതു സംബന്ധിച്ചും ഉള്ള കാര്യങ്ങൾ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു. കൂടാതെ 'അക്ഷരം' എന്ന സാക്ഷരതാപാഠാവലി എങ്ങനെ ഉപയോഗിക്കണം, ഓരോ പാഠവും എങ്ങനെ എടുക്കണം, എന്തൊക്കെ വിഷയങ്ങൾ ചർച്ചയിൽ ഉൾക്കൊള്ളിക്കാം തുടങ്ങിയ കാര്യങ്ങളും ഇൻസ്ട്രക്ടർമാർക്കുവേണ്ട ചില പ്രാഥമിക വിവരങ്ങളും ഈ പുസ്തകത്തിൽ വിശദീകരിക്കുന്നു. ഈ പുസ്തകത്തിലെ വിവരണങ്ങൾ വിശദമായി പഠിച്ചു മനസ്സിലാക്കിയശേഷം, അവ പഠിതാക്കളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി, ലളിതമായ ഭാഷയിൽ വിവരിച്ചുകൊടുക്കാൻ ഇൻസ്ട്രക്ടർമാർ തയ്യാറാവണം.

സമ്പൂർണ സാക്ഷരതായജ്ഞത്തിന്റെ വിജയത്തിനായി കഠിനാധ്വാനം ചെയ്യുന്ന പതിനായിരക്കണക്കിനു പ്രവർത്തകർക്കായി ഈ പുസ്തകം സസന്തോഷം സമർപ്പിക്കുന്നു.

അക്ഷരം

ജനങ്ങൾ സാക്ഷരരാകുന്നതെന്തിന്?

"വികസനമെന്നാൽ റോഡുകളും ഫാക്ടറികളും അണക്കെട്ടുകളുമല്ല. അടിസ്ഥാനപരമായി അത് മനുഷ്യൻെറ വികസനമാണ്."

ഏഴാം പഞ്ചവൽസരപദ്ധതി രേഖയുടെ ആമുഖത്തിൽ പ്രധാനമന്ത്രി ഇങ്ങനെ പ്രസ്താവിക്കുന്നു. സമൂഹത്തിൻെറ വികസനത്തിൽ ഒഴിവാക്കാനാവാത്ത ഒരു ഘടകമാണ് സാക്ഷരത. അക്ഷരജ്ഞാനമില്ലാതെ പഠനം നടക്കില്ല. അറിവുണ്ടാക്കാൻ സഹായിക്കുക എന്നതിനുപുറമേ വ്യക്തിപരമായ തിരിച്ചറിയലിനും ദേശീയവികാസത്തിനും ജനാധിപത്യ മൂല്യങ്ങളുടെ നിലനിൽപിനും ആവശ്യമായ മുൻഉപാധിയാണ്, അക്ഷരാഭ്യാസം.

സാക്ഷരതാ പരിപാടിയുടെ ലക്ഷ്യങ്ങളായി ദേശീയസാക്ഷരതാമിഷൻ ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ നാലാണ്:

1. എഴുതാനും വായിക്കാനും കണക്കുകൂട്ടാനുമുള്ള കഴിവ്.
2. അക്ഷരഹീനരെ സ്വന്തം പിന്നോക്കാവസ്ഥയുടെ കാരണം കണ്ടുപിടിക്കാനും സംഘടിതപ്രവർത്തനങ്ങളിൽകൂടി ഈ സ്ഥിതിവിശേഷത്തിനു പരിഹാരം കണ്ടുപിടിക്കാനും വികസന പ്രവർത്തനങ്ങളിൽ സജീവപങ്കുവഹിക്കാനും പ്രാപ്തരാക്കുക.
3. സാമ്പത്തിക സ്ഥിതിയും സാമൂഹ്യസ്ഥിതിയും മെച്ചപ്പെടുത്താൻ ആവശ്യമായ കഴിവുകൾ ആർജിക്കാൻ സഹായിക്കുക.
4. ദേശീയോദ്ഗ്രഥനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീസമത്വം, ചെറിയ കുടുംബമെന്ന ആശയം തുട

ങ്ങിയ മൂല്യങ്ങൾ ഉൾക്കൊള്ളാൻ ആളുകളെ സന്നദ്ധരാക്കുക.

സാക്ഷരത നേടി ചുററുപാടുകളെ തിരിച്ചറിയാനും വ്യാഖ്യാനിക്കാനും വേണ്ട വകതിരിവ് ആർജിച്ചവർക്കു മാത്രമേ തങ്ങളുടെ ഭാഗധേയവും തങ്ങൾ ഉൾക്കൊള്ളുന്ന സമൂഹത്തിൻെറ ഭാഗധേയവും നിർണയിക്കാനുള്ള സമരത്തിൽ പങ്കാളികളാകാനും കഴിയൂ.

സ്വന്തം ജീവിതപ്രശ്നങ്ങളുടെ ആമത്തോടിനകത്ത് ഒതുങ്ങിക്കഴിയേണ്ടിവരുന്ന നിരക്ഷരരും ദരിദ്രരുമായ ജനങ്ങൾക്ക് നാടിൻെറ വികസനത്തിലും സമൂഹത്തെ മാററിത്തീർക്കാനാവശ്യമായ പ്രവർത്തനങ്ങളിലും എന്തു പങ്കാണ് വഹിക്കാൻ കഴിയുക? സ്വന്തം വാക്കുകളില്ലാത്ത, അക്ഷരഹീനരായ ജനസമൂഹം ഒരുതരം നിശബ്ദ സംസ്കാരത്തിനുടമകളാണ് എന്ന് പൗലോ ഫ്രെയർ അഭിപ്രായപ്പെടുന്നു. നിശബ്ദരാക്കപ്പെട്ട ഇക്കൂട്ടർക്ക് തങ്ങളുടെ സമൂഹത്തെ മാററിത്തീർക്കുന്ന പ്രവർത്തനങ്ങളിൽ സൃഷ്ടിപരമായി പങ്കുചേരാൻ കഴിയുന്നില്ല. മാററിനിർത്തപ്പെടുന്നതുവഴി അവരുടെ വ്യക്തിത്വം പോലും നിഷേധിക്കപ്പെടുന്നു. ഇവർക്ക് തങ്ങളുടെ പ്രവൃത്തികൾ യാഥാർഥ്യത്തെ മാററിത്തീർക്കാൻ പോന്നതാണെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല.

സമൂഹത്തിൻെറ ശരാശരി സാംസ്കാരിക നിലവാരത്തിലെത്താനോ ജനാധിപത്യമൂല്യങ്ങൾ ശരിയായി ഉൾക്കൊള്ളാനോ നിരക്ഷരരായ ജനസമൂഹത്തിനു കഴിയുന്നില്ല. ആചാരങ്ങളാലും അന്ധവിശ്വാസങ്ങളാലും മേധാവിവിഭാഗത്തിൻെറ ആജ്ഞകളാലും നയിക്കപ്പെടുന്ന അവർ പലപ്പോഴും സ്വന്തം അഭിപ്രായങ്ങളില്ലാത്ത ആൾക്കൂട്ടം മാത്രമായിക്കഴിയാൻ നിർബന്ധിതരാവുന്നു. സ്വന്തം സമൂഹത്തിൻെറ സാമൂഹികവും ചരിത്രപരവുമായ പരിവർത്തനത്തിൽ പങ്കുവഹിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്ന് അവരറിയുന്നില്ല.

എഴുതാനും വായിക്കാനും കഴിവില്ലായ്മ വ്യക്തിപരമായ ഒരു പോരായ്മയായി മാത്രം കാണുന്നതിൽ അർഥമില്ല. അത് ഒരു വലിയ സാമൂഹ്യനഷ്ടം കൂടിയാകുന്നു. അക്ഷരമറിയാത്ത

വർക്ക് സ്വന്തം തൊഴിലിൽ മികവു കാണിക്കാൻ പ്രയാസം നേരിടുന്നു. സാങ്കേതികവൈദഗ്ധ്യം വളർത്തി ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കാൻ അക്ഷരാഭ്യാസം കൂടിയേതീരൂ.

ജനാധിപത്യസംവിധാനത്തിന്റെ അടിത്തറ മൂല്യബോധമുള്ള ജനങ്ങളാണ്. പ്രാഥമികവിദ്യാഭ്യാസം ലഭിക്കാതെ മാമൂലുകളുടെയും അന്ധവിശ്വാസങ്ങളുടെയും അധിവാസകേന്ദ്രങ്ങളായിക്കഴിയുന്നവരിൽ നിന്ന് ഏതുമാതിരി മൂല്യബോധമാണ് പ്രതീക്ഷിക്കാൻ കഴിയുക! സതിയെന്ന ക്രൂരമായ ആചാരം നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ത്രീകളുടെ വൻകൂട്ടങ്ങൾ പ്രകടനം നടത്തുന്ന രാജസ്ഥാനിലെ സ്ത്രീസാക്ഷരത അഞ്ചുശതമാനത്തിലധികമില്ല.

ആസൂത്രിതവികസനം അർഥവത്തും ഫലപ്രദവുമാകണമെങ്കിൽ അതിൽ ബോധപൂർവ്വവും ആത്മാർഥവുമായ സാമൂഹ്യപങ്കാളിത്തം ഉണ്ടാകണം. അക്ഷരമറിയാത്തവർക്ക് വികസന പ്രവർത്തനങ്ങളിൽ ബോധപൂർവം പങ്കാളിത്തം വഹിക്കാൻ കഴിയില്ല. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ടു തന്നെയാവണം സോവിയററ് യൂണിയൻ, വിയത്നാം, ക്യൂബ തുടങ്ങിയ രാഷ്ട്രങ്ങൾ ദേശീയമായ പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ടു പോലും ഒരു യുദ്ധത്തെ നേരിടുന്നപോലെ നിരക്ഷരതയോടേററുമുട്ടിയത്.

വ്യക്തിപരമായ ഒരു സൽക്കർമമോ ഔദാര്യമോ ആയി നിരക്ഷരതാ നിർമാർജനത്തെ കാണരുത്. എത്രയും വേഗം പരിഹാരം കാണേണ്ട ഒരു സാമൂഹ്യപ്രശ്നമാണിത്. ജനസാമാന്യത്തിന്റെ നിരക്ഷരത നാടിന്റെ നാണക്കേടും ശാപവുമാണ് എന്ന് ദശാബ്ദങ്ങൾക്കു മുമ്പുതന്നെ മഹാത്മാഗാന്ധി മുന്നറിയിപ്പു നൽകിയിരുന്നു.

സാക്ഷരതയും സാമൂഹ്യപുരോഗതിയും

എഴുതാനും വായിക്കാനുമുള്ള വിദ്യ അഭ്യസിക്കുക എന്നതിനപ്പുറം സുപ്രധാനമായ പല കാര്യങ്ങളും സാക്ഷരതാപരിപാടിയിൽ അടങ്ങിയിരിക്കുന്നുഎന്ന് പൗലോ ഫ്രയർ ചൂണ്ടിക്കാട്ടുന്നു. സൃഷ്ടിയുടെയും പുനഃസൃഷ്ടിയുടെയും മനോഭാവ

ത്തോടെ സാഹചര്യങ്ങളിലേക്ക് നടന്നുചെല്ലാൻ സ്വയം രൂപാന്തരപ്പെടുത്തുന്ന പ്രവർത്തനമാണ് സാക്ഷരത.

ഏതെല്ലാം വിധത്തിലാണ് സാക്ഷരത സാമൂഹ്യപുരോഗതിയെ സഹായിക്കുന്നതെന്ന് ദേശീയസാക്ഷരതാമിഷൻ പ്രസിദ്ധീകരിച്ച രേഖയിൽ വ്യക്തമായ തെളിവുകളോടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1 സാക്ഷരരായ രക്ഷിതാക്കളുടെ സമൂഹത്തിൽ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പ്രായേണ കുറവാണ്. അവരുടെ കുട്ടികൾ ക്ലാസിൽ കുറെക്കൂടി ഉയർന്ന നിലവാരം പുലർത്തുന്നു. അക്ഷരാഭ്യാസമുള്ള രക്ഷിതാവ് കുട്ടികളെ സ്കൂളിലയയ്ക്കാനും അവരുടെ പഠനത്തിൽ നിരന്തരശ്രദ്ധചെലുത്താനും തൽപരനായിരിക്കും. മറിച്ച് നിരക്ഷരരായ രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ വിമുഖരായിരിക്കും.

2 സാക്ഷരരായ അമ്മമാർക്കിടയിൽ നിരക്ഷരരെ അപേക്ഷിച്ച് ശിശുമരണനിരക്ക് കുറവാണെന്ന് ജനസംഖ്യാ പഠനങ്ങൾ വ്യക്തമാക്കുന്നു.

3 യഥാകാലം ശിശുക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നടത്താനും ശിശുമരണത്തിനിടയാക്കുന്ന രോഗങ്ങൾ തടയാനും സാക്ഷരരായ അമ്മമാർക്ക് കഴിയുന്നു. വയറിളക്കം ബാധിച്ച കുട്ടിയുടെ ശരീരത്തിൽ നിന്നും വാർന്നുപോകുന്ന ജലനഷ്ടം നികത്താൻ പാനീയചികിൽസ നടത്താനുള്ള വിവരംപോലും നിരക്ഷരരായ അമ്മമാർക്കറിയില്ല.

4 ചെറിയ കുടുംബമെന്ന ആശയം കൂടുതൽ പ്രായോഗികമാക്കപ്പെട്ടിരിക്കുന്നത് സാക്ഷരതയാർജിച്ചവരിലാണ്. ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരവും കുടുംബക്ഷേമ പരിപാടിയും തമ്മിൽ പ്രകടമായ ബന്ധം കാണുന്നു.

5 പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യമായ അവകാശങ്ങൾ നേടാനുമുള്ള കഴിവിൽ അക്ഷരാഭ്യാസം നേടിയവരും അങ്ങനെ അല്ലാത്തവരും രണ്ട് തട്ടിൽ നിൽക്കുന്നു. ഈ വ്യത്യാസം സ്ത്രീകളിൽ പ്രത്യേകിച്ചും പ്രകടമാണ്. സാമൂഹ്യവും നിയമപരവുമായ അവകാശങ്ങളെക്കു

റിച്ചുള്ള ബോധം, കുടുംബഭരണത്തിനാവശ്യമായ വിഭവങ്ങൾ ആർജിക്കാനുള്ള കഴിവ്, സാമൂഹ്യബോധം ഇവയുടെ കാര്യത്തിൽ സാക്ഷരരായ സ്ത്രീകൾ വളരെ മുന്നിലാണ്.

അൻപതുകോടി നിരക്ഷരർ

ജനങ്ങളുടെ വ്യക്തിവികാസത്തിലും ദേശീയ പുരോഗതിയിലും സാക്ഷരതയ്ക്കുള്ള പങ്ക് ഏവരും പ്രാധാന്യത്തോടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ സാക്ഷരതയുടെയും വയോജന വിദ്യാഭ്യാസത്തിൻെറയും കാര്യത്തിൽ വലിയ വിജയമൊന്നും കൈവരിക്കാൻ നാലു ദശാബ്ദക്കാലത്തെ വികസനപ്രവർത്തനങ്ങൾക്കുശേഷവും ഇന്ത്യയ്ക്കു കഴിഞ്ഞിട്ടില്ല. കഴിഞ്ഞ 40 വർഷത്തിനിടയ്ക്കു വിദ്യാഭ്യാസം വളരെയേറെ വ്യാപിച്ചു. എന്നിട്ടും നിരക്ഷരത നിയന്ത്രിക്കാനാവാത്തവിധം പെരുകി. 90 കോടിയാണ് ലോകത്താകെയുള്ള നിരക്ഷരരുടെ സംഖ്യ. അതിൽ പകുതിയിലധികവും ഇന്ത്യാക്കാരാണെന്ന വസ്തുത നമുക്കാർക്കും അഭിമാനം നൽകുന്നതല്ല.

സ്വാതന്ത്ര്യം നേടുന്ന കാലത്ത് ഇന്ത്യയിലുണ്ടായിരുന്ന മൊത്തം ജനസംഖ്യയേക്കാൾ അധികമാണ് ഇന്നത്തെ നിരക്ഷരരുടെ എണ്ണം. 1951–ൽ ഇന്ത്യയിലെ സാക്ഷരത 16.67 ശതമാനമായിരുന്നു. 1981-ൽ അത് 36.23 ശതമാനമായി. ഈ ദേശീയ ശരാശരി നിരക്ഷരതയുടെ ഒരു യഥാർത്ഥചിത്രം നൽകാൻ പര്യാപ്തമല്ലെന്നതാണ് മറെറാരു വസ്തുത. ഇതിനുള്ളിൽ ഗ്രാമ/നഗര വ്യത്യാസങ്ങളും സ്ത്രീ/പുരുഷ വ്യത്യാസങ്ങളും ഒളിഞ്ഞിരിപ്പുണ്ട്. പുരുഷൻമാരിൽ 46.39 ശതമാനത്തിനു സാക്ഷരതയുള്ളപ്പോൾ അക്ഷരാഭ്യാസം സിദ്ധിച്ച സ്ത്രീകൾ 24.82 ശതമാനം മാത്രം. സ്ത്രീസാക്ഷരതയിൽ തന്നെ പ്രകടമായ ഗ്രാമ/നഗര വ്യത്യാസം കാണാം. നഗരങ്ങളിൽ സ്ത്രീ സാക്ഷരത 41 ശതമാനമുള്ളപ്പോൾ ഗ്രാമങ്ങളിൽ അത് 18 ശതമാനംമാത്രം. മൊത്തത്തിൽ പട്ടണവാസികളിൽ 57.4 ശതമാനം ആളുകൾ സാക്ഷരരായിരിക്കുമ്പോൾ ഗ്രാമീണസാക്ഷരത 29.65 ശതമാനം മാത്രമാകുന്നു. ഇന്ത്യയിലെ ജനങ്ങളിൽ 76 69 ശതമാനം ഗ്രാമങ്ങളിൽ ജീവിക്കുന്നവരാകുന്നു. 21 ശതമാനം മാത്രം സാക്ഷരതയുള്ള ഹിമാചൽ പ്രദേശമാണ് ഏററവും പിറകിൽ—

കേരളംഏററവും മുന്നിലും. സ്ത്രീസാക്ഷര ഏററവും കുറവ് രാജസ്ഥാനിലാണ്: 5.5 ശതമാനം. ബീഹാറാണ് ഹരിജനങ്ങളുടെ സാക്ഷരത ഏററവും കുറവുള്ള സംസ്ഥാനം;10 ശതമാനം. 1981-ലെ ജനസംഖ്യാ കണക്കനുസരിച്ച് ഇന്ത്യയിലല 68 കോടി ജനങ്ങളിൽ 43.5 കോടി പേർക്ക് അക്ഷരജ്ഞാനമുണ്ടായിരുന്നില്ല. 1991-ലെ കാനേഷുമാരി കണക്കുവരുമ്പോൾ ഇന്നത്തെ നിലയിൽ ഇന്ത്യയിലെ ജനസംഖ്യ 85 കോടിയാകും. നിരക്ഷത ജനസംഖ്യ അന്ന് 48 കോടിയാകാനാണ് സാധ്യത. ഇതിനർഥം. അൻപതുകോടി നിരക്ഷരരേയും കൊണ്ടായിരിക്കും ഇന്ത്യ ഇരുപത്തൊന്നാം നൂററാണ്ടിനെ സ്വാഗതം ചെയ്യുക എന്നതാണ്. അന്ന് ലേകത്താകെയുള്ള 15 വയസിനും 35 വയസിനും ഇടയ്ക്കു പ്രായമുള്ള നിരക്ഷരരിൽ 54 ശതമാനം പേരും ഇന്ത്യാക്കാരായിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിനർഥം 21–ാം നൂററാണ്ടിൻെറ ആരംഭത്തിൽ ലോകത്തിൽ ഏററവും കൂടുതൽ നിരക്ഷരരുള്ള രാജ്യം ഇന്ത്യയായിരിക്കുമെന്നാണ്. ഒരു പക്ഷേ നിരക്ഷരരുള്ള ഏകരാഷ്ട്രം നമ്മുടേത് ആകാനും മതി. നമ്മുടെ വികസന സങ്കല്പത്തെത്തന്നെ കൊഞ്ഞനം കാണിക്കുന്ന ഒരു സ്ഥിതിവിശേഷമാണിത്.

എന്തുകൊണ്ടിങ്ങനെ സംഭവിച്ചു?

വികസനത്തിനും നിലനിൽപിനും സാക്ഷരത ഒരു മുൻ ഉപാധിയാണ് എന്നൊക്കെ പറഞ്ഞു കേൾക്കാറുണ്ടെങ്കിലും സാമാന്യം നീണ്ട കാലത്തെ വികസന പ്രവർത്തനങ്ങൾക്ക് നിരക്ഷരത കുറയ്ക്കുന്നതിൽ കാര്യമായൊന്നും ചെയ്യാൻ കഴിയാതിരുന്നതെന്തേ? ഫാക്ടറികളും റോഡുകളും അണക്കെട്ടുകളും പണിതുകൂട്ടുന്നതിലപ്പുറം മനുഷ്യൻെറ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളുടെ സാക്ഷാത്കരണമാണ് വികസനത്തിൻെറ പരമലക്ഷ്യമെങ്കിൽ അതിൻെറ ആദ്യത്തെപ്പടിയായ സാക്ഷരതയെങ്കിലും ഭൂരിപക്ഷം ആളുകൾക്കും നൽകാൻ കഴിയേണ്ടതായിരുന്നു. ഇതുണ്ടാകാതെപോയതിന് പല കാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങളും സാക്ഷരതാപദ്ധതികളും ആവിഷ്കരിക്കപ്പെടാത്തതുകൊണ്ടല്ല ഇന്ത്യയിൽ നിര

ക്ഷരർ കണ്ടമാനം വർധിച്ചത്. ചെറുതും വലുതുമായ അനേകം വയോജന പരിപാടികൾ സർക്കാരിൻേറതായിട്ടും സന്നദ്ധ സംഘങ്ങളുടെ ഉൽസാഹത്തിലും ആവിഷ്കൃതമായിട്ടുണ്ട്. ഇന്നും നടന്നുവരുന്നുമുണ്ട്. കൂട്ടത്തിൽ ഏററവും ബൃഹത്തായിരുന്നു 1978–ലെ ദേശീയ വയോജന വിദ്യാഭ്യാസ പരിപാടി. തൊഴിലാഭിമുഖ്യത്തിനു മുൻഗണന നൽകിക്കൊണ്ട് അഞ്ചുകോടി നിരക്ഷരരെ പ്രത്യേകിച്ച് 15–35 പ്രായപരിധിയിൽ ഉള്ളവരെ, സാക്ഷരരാക്കുവാനുള്ള സമയബന്ധിത പരിപാടിയായിരുന്നു അത്. മോശമല്ലാത്ത സാമ്പത്തിക സൗകര്യങ്ങളും വമ്പിച്ച തയ്യാറെടുപ്പുകളുമുണ്ടായിട്ടും NAEP എന്ന വൻ പരിപാടി വിജയിച്ചില്ല. ഇന്ത്യാഗവൺമെൻറിൻെറ ഇരുപതിന പരിപാടിയിലും നിരക്ഷരതാ നിർമാർജനത്തിനു വകുപ്പുണ്ടായിരുന്നു. RFLP പോലുള്ള പരിപാടികൾ ജനങ്ങളെ സാക്ഷരരാക്കാൻ വേണ്ടി ഇപ്പോഴും പ്രവർത്തിക്കുന്നവയാണ്. കൂടാതെ നിരക്ഷരതയ്ക്കെതിരെ ചെറുതും വലുതുമായ അനേകം സംഘടനകൾ രംഗത്തുണ്ട്. എന്തെല്ലാമുണ്ടായിട്ടും ഓരോ സെൻസസ് എടുക്കുമ്പോഴും ജനസംഖ്യക്ക് ഒപ്പം തന്നെ നിരക്ഷരരുടെ സംഖ്യയും കുതിച്ചുയരുന്നതാണ് നാം കാണുന്നത്. നിരക്ഷരത എന്ന ശാപം തുടച്ചു നീക്കാൻവേണ്ടി ആരംഭിക്കുന്ന ചെറുതും വലുതുമായ ഓരോ ശ്രമവും വേണ്ടത്ര ഏശാതെ പോകുന്നതെന്തുകൊണ്ട്? വയോജനവിദ്യാഭ്യാസത്തെക്കുറിച്ചു പഠനം നടത്തിയ സ്ഥാപനങ്ങളും ദേശീയ സാക്ഷരതാമിഷനും ഇതിന് ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1 30 കോടിയിലധികം പേരെ അക്ഷരഹീനരായി നിർത്തിക്കൊണ്ടാണ് 1947 ൽ കൊളോണിയൽ ഭരണം അവസാനിച്ചത്.

2 ഭരണഘടന വാഗ്ദാനം ചെയ്തിരുന്ന സാർവത്രികവും നിർബന്ധിതവും ആയ പ്രാഥമികവിദ്യാഭ്യാസം എന്ന പരിപാടി ഇതുവരെയും സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ല. പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാകുന്നതോടെ ഭാവി തലമുറയുടെയെങ്കിലും സാക്ഷരത ഉറപ്പുവരുത്താം എന്നതായിരുന്നു പ്രതീക്ഷ. ഒരിക്കലും സ്ക്കൂളിൽ പോകാന

വസരം ലഭിക്കാത്തവരും സ്കൂളിൽ ചെന്ന് ഏറെക്കഴി യുന്നതിനുമുമ്പ് വൻതോതിൽ കൊഴിഞ്ഞുപോയവരും നിരക്ഷരപ്പടയുടെ സംഖ്യാബലം വർധിപ്പിച്ചു.

3 ജനസംഖ്യയുടെ ക്രമാതീതമായ വർധനവ് മററു പലതി നേയുമെന്നപോലെ സാക്ഷരതാ പ്രവർത്തനത്തേയും അഗ ണ്യമാക്കി. 1971–ൽ 54.82 കോടിയായിരുന്നു ജനസംഖ്യ. 1981–ൽ ഇത് 68.52 കോടിയായി ഉയർന്നു. ജനസംഖ്യ യിലുണ്ടായ വർധനവ് സാക്ഷരതാരംഗത്തുണ്ടായ നേട്ട ങ്ങളെ കടലിൽ കായംകലക്കിയമാതിരിയാക്കി.

4 നിരക്ഷരതാനിർമാർജനത്തിനായി ഗവൺമെൻറിൻെറ നേതൃ ത്വത്തിൽ നടത്തിവന്നിരുന്ന പ്രവർത്തനങ്ങൾക്ക് ജന ങ്ങളുടെ ആവശ്യങ്ങളും പരിമിതികളും മനസ്സിലാക്കി അതുമായി പൊരുത്തപ്പെട്ട് പോകാൻ കഴിഞ്ഞില്ല. എത്ര നല്ല പരിപാടിയും ജനങ്ങൾക്കംഗീകരിക്കാൻ പററുന്നവിധ ത്തിൽ ആവിഷ്കരിച്ചാലേ ഫലവത്താകൂ.

5 എല്ലാററിലുമുപരിയായി ദാരിദ്ര്യവും പ്രാഥമികവിദ്യാഭ്യാ സത്തിൻെറ അപര്യാപ്തതയുമാണ് ഭീതിദമായ നിരക്ഷ രതാ വർധനവിനു കാരണമെന്നു കാണാം. ഇന്ത്യയിൽ ജന വാസമുള്ള പ്രദേശങ്ങളിൽ അഞ്ചിലൊന്നു സ്ഥലത്തു പോലും ഇനിയും പ്രൈമറിസ്കൂളുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഉള്ള വിദ്യാലയങ്ങളിൽ തന്നെ കുട്ടികളെ ആകർഷിക്കാനോ അവരുടെ താൽപര്യം നിലനിർത്താനോ കഴിയുന്ന വിധത്തിൽ യാതൊരു സൗകര്യവുമില്ല. പലതും ഏകാധ്യാപക വിദ്യാലയങ്ങൾ. കൂടാതെ ഏതെങ്കിലും വിധ ത്തിൽ സാക്ഷരത്വം നേടേണ്ടത് അത്യാവശ്യമാണെന്ന ബോധം കുട്ടികളിലോ അവരുടെ രക്ഷിതാക്കളിലോ ഉണ്ടാ ക്കാനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല. ഇതിൻെറ ഫലമായി വിദ്യാലയത്തിൽ ചേരുന്ന 100 കുട്ടികളിൽ അമ്പതുപേരും നാലാം ക്ലാസ്സിലെത്തുന്നതിനുമുമ്പു തന്നെ കൊഴിഞ്ഞുപോകുന്നു. ജീവിതപ്രശ്നങ്ങൾ പഠനം നിർത്തി മററെന്തെങ്കിലും പണിക്കുപോകാൻ അവരെ പ്രേരി പ്പിക്കുന്നു. നിരക്ഷരത ഒരു വിദ്യാഭ്യാസപ്രശ്നമെന്നതി നേക്കാൾ ഒരു സാമൂഹിക പ്രശ്നമാണ്. മിക്കവാറും

ദരിദ്രരായ ജനങ്ങളാണ് നിരക്ഷരരിൽ 95 ശതമാനവും (4000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമില്ലാത്തവരാണ് നിരക്ഷരരിൽ ഭൂരിപക്ഷവും.) ഇതിനർത്ഥം ജനങ്ങളുടെ വൻതോതിലുള്ള നിരക്ഷരതയ്ക്കു കാരണം ദാരിദ്ര്യവും ജീവിതപ്രയാസങ്ങളുമാണെന്നല്ലേ? ദാരിദ്ര്യം നിരക്ഷരതയേയും നിരക്ഷരത ദാരിദ്ര്യത്തെയും വളർത്തുന്നു എന്നതാണ് സത്യം. സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കുട്ടികളെ വിദ്യാഭ്യാസത്തിൽ നിന്നകററുന്നതിൽ (പ്രത്യേകിച്ചും പെൺകുട്ടികളെ) വലിയ പങ്കുവഹിക്കുന്നു.

സാക്ഷരതയും കേരളവും

ഈ നൂററാണ്ടിൻെറ ആരംഭം മുതൽക്കേ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും കേരളം ഇന്ത്യയിലെ മററു സംസ്ഥാനങ്ങൾക്കുമുന്നിലാണ്. 1901–ൽ സാക്ഷരതയുടെ ഇന്ത്യൻ ശരാശരി 5.35 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ അതിന്നിരട്ടിയിലെധികം 13.14 ശതമാനം സാക്ഷരതയുണ്ടായിരുന്നു. 1981–ലെ ജനസംഖ്യാ കണക്കുപ്രകാരം ഇന്ത്യയിലെ ശരാശരി സാക്ഷരത 36.23 ശതമാനവും കേരളത്തിലേത് 70.42 ശതമാനവുമാണ്. പണ്ടുമുതൽക്കുള്ള വിദ്യാഭ്യാസവ്യാപനം, വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനം, കേരളത്തിൻെറ പ്രത്യേകമായ സാമൂഹ്യസാഹചര്യം എന്നിങ്ങനെ പല ഘടകങ്ങളുടെയും സംയുക്ത പ്രവർത്തനമാണ് ഇവിടുത്തെ ഉയർന്ന സാക്ഷരത. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉയർന്ന സാക്ഷരതയും ഉയർന്ന ബോധനിലവാരവും ഉണ്ടെങ്കിലും 29.58 ശതമാനം ആളുകൾ ഇവിടെയും അക്ഷരശൂന്യരാണ്. ഏററവും കൂടുതൽ നിരക്ഷരരുള്ളത് പാലക്കാട് ജില്ലയ്ക്കും രണ്ടാം സ്ഥാനം വയനാടിനും മൂന്നാം സ്ഥാനം മലപ്പുറം ജില്ലയ്ക്കും ആണ്. പിന്നോക്ക വിഭാഗക്കാർ, താഴ്ന്ന വരുമാനമുള്ളവർ, ആദിവാസികൾ, സ്ത്രീകൾ എന്നിവരിലാണ് നിരക്ഷരത കൂടുതൽ. ഇന്ത്യയിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ച് സാക്ഷരതയിൽ നമുക്കഭിമാനിക്കാൻ വകയുണ്ടെങ്കിലും 4 കേരളീയരിൽ ഒരാൾ ഇന്നും നിരക്ഷരനാണെന്നകാര്യം വിസ്മരിക്കാ

തിരിക്കുക. കേരളത്തിലെ നിരക്ഷരതയ്ക്ക് മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രത്യേകതയുണ്ട്. മററ് സംസ്ഥാനങ്ങളിൽ ഏതാനും സാക്ഷരർ വലിയൊരുസംഘം നിരക്ഷരർക്കിടയിൻ ജീവിക്കുമ്പോഠ കേരളത്തിൽ മറിച്ചാണ് സ്ഥിതി. അതുകൊണ്ടുതന്നെ തങ്ങളുടെ കഴിവുകേട് മററുള്ളവരുടെ മുന്നിൽ തുറന്ന് സമ്മതിക്കാൻ കേരളത്തിലെ നിക്ഷരർ മടിക്കും. ഇവിടുത്തെ പ്രത്യേക സാമൂഹ്യ സാഹചര്യത്തിൽ കേരളത്തിലെ നിരക്ഷരരുടെ ബോധനിലവാരം മററു സംസ്ഥാനങ്ങളിലെ അക്ഷരശൂന്യരേക്കാഠ ഏറെ ഉയർന്നതാണ്. ഇക്കാരണങ്ങളാൽ ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലേതിൽനിന്നു വിഭിന്നമായ ഒരു പരിപാടിയും സമീപനവും ആവിഷ്ക്കരിച്ചുകൊണ്ടുമാത്രമേ കേരളത്തിൽ നിരക്ഷരത നിർമാർജനം സാധ്യമാകൂ.

എന്തുചെയ്യണം?

ഇന്ത്യയെപ്പോലെതന്നെ കൊളോണിയൽ നുകത്തിൽ നിന്നും കുതറിച്ചാടിയിട്ടും ദാരിദ്ര്യവും നിരക്ഷരതയും നിലനിന്നിരുന്ന രാഷ്ട്രങ്ങഠ വേറെയുമുണ്ട്. ഈ രാഷ്ട്രങ്ങളിൽ പലതിലും ഇന്ന് നിരക്ഷരതയില്ല. യുദ്ധകാല പ്രാധാന്യത്തോടെ ആ രാഷ്ട്രങ്ങഠ നിരക്ഷരത നീക്കംചെയ്തു.

ദേശീയമായ വൻ വിപത്തുകളെ നേരിട്ടുകൊണ്ടിരിക്കുമ്പോഴും അവർ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി നിരക്ഷരതയ്ക്കെതിരെ യുദ്ധം ചെയ്തു. നിരക്ഷരതാ നിർമാർജനം അത്തരം രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം നാടിൻെറ വികസനത്തിനും സമൂഹത്തിൻെറ സാംസ്ക്കാരിക നിലവാരം സംരക്ഷിക്കുന്നതിനും ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമായിരുന്നു.

സർക്കാരിൻെറയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നടന്ന നിരക്ഷരതാ നിർമാർജന പരിപാടികളിൽ ഏറെയും ഭാഗിക വിജയം മാത്രംകൈവരിച്ചതിൻെറ കാരണം ഇൻഡ്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് (അഹമ്മദാബാദ്), ടാററാ ഇൻസ്ററിററ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്

(ബോംബെ) തുടങ്ങിയ പല സ്ഥാപനങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്. അവ ചൂണ്ടിക്കാണിച്ച പ്രധാന പോരായ്മകൾ താഴെക്കൊടുക്കുന്നു.

1 നിരക്ഷരർ പഠിച്ചേ മതിയാവൂ എന്ന് ആത്മാർത്ഥമായ ബോധ്യമോ താല്പര്യമോ സാക്ഷരസമൂഹത്തിന് ഇല്ലാതെ പോയത് നിരക്ഷരതാ നിർമാർജന പ്രവർത്തനത്തിന്റെ പരാജയകാരണങ്ങളിൽ ഒന്നാണ്. പലവിധ ജീവിത പ്രയാസങ്ങൾക്കിടയിൽ സാക്ഷരരാകുന്നതിന്റെ പ്രാധാന്യവും പ്രയോജനവും ദരിദ്രരും വിദ്യാഹീനരുമായ ആളുകളെ വ്യാപകമായ തോതിൽ ബോധ്യപ്പെടുത്താൽ കഴിയാതെപോയതും പരാജയത്തിനു കാരണമാണ്.

2 നിരക്ഷരരെ പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ട ഇൻസ്ട്രക്ടർമാർക്ക് ലഭിച്ച പരിശീലനം ഗുണം കുറഞ്ഞതും അപൂർണവുമായിരുന്നു.

3 പഠിതാക്കളെ ഒരു നിലയ്ക്കും ആകർഷിക്കാനോ പിടിച്ചു നിർത്താനോ കഴിയാത്തവണ്ണം അനാകർഷകവും അസൗകര്യങ്ങൾ നിറഞ്ഞതുമായിരുന്നു സാക്ഷരതാ കേന്ദ്രങ്ങൾ.

4 ബഹുജനമാധ്യമങ്ങൾ നിരക്ഷരതാനിർമാർജന ശ്രമത്തിന് ആവശ്യമായ പിന്തുണയോ പ്രസിദ്ധീകരണമോ നൽകിയില്ല.

5 സാക്ഷരതാ പ്രവർത്തനങ്ങളിലേർപ്പെട്ട സന്നദ്ധസംഘടനകൾക്ക് ഭരണാധികാരികളിൽ നിന്നു കാര്യമായ പിന്തുണയൊന്നും ലഭിച്ചില്ല.

6 സാക്ഷരതാ കേന്ദ്രങ്ങളിലേക്കു നിരക്ഷരരെ ആകർഷിക്കാനും പ്രയോജനകരവും താല്പര്യപൂർവകവുമായ പഠനാനുഭവങ്ങൾ നൽകി അവരെ പഠനകാലം മുഴുവൻ പിടിച്ചു നിർത്താൻ സാക്ഷരതാ കേന്ദ്രങ്ങൾക്കു കഴിഞ്ഞില്ല.

7 പുതുതായി സാക്ഷരരാകുന്നവരുടെ അറിവും കഴിവും നിലനിർത്താനുള്ള പ്രത്യേക പരിപാടി ഉണ്ടായിരുന്നില്ല.

ഇത്രയും വൈകല്യങ്ങൾ പരിഹരിച്ചുകൊണ്ട് 15 വയസിനും 35 വയസിനും ഇടയിൽ പ്രായപരിധിയിലുള്ള നിരക്ഷരരെ മുഴുവൻ 1995–നുള്ളിൽ സാക്ഷരരാക്കാനുള്ള ഒരു പദ്ധതി

യുമായാണ് 1987 മേയിൽ ദേശീയ സാക്ഷരതാമിഷൻ രൂപീകരിക്കപ്പെട്ടിരിക്കുന്നത്. 15—35 പ്രായപരിധിയിലുള്ള 11 കോടി നിരക്ഷരർ ഈ നൂററാണ്ടിന്റെ അവസാനത്തിൽ ഇന്ത്യയിൽ ഉണ്ടായിരിക്കുമെന്നാണ് കണക്ക്. ഇവരിൽ മൂന്നു കോടി ആളുകളെ 1990—നകത്തും 5 കോടി ആളുകളെ 1995—നകത്തും സാക്ഷരരാക്കാമെന്നാണ് സാക്ഷരതാമിഷന്റെ ലക്ഷ്യം. ഇതിനുവേണ്ടി വിപുലമായ പരിപാടികൾ തയ്യാറാക്കുകയും സംസ്ഥാന സർക്കാരുകൾ വഴിയും സന്നദ്ധസംഘടനകൾ വഴിയും സാക്ഷരതാകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക എന്നതാണ് മിഷന്റെ പ്രവർത്തനരീതി. നവസാക്ഷരരുടെ കഴിവുകൾ നിലനിർത്തുന്നതിനും വളർത്തുന്നതിനും വേണ്ട ജനശിക്ഷണനിലയങ്ങളുടെ രൂപീകരണം സാക്ഷരതാമിഷന്റെ തനതു സംഭാവനയാകുന്നു.

നിരക്ഷരതയ്ക്കെതിരായ യുദ്ധത്തിൽ ആരെല്ലാം പങ്കെടുക്കണം?

നിരക്ഷരതാനിർമാജനത്തിന് പലവിധ പദ്ധതികൾ ഇന്നുണ്ട്. എന്നാൽ ഈ പരിപാടികൾക്കെല്ലാമുള്ള ഒരു പോരായ്മ വിദ്യാസമ്പന്നർക്കും നിരക്ഷരർക്കും ഒരുപോലെ ഇവയോടുള്ള താല്പര്യരാഹിത്യമാണ്. നിരക്ഷരതാനിർമാജനപ്രവർത്തനങ്ങളുടെ ഏശായ്മകളും പോരായ്മകളും പഠനവിധേയമാക്കിയ സ്ഥാപനങ്ങളും പ്രശ്നപരിഹാരത്തിനുള്ള ഏററവും വലിയ തടസ്സമായി കാണുന്നതും ഈ താല്പര്യരാഹിത്യമാണ്. ഇതിന് പ്രതിവിധി കാണാതെയുള്ള സാക്ഷരതാപ്രവർത്തനം വിജയിക്കാൻ പ്രയാസമാണ്.

ഇന്നു നടന്നുവരുന്ന സാധാരണ പരിപാടികളെക്കൊണ്ട് കേരളത്തിൽ സാക്ഷരത കൈവരിക്കാൻ പ്രയാസമാണ്. വേണ്ടത്ര അവശ്യബോധമോ താല്പര്യമോ ഉളവാക്കാൻ കഴിയാത്തതിനാൽ ഈവക ശ്രമങ്ങൾ അവയുടെ പിന്നിൽ എത്രമാത്രം താല്പര്യവും ആത്മാർഥതയും ഉണ്ടായിരുന്നാലും ഭാഗികമായി മാത്രമേ ഫലിക്കുന്നുള്ളു. സൻമനസ്സുള്ള ഏതാനും സ്ഥാപനങ്ങളോ വ്യക്തികളോ ഏതെങ്കിലും ചില പ്രദേശങ്ങളിൽ ഒററയ്ക്കു ശ്രമിച്ചതുകൊണ്ടു മാത്രം കേരളത്തിലെയോ ഇന്ത്യ

യിലേയൊ നിരക്ഷരത നീക്കാനാവില്ല. രാഷ്ട്രീയവും സാമൂഹ്യവുമായ ഇച്ഛാശക്തിയിൽ കുറഞ്ഞ ഒന്നിനും നിരക്ഷരത എന്ന പൊതുശത്രുവിനോടേററുമുട്ടി വിജയം വരിക്കാനാവില്ല. ഭരണരംഗത്തും സാമൂഹ്യപ്രസ്ഥാനങ്ങളിലും വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നവരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളിൽ നിന്നുണ്ടാകുന്ന ഒരു ബഹുജനപ്രസ്ഥാനത്തിനുമാത്രമേ നാടിനെ നിരക്ഷരതയിൽ നിന്നു മോചിപ്പിച്ച് സമ്പൂർണ സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയൂ. നിരക്ഷരത നാടിനൊരാപത്താണ് അത് പരിഹരിച്ചേ മതിയാകൂ എന്ന ബോധം സാമൂഹ്യപ്രസ്ഥാനങ്ങൾക്കും വിദ്യാസമ്പന്ന സമൂഹത്തിനുമുണ്ടായാലേ ഇത്തരം ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കാൻ കഴിയൂ. നമ്മുടേതുപോലുള്ള ഒരു സമൂഹത്തിൽ ജനങ്ങൾ അക്ഷരഹീനരായി ജീവിക്കുന്നത് നാണക്കേടാണെന്ന തോന്നൽ ബഹുജനങ്ങൾക്കുണ്ടാകണം. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാസമ്പന്ന സമൂഹത്തിൽനിന്നുണ്ടാകുന്ന സാമൂഹ്യസമ്മർദമായിരിക്കണം. അവർക്കിടയിൽ ജീവിക്കുന്ന നിരക്ഷരർക്ക് അക്ഷരം പഠിക്കാനുള്ള മുഖ്യപ്രേരകശക്തി. നിരക്ഷരതയ്ക്കെതിരായ യുദ്ധത്തിൽ സാമൂഹ്യ പങ്കാളിത്തം ഏതു രീതിയിലായിരിക്കണമെന്നതിനെക്കുറിച്ച് 1966-ൽ പ്രസിദ്ധീകരിച്ച കോത്താരിക്കമ്മീഷൻറിപ്പോർട്ട് പറയുന്നത് കേൾക്കുക:

"അസഹ്യമായ ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ ഞങ്ങൾക്ക് നിർദേശിക്കാനുള്ളത് നിരക്ഷരതയ്ക്കെതിരായ ഏകമുഖവും നിരന്തരവുമായ സമരമാണ്. രാജ്യത്തെ രാഷ്ട്രീയ നേതൃത്വവും സാമൂഹ്യ നേതൃത്വവും ആവേശപൂർവം സംഘടിപ്പിക്കുകയും പിന്തുണ നൽകേണ്ടതുമായ ഈ സമരം ദേശീയ ജീവിതത്തിൽ അതിനുള്ള പ്രാധാന്യത്താൽ പ്രചോദിതമായിരിക്കണം. കേന്ദ്രസംസ്ഥാന ഗവൺമെൻറുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുല്യ പ്രാധാന്യത്തോടെ അതിൽ പങ്കാളികളാകണം. മുഴുവൻ സന്നദ്ധ സംഘടനകളും സ്വകാര്യ സ്ഥാപനങ്ങളും അതിനോടൊപ്പമുണ്ടാകണം. സർവകലാശാല മുതൽ പ്രൈമറിസ്കൂൾതലംവരെയുള്ള മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതിൽ അണിനിരക്കണം.

വിദ്യാസമ്പന്നരായ മുഴുവൻ സ്ത്രീപുരുഷന്മാരും ഈ സമരത്തിന്റെ മുൻനിരയിലുണ്ടാകണം. ഇതിൽ കുറഞ്ഞ ഒരു സംരംഭത്തിന് ഈ മഹാപ്രസ്ഥാനത്തിനാവശ്യമായ ആക്കം നൽകാൻ കഴിയാതെവരും.''

[കോത്താരിക്കമ്മീഷൻ റിപ്പോർട്ട് 17:12]

എറണാകുളം ജില്ല സമ്പൂർണ സാക്ഷരതാ യജ്ഞം

മുകളിൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ വേണം എറണാകുളം ജില്ലാ സമ്പൂർണ സാക്ഷരതാ പദ്ധതിയെ വിലയിരുത്താൻ. ദേശീയ സാക്ഷരതാമിഷന്റെ ധനസഹായത്തോടെ എറണാകുളം ജില്ലയിൽ അഞ്ചുവയസ്സിനും അറുപതുവയസ്സിനുമിടയിൽ പ്രായപരിധിയുള്ള മുഴുവൻ നിരക്ഷരരേയും ഒരു വർഷത്തിനകം സാക്ഷരരാക്കാനുള്ള ഒരു തീവ്രയത്ന പരിപാടിയാണ് ഇത്. ഇവരുടെ സംഖ്യ ഒന്നര ലക്ഷത്തിലധികം വരും.

കുറെക്കാലമായി നമ്മുടെ നാട്ടിൽ നടന്നുവരുന്ന നിരക്ഷരതാ നിർമാർജന പരിപാടികളിൽ നിന്നു പലതുകൊണ്ടും വ്യത്യസ്തമാണ് ഈ പദ്ധതി. നടന്നു വന്നിരുന്ന സാക്ഷരതാ പ്രവർത്തനങ്ങളുടെ കുറവുകരം പരിഹരിച്ചുകൊണ്ട് ഒരേ സമയം സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സാമൂഹ്യ സാംസ്ക്കാരിക പ്രസ്ഥാനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തമാർജിച്ചുകൊണ്ട് നടപ്പിലാക്കിവരുന്ന ഒരു ജനകീയ പരിപാടിയാണ് എറണാകുളം ജില്ലാ സമ്പൂർണ സാക്ഷരതായജ്ഞം. സർക്കാരിന്റെയും സാമൂഹ്യ സാംസ്ക്കാരിക സംഘടനകളുടെയും ശ്രദ്ധയും താൽപര്യവും ആവശ്യപ്പെടുന്ന ഗൗരവപൂർണമായ ഒരു പ്രവർത്തനമായി നിരക്ഷരതാ നിർമാർജന പരിപാടി അംഗീകരിക്കപ്പെടുന്നത് ഒരു പക്ഷേ, ഇതാദ്യമായിട്ടായിരിക്കാം. അതുപോലെ തന്നെ ഇത്രയും ചുരുങ്ങിയ കാലംകൊണ്ട്, ഒരു ജില്ലയിലെ മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കാനുള്ള ഒരു സമഗ്ര പരിപാടി ആവിഷ്കരിച്ച് നടപ്പാക്കാൻ ആരംഭിക്കുന്നത് ഇതാദ്യത്തെ തവണ ആയിരിക്കും.

കാർഡിനൽ ന്യൂമാൻെറ "വെളിച്ചമേ നയിച്ചാലും" എന്ന മുദ്രാവാക്യമാണ് ഈ സാക്ഷരതായജ്ഞത്തിൻെറ പേരായി സ്വീകരിച്ചിട്ടുള്ളത്. റിപ്പബ്ലിക്ക്ദിനമായ ജനുവരി 26 ന് കേരളമുഖ്യമന്ത്രി ശ്രീ ഇ. കെ. നായനാർ ഉദ്ഘാടനം ചെയ്ത ഈ സമയബന്ധിത പരിപാടി ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. വെളിച്ചമേനയിച്ചാലും എന്ന മുദ്രാവാക്യത്തിൻെറ മൂർത്ത പ്രതീകമായ സാക്ഷരതാജ്യോതി കേന്ദ്രമന്ത്രി ശ്രീ എസ്. കൃഷ്ണകുമാർ ജനുവരി 23 ന് എറണാകുളം ഡർബാർഹാാം ഗ്രൗണ്ടിൽ പ്രകാശിപ്പിച്ചു. സമ്പൂർണ സാക്ഷരതായജ്ഞം പൂർത്തിയാകുന്നതുവരെ അത് അവിടെ ജ്വലിച്ചുകൊണ്ടിരിക്കും. 20ലക്ഷം ജനങ്ങളുള്ള എറണാകുളം,കേരളത്തിൽ ഏററവും കൂടുതൽ ജനസാന്ദ്രതയുള്ള രണ്ടാമത്തെ ജില്ലയാണ്. സാക്ഷരതയുടെ കാര്യത്തിലും ഈ ജില്ല രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. 1981 ലെ ജനസംഖ്യാകണക്കനുസരിച്ച് ജില്ലയിൽ 76.8 ശതമാനം സാക്ഷരരുണ്ട്. ഇതിനർഥം ഇവിടെയും നൂറിൽ ഇരുപത്തിമൂന്നുപേർ എഴുതാനും വായിക്കാനും അറിയാത്തവരുണ്ടെന്നാണ്. ഇത്രയേറെ സാക്ഷരതയും സാമൂഹ്യബോധവുമുള്ള ഒരു സ്ഥലത്ത് അവർക്കിടയിൽ കുറേപ്പേർ അക്ഷരശൂന്യരായി ജീവിക്കുകയെന്നത് നാണക്കേടാണ്. എറണാകുളം ജില്ലയിലെ നിരക്ഷരരിൽ 5–60 പ്രായപരിധിയിൽപ്പെട്ട മുഴുവൻ ആളുകളേയും ഒരു വർഷത്തിനകം സാക്ഷരരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സാക്ഷരതയെന്നാൽ, വെറുതെ എഴുതാനും വായിക്കാനും, പഠിപ്പിക്കുക എന്നുമാത്രമല്ല ഉദ്ദേശിക്കുന്നത്.എഴുത്തും വായനയ്ക്കുമപ്പുറം ജനങ്ങൾക്കിടയിൽ ജീവിതത്തെക്കുറിച്ച് ആരോഗ്യകരമായ ഒരവബോധം സൃഷ്ടിക്കാൻ കഴിയുന്ന പ്രവൃത്യുന്മുഖ സാക്ഷരതയാണ് നമ്മുടെ ലക്ഷ്യം. വികസനവുമായും രാഷ്ട്ര പുരോഗതിയുമായും ബന്ധപ്പെട്ട മററു ചില ലക്ഷ്യങ്ങൾകൂടി ഇതുവഴി കൈവരിക്കാൻ നമുക്കു കഴിയണം. പുതിയ ആശയങ്ങളും കാഴ്ചപ്പാടുകളും ജനങ്ങളിൽ വളർത്തിയെടുക്കുക വഴി മൊത്തം ഉൽപാദനത്തിൽ വർധനവുണ്ടാക്കുകയും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ സാധിക്കുകയും

ചെയ്യുക, സാമൂഹ്യ പുരോഗതിയിൽ ജനങ്ങളുടെ അകമഴിഞ്ഞ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നിവയാണ് ഈ ലക്ഷ്യങ്ങൾ.

സമ്പൂർണ സാക്ഷരതാ പദ്ധതിയുടെ പ്രത്യേകതകൾ

വേണ്ടത്ര സാമൂഹ്യ പിന്തുണ ലഭിക്കാത്തതുകൊണ്ടും നിരക്ഷരരിൽ ആവശ്യബോധം വളർത്തി അവരുടെ താൽപര്യമുണർത്താൻ കഴിയാത്തതുകൊണ്ടുമാണ് നിലവിലുള്ള പല വയോജന വിദ്യാഭ്യാസ പരിപാടികളും ഏശാതിരിക്കുന്നത്. സമൂഹത്തിൽ ശരാശരി മനുഷ്യനായി ജീവിക്കാൻ, ഭക്ഷണം പോലെ, വസ്ത്രംപോലെ ഒരവശ്യഘടകമാണ് അക്ഷരമെന്ന ബോധം നിരക്ഷരർക്കും, അത് നേടാൻ നിരക്ഷരരെ സഹായിക്കേണ്ട കടമ തങ്ങൾക്കുണ്ടെന്ന ബോധം ഭൂരിപക്ഷ വിഭാഗമായ സാക്ഷരർക്കും ഉണ്ടാകാതെ, ഒരു സാക്ഷരതാ പരിപാടിയും വിജയിക്കില്ല. സാക്ഷരതയ്ക്ക് വിദ്യാസമ്പന്നസമൂഹം നൽകുന്ന മാന്യതയും, അക്ഷരമാർജിക്കാൻവേണ്ടി, വിദ്യാസമ്പന്നവിഭാഗം നിരക്ഷരർക്കുമേൽ പ്രയോഗിക്കുന്ന സാമൂഹ്യസമ്മർദവുമാണ് ഏതൊരു സാക്ഷരതാ പരിപാടിയും വിജയിക്കാനാവശ്യമായ ഒന്നാമത്തെ ഗ്യാരണ്ടി. അപ്രകാരം ഒരു സാമൂഹ്യ സമ്മർദം സാക്ഷരർക്കിടയിലെ ബോധവൽക്കരണം വഴി വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം സാക്ഷരത തങ്ങളുടെ ജീവിതത്തേയും സമൂഹത്തിൽ തങ്ങൾക്കുള്ള സ്ഥാനത്തേയും മെച്ചപ്പെടുത്തുമെന്ന ബോധം നിരക്ഷരർക്കുമുണ്ടാവണം. നിരന്തരമായ ബോധവൽക്കരണശ്രമങ്ങൾ വഴി നിരക്ഷരരുടെ ആവശ്യബോധവും അവരിൽ സാക്ഷര വിഭാഗത്തിൻെറ സമ്മർദവും വളർത്തിയെടുക്കാനുള്ള സംഘടിത ശ്രമമാണ് ഈ പദ്ധതിയുടെ മുഖ്യ സവിശേഷത. നിരക്ഷരതാ നിർമാർജനത്തിൻെറ സാമൂഹ്യപ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് പഠിച്ചവനേയും പഠിക്കാത്തവനേയും ഒരുപോലെ ഈ പരിപാടിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു സമീപനരീതിയാണ് എറണാകുളം ജില്ല സമ്പൂർണ സാക്ഷരതാ പദ്ധതി അവലംബിച്ചിരിക്കുന്നത്. ജില്ലയിലുള്ള ഏതൊരു സംഘടനയ്ക്കും, പ്രസ്ഥാനത്തിനും ഈ പദ്ധതിയ്ക്കു

വേണ്ടി എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിയും. അതുണ്ടാവുകയും വേണം. കോത്താരിക്കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ സമൂഹത്തിന്റെ മുഴുവൻ ശ്രദ്ധയും, മുഴുവൻ ഇച്ഛാശക്തിയും കേന്ദ്രീകരിച്ചാൽ മാത്രം നേടാൻ കഴിയുന്ന ഒന്നാണ് സമ്പൂർണ്ണ സാക്ഷരത. എറണാകുളം ജില്ല സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയുടെ മുഖ്യ സവിശേഷതകൾ താഴെ കൊടുക്കുന്നു.

1 എല്ലാവർക്കും മാനസികമായ അവശ്യബോധം ജനിപ്പിക്കുന്നവിധം വിപുലമായ ബോധവൽക്കരണ, പ്രചാരണ പ്രവർത്തനങ്ങൾ.

2 ജില്ലയിലുള്ള മുഴുവൻ നിരക്ഷരരേയും കണ്ടെത്താൻ കഴിയുന്നവിധത്തിൽ സമഗ്രവും ശാസ്ത്രീയവുമായ സർവെ.

3 ഒരൊററ നിരക്ഷരനും ഒഴിഞ്ഞുമാറാനാകാത്തവിധത്തിൽ സംഘടനാപരമായ പൂർണ്ണത.

4 പഠിതാവിന് അവശ്യബോധവും താല്പര്യവും നിലനിർത്താൻ കഴിയുന്നവിധം ജീവിതഗന്ധിയും ചലനാത്മകവുമായ ഉള്ളടക്കവും പഠനരീതിയും.

5 കുടിവെള്ളപ്രശ്നം, പാർപ്പിടപ്രശ്നം, ദക്ഷതകൂടിയ അടുപ്പ്, രോഗപ്രതിരോധം തുടങ്ങിയ വികസന പ്രവർത്തനങ്ങളുമായി സാക്ഷരതാ പരിപാടിയെ ബന്ധപ്പെടുത്തൽ.

6 പരിപാടിയുടെ നടത്തിപ്പിൽ ഗവൺമെൻറ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾ എന്നിങ്ങനെ എല്ലാ വിഭാഗത്തിന്റെയും പങ്കാളിത്തം.

7 പദ്ധതിയുടെ വിലയിരുത്തലിനും ക്ലാസ്സുകളുടെയും പഠിതാക്കളുടെയും മൂല്യനിർണ്ണയത്തിനുംവേണ്ട ശാസ്ത്രീയമായ ഏർപ്പാടുകൾ.

പ്രവർത്തന പരിപാടി

എറണാകുളം ജില്ലയെ വരുന്ന ഒരു വർഷത്തിനകം സമ്പൂർണ്ണസാക്ഷരതയിലേക്ക് നയിക്കാൻ മുകളിൽപ്പറഞ്ഞ പ്രത്യേക

തകളുംകൊണ്ടുകൊണ്ട് എട്ടു വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

1 പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ
2 വിഭിന്നതലത്തിലുള്ള സംഘടനാ പ്രവർത്തനം
3 സമഗ്രമായ സർവെയും നിരക്ഷരരെ കണ്ടുപിടിക്കലും
4 പാഠ്യപുസ്തകങ്ങളും പഠനസഹായികളും തയ്യാറാക്കൽ.
5 ഇൻസ്ട്രക്ടർമാരെ കണ്ടെത്തലും പരിശീലിപ്പിക്കലും
6 ക്ലാസ്സുകൾ
7 മൂല്യനിർണയം
8 തുടർ പ്രവർത്തനം, ജനശിക്ഷണ നിലയങ്ങൾ

പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ

സാക്ഷരതാ പരിപാടിയുടെ വിജയത്തിൽ പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം എത്ര പറഞ്ഞാലും അധികമാവില്ല. വാസ്തവത്തിൽ ക്ലാസ്സുകളെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ്, അതിലേക്കു നയിക്കുന്ന പ്രചാരണ ബോധവൽക്കരണ പരിപാടികളും. ഇത്തരം പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം ദേശീയ സാക്ഷരതമിഷൻ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സാക്ഷരതാ പരിപാടിയുടെ വിജയത്തിനുള്ള മുന്നുപാധിയെന്ന നിലയിൽ, അന്യത്ര ചൂണ്ടിക്കാണിക്കപ്പെട്ട സാമൂഹ്യ സമ്മർദവും ആവശ്യബോധവും ജനിപ്പിക്കാൻ വ്യാപകമായ ബോധവൽക്കരണവും പ്രചാരണവും കൂടിയേ തീരൂ. ജനുവരി മുതൽ ഏപ്രിൽവരെ പ്രചാരണ പ്രവർത്തനങ്ങളും, മേയ് മുതൽ ഒക്ടോബർ വരെ ക്ലാസ്സുകളും എന്നിങ്ങനെ ഈ പരിപാടിയെ പൊതുവിൽ രണ്ടു ഘട്ടങ്ങളാക്കിത്തിരിക്കാം. കാര്യക്ഷമമായ പ്രചരണത്തിൽക്കൂടി മുഴുവൻ സമൂഹത്തേയും ചലിപ്പിക്കാൻ കഴിയണം. ലഭ്യമായ എല്ലാ മാധ്യമങ്ങളും രീതികളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രചാരണപ്രവർത്തനം ഈ പദ്ധതിക്കാലം മുഴുവൻ നിലനിർത്തണം.

ജില്ലാടിസ്ഥാനത്തിലുള്ള ഒരു സാക്ഷരതാ ജാഥയിൽക്കൂടിയായിരുന്നു, നാം ഈ പദ്ധതി ബഹുജനസമക്ഷം അവതരിപ്പിച്ചത്. ജനുവരി 21 മുതൽ 26 വരെ നീണ്ടുനിൽക്കുന്ന അഞ്ചു കാൽനടജാഥകൾ ജില്ലയുടെ അഞ്ചുകോണുകളിൽ നിന്നാരംഭിച്ചു. ജാഥകളോടൊപ്പം ഓരോ കലാസംഘങ്ങൾകൂടി ഉണ്ടായിരുന്നു. ഈ പരിപാടിക്ക് എല്ലാ വിഭാഗം ജനങ്ങളുടേയും ശ്രദ്ധയാകർഷിക്കാൻ കഴിഞ്ഞു. ജനുവരി 26 ന് എറണാകുളം ഡർബാർ ഗ്രൗണ്ടിൽ എത്തിച്ചേർന്ന കാൽനട ജാഥകളും സാക്ഷരതാ പദ്ധതിയുടെ ഔപചാരിക ഉൽഘാടന സമ്മേളനവും ജില്ലയ്ക്കു പുറമെയും ശ്രദ്ധിക്കപ്പെട്ട പരിപാടികളായിരുന്നു. പോസ്ററുകൾ, സിനിമാസ്ലൈഡുകൾ, പത്രവാർത്തകൾ, കലാജാഥകൾ, ചുമരെഴുത്തുകൾ, കാൽനടജാഥകൾ, സിനിമാ പ്രദർശനങ്ങൾ എന്നിങ്ങനെ വിവിധ രീതിയിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നു. കൂട്ടത്തിൽ പ്രത്യേകം എടുത്തുപറയേണ്ട ഒന്നാണ് സാക്ഷരതാ ചുമരുകൾ. ജില്ലയിൽ ആദ്യത്തെ സാക്ഷരതാ ചുമരിന്റെ ഉദ്ഘാടനം മാർച്ച് 17-ന് ജില്ലാ കളക്ടർ ശ്രീ കെ. ആർ. രാജൻ കടുങ്ങല്ലൂരിൽ നിർവഹിച്ചു. അവിടുത്തെ സഹകരണസംഘമാണ് ആകർഷകമായ ഈ ചുമർ നിർമിച്ചത്. ജില്ലയിൽ എല്ലാ പഞ്ചായത്ത് വാർഡുകളിലും കോർപ്പറേഷൻ ഡിവിഷനുകളിലും ഇതുപോലുള്ള സാക്ഷരതാച്ചുമരുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

അക്ഷരകലാജാഥ

ഇതുപോലെ സാക്ഷരതാ പദ്ധതിക്കുവേണ്ടിയുള്ള ബോധവല്ക്കരണപ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് അക്ഷരകലാജാഥ. എറണാകുളം ജില്ലയിലെ മുഴുവൻ പഞ്ചായത്ത് മുനിസിപ്പാലിററി വാർഡുകളിലും, കോർപ്പറേഷൻ ഡിവിഷനുകളിലും നിരക്ഷരർ കൂടുതലുള്ള പ്രദേശങ്ങളിൽ അവരുമായി ബന്ധപ്പെടുന്ന ഏററവും ഫലപ്രദമായ ബോധവല്ക്കരണ പരിപാടിയാണിത്. ജനങ്ങളുടെ നിരക്ഷരതയെന്ന സാമൂഹ്യനഷ്ടം, നിരക്ഷരർക്കനുഭവപ്പെടുന്ന അവഗണന, ചൂഷണം, സാക്ഷരനു കൈവരുന്ന വകതിരിവ് എന്നീ വസ്തുതകൾ കല

യുടെ മാധ്യമത്തിൽക്കൂടി അവതരിപ്പിക്കുകയാണ് അക്ഷ... ജാഥ ചെയ്യുന്നത്. ആളുകളുമായി നേരിട്ടു ബന്ധപ്പെട്ട് കാര്യം ബോധ്യപ്പെടുത്തലാണ് ഏററവും ഫലപ്രദമായ പ്രചാരണപരിപാടി. സാക്ഷരതാ സർവ്വേയ്ക്കുവേണ്ടി, ജില്ലയിലെ മുഴുവൻ വീടുകളും കയറിയിറങ്ങിയ പ്രവർത്തകർ ഇക്കാര്യത്തിൽ വലിയ പങ്കാണു നിർവഹിച്ചത്. പഠിതാക്കളുമായി നേരിട്ട് ബന്ധപ്പെട്ട് സാക്ഷരതായജ്ഞത്തിൻെറ പ്രാധാന്യം ബോധ്യപ്പെടുത്താനുള്ള അവസരങ്ങൾ, അക്ഷരകലാജാഥയിൽ കൂടിയും, കാൽനടജാഥകളിൽക്കൂടിയും, ക്ളാസുകളുടെ രൂപീകരണത്തിൽക്കൂടിയും തെളിഞ്ഞുവരുന്നത് ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

സാക്ഷരതാ പദ്ധതിക്കുവേണ്ടിയുള്ള നിരന്തരമായ പ്രചാരണപ്രവർത്തനങ്ങൾ ഏറെ ചിലവും, അധ്വാനവും ഉള്ള ഏർപ്പാടാണ്. ജില്ലാ സാക്ഷരതാസമിതിക്കുമാത്രം താങ്ങാനാവുന്ന ഒന്നല്ല ഇത്. സാക്ഷരതാ പ്രവർത്തനത്തിൽ താല്പര്യമുള്ള എല്ലാ പ്രസ്ഥാനങ്ങളുടെയും സഹായം ഇക്കാര്യത്തിലുണ്ടാവണം.

സമ്പൂർണ സാക്ഷരതയുടെ സംഘടന

എറണാകുളം ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ഒരു കമ്മിററിയാണ് ജില്ലയിലെ സാക്ഷരതാ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്. ജില്ലയിലെ എം. പി. മാർ, എം. എൽ. എ മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, വിദ്യാഭ്യാസ വിദഗ്ധൻമാർ, കേരള ശാസ്ത്രസാഹിത്യ പരിഷത്, കാൻഫെഡ് തുടങ്ങിയ സന്നദ്ധസംഘടനാ പ്രതിനിധികൾ, പ്രമുഖ ഉദ്യോഗസ്ഥൻമാർ എന്നിവർ ഈ കമ്മിററിയിൽ അംഗങ്ങളാണ്.

കഴിഞ്ഞ ഫെബ്രുവരി അവസാനത്തോടെ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും സാക്ഷരതാക്കമ്മററികൾ രൂപംകൊണ്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കൊപ്പം സാമൂഹ്യ സാംസ്കാ

രിക സംഘടനാപ്രവർത്തകർക്കും പ്രാതിനിധ്യമുള്ള കമ്മററികളാണ് ഇവ. മാർച്ച് 15-ാം തീയതിയ്ക്കകം എല്ലാ വാർഡുകളിലും ഡിവിഷനുകളിലും ബന്ധപ്പെട്ട മെമ്പർമാരും കൗൺസിലർമാരും ചെയർമാൻമാരായി വാർഡ്/ഡിവിഷൻ സാക്ഷരതാക്കമ്മററികളുണ്ടായി. ഈ കമ്മററികളും ഇവയുടെ നേതൃത്വത്തിലുള്ള വാർഡ്—ഡിവിഷൻ സാക്ഷരതാ ബ്രിഗേഡുകളും ആണ് യഥാർത്ഥത്തിൽ നിരക്ഷരതാ നിർമാർജനത്തിൽ നേരിട്ട് പങ്കാളികളാവുന്നത്. പഞ്ചായത്ത്—മുനിസിപ്പാലിററി സാക്ഷരതാക്കമ്മററികൾ ഇവയ്ക്കുവേണ്ട നേതൃത്വവും സഹായവും നല്കുന്നു.

ഇപ്രകാരം തികച്ചും ജനാധിപത്യപരമായ രീതിയിലാണ് സാക്ഷരതാ പരിപാടിക്കുവേണ്ട സംഘടനാരൂപം ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ സംഘടനയുടെ നേതൃത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡണ്ടുമാർക്കും ചെയർമാൻമാർക്കുമാണ്. സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട അസിസ്ററൻറ് പ്രൊജക്ട് ഓഫീസർമാരും കോ-ഓഡിനേററർമാരുമൊക്കെ ഈ ജനകീയ കമ്മററികൾക്ക് പ്രവർത്തിക്കുവാൻ വേണ്ട സഹായം നൽകുക മാത്രമാണ് ചെയ്യുന്നത്. ഈ. കമ്മററികളുമായി ബന്ധപ്പെട്ടുകൊണ്ടാണ് സാമൂഹ്യ സാംസ്ക്കാരിക സംഘടനകളും, സന്നദ്ധ സംഘടനകളും പ്രവർത്തിക്കുന്നത്. ഇതിനർത്ഥം എറണാകുളം ജില്ല സമ്പൂർണ സാക്ഷരതാപദ്ധതിക്ക് ക്രിയാത്മക നേതൃത്വം നല്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്നാണ്. ഇതൊരു നല്ലലക്ഷണമാണ്. ഭരണത്തിൻെറ ഏററവും അടിസ്ഥാന വിതാനത്തിലിരുന്ന് വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് വികസനത്തിൻെറ പ്രാഥമികാവശ്യമായ സാക്ഷരതാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകേണ്ടത്. നാട്ടിന്നാകെ മാതൃകയാക്കാവുന്ന ഈ ദൗത്യം അതർഹിക്കുന്ന പ്രാധാന്യത്തോടെ എറണാകുളം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാരഥികൾ ഏറെറടുക്കും എന്ന് ഉറപ്പുണ്ട്.

ആറുലക്ഷത്തോളം വീടുകളിൽ സർവെ

എറണാകുളം ജില്ലയിൽ ആറു ലക്ഷത്തോളം കുടുംബങ്ങളിലായി മുപ്പതുലക്ഷത്തിൽപ്പരം ആളുകൾ താമസിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇവരിൽ 5–60 പ്രായപരിധിയുള്ള നിരക്ഷരർ ഒന്നരലക്ഷത്തിലധികമുണ്ടെന്നായിരുന്നു മതിപ്പു കണക്ക്. നിരക്ഷരതാ നിർമാർജനത്തിന് മതിപ്പുകണക്കു പോരാ. ഓരോ നിരക്ഷരനും ആരാണെന്നും അയാൾ എവിടെ താമസിക്കുന്നുവെന്നും നേരിട്ടറിയണം. ജില്ലയിലാകെയുള്ള നിരക്ഷരരെ കണ്ടുപിടിക്കാൻ സാമ്പിൾ സർവ്വെ പോരാ. സമഗ്രമായ സർവെ തന്നെ വേണം. സാക്ഷരതാ ബ്രിഗേഡുകളുടെയും ജില്ലയിലെ സാമൂഹ്യ സാംസ്ക്കാരിക സംഘടനകളുടേയും സഹായത്തോടെ മാർച്ച് 18നു തന്നെ സർവെ പൂർത്തിയായി. ഇതിനുവേണ്ടി 50,000 പ്രവർത്തകരാണ് രംഗത്തിറങ്ങിയത്. സർവെയുടെ ഫലങ്ങൾ കാണിക്കുന്നത് എറണാകുളം ജില്ലയിൽ 5–60 പ്രായമുള്ള നിരക്ഷരരുടെ സംഖ്യ സെൻസസ് കണക്കിൽ കവിയുമെന്നാണ്. 6 ലക്ഷം കുടുംബങ്ങളിലെ സാക്ഷരതാ സർവെ ഒററ ദിവസം കൊണ്ടു നടത്താനുള്ള ശ്രമത്തിനു ലഭിച്ച ബഹുജനപങ്കാളിത്തവും സാമൂഹ്യപിന്തുണയും, സമ്പൂർണസാക്ഷരതായജ്ഞത്തിനു ലഭിച്ച ആദ്യത്തെ പച്ചക്കൊടിയാണ്.

ഏതെങ്കിലും ഒരു വീട്ടിലേയോ, പ്രദേശത്തേയോ നിരക്ഷരരുടെ എണ്ണം മാത്രമല്ല, അവരുടെ തൊഴിൽ, കുടുംബാംഗങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ, എന്നിങ്ങനെ പ്രയോജനമുള്ള പല വിവരങ്ങളും സർവെയിൽക്കൂടി കണ്ടെത്തിയിട്ടുണ്ട്. നിരക്ഷരരുടെ വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്ററർ തയ്യാറാക്കുകയും തികച്ചും പ്രാദേശികാടിസ്ഥാനത്തിൽ അവരെ ക്ളാസ്സുകളായിത്തിരിക്കുകയും വേണം. ഒരു ക്ളാസ്സിൽ കൂടിയാൽ പത്തുപേരേ പാടുള്ളൂ. ഏതെങ്കിലും ഒരു പ്രദേശത്ത് പത്തിൽ കുറവേ നിരക്ഷരർ ഉള്ളുവെങ്കിൽ, അവരെ വച്ച് ആ സ്ഥലത്ത് ഒരു ക്ളാസ് നടത്തണം. ക്ളാസ്സുകളായിത്തിരിക്കുന്നതിനിടയിൽ സാക്ഷരതാബ്രിഗേഡ് പ്രവർത്തകരുടെ നേതൃത്വത്തിൽ നിരക്ഷരരെ ക്ളാസ്സിൽ പങ്കെടുപ്പിക്കാൻ പ്രേരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

പാഠപുസ്തകങ്ങളും പഠനസഹായികളും

പ്രചാരണബോധവൽക്കരണ ശ്രമങ്ങളും സംഘടനാ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുമ്പോഴുംത്തന്നെ, നിരക്ഷരരെ പഠിപ്പിക്കാനാവശ്യമായ പാഠ്യപദ്ധതിയും, പുസ്തകങ്ങളും തയ്യാറാക്കാനുള്ള പരിശ്രമം സമാന്തരമായി നടക്കുന്നുണ്ടായിരുന്നു. മേയ് മാസം മുതൽ ഒക്ടോബർ വരെയുള്ള ഏതാനും മാസങ്ങൾക്കുള്ളിൽ ചുരുങ്ങിയത് 150 മണിക്കൂറാണ് അധ്യാപന സമയമായി കിട്ടേണ്ടത്. ഈ സമയപരിധിക്കുള്ളിൽ, നിരക്ഷരരുടെ മിനിമം ആവശ്യങ്ങൾ നേടാൻ പാകത്തിൽ എന്തെല്ലാം പഠിപ്പിക്കണം എന്നതിനെ ആശ്രയിച്ചാണല്ലോ പാഠ്യപദ്ധതിയും പുസ്തകങ്ങളും രൂപംകൊള്ളുക.

150 മണിക്കൂറിന്റെ പാഠ്യപദ്ധതിയിൽ ഒരു മുഖ്യഭാഗമാണ് നിരക്ഷരരെ എഴുതാനും വായിക്കാനും കണക്ക് കൂട്ടാനും പഠിപ്പിക്കൽ. ഇത്രയും ചുരുങ്ങിയ കാലത്തിനുള്ളിൽ വളരെ കുറച്ചല്ലേ പഠിപ്പിക്കാനാവൂ, അത് ആവശ്യത്തിന് തികയുമോ എന്ന് സംശയിക്കുന്നവരുമുണ്ട്. ഓരോ നിരക്ഷരനും ആർജിച്ചിരിക്കേണ്ട മിനിമം സാക്ഷരതാ നിലവാരത്തെക്കുറിച്ച് ദേശീയ സാക്ഷരതാമിഷന് ഒരു കാഴ്ചപ്പാടുണ്ട്. സ്വന്തം പരിചയപരിധിക്കകത്തുള്ള കാര്യങ്ങളെ സംബന്ധിക്കുന്ന ഒരു വിവരണമോ പ്രസ്താവനയോ, അക്ഷരസ്ഫുടതയോടെ, തെററുകൂടാതെ, ചുരുങ്ങിയത് മിനിററിൽ മുപ്പതു വാക്കുകളെന്ന തോതിൽ വായിക്കാനുള്ള കഴിവ്. റോഡു നിയമങ്ങൾ, പോസ്ററുകൾ, ബോർഡുകൾ, നവസാക്ഷരർക്കുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവ വായിച്ചു മനസ്സിലാക്കാനുള്ള കഴിവ്, മിനിററിൽ ഏഴ് വാക്കെന്ന തോതിൽ, ഒരു വിവരണം പകർത്തിയെഴുതുവാനുള്ള കഴിവ്—ഇതാണ് എഴുത്തും വായനയും സംബന്ധിച്ച് ഒരു നവസാക്ഷരനുണ്ടായിരിക്കേണ്ട കഴിവുകൾ. ഇത്രയും നേടിയ ഒരാൾക്ക്, അത്യാവശ്യം കാര്യം വായിച്ചറിയാനും, ഒരു അപേക്ഷാഫാറം സ്വന്തമായി പൂരിപ്പിക്കാനും സുഹൃത്തിന് ഒരു കാർഡ് എഴുതാനും, സ്വന്തം പേരെഴുതി ഒപ്പിടാനുമൊക്കെ കഴിയും. സംഖ്യാബോധത്തെ സംബന്ധിച്ചിടത്തോളം ഒന്നു മുതൽ നൂറുവരെ എഴുതാനും അയാൾ

ക്കറിവുണ്ടായിരിക്കണം. അതോടൊപ്പം ചുരുങ്ങിയത് മൂന്നക്കം വരെയുള്ള സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും രണ്ടക്കം വരെയുള്ള സംഖ്യകൾ തമ്മിൽ പെരുക്കാനും ഹരിക്കാനും അയാൾ മനസ്സിലാക്കിയിരിക്കണം. എഴുത്തും വായനയും കണക്കുകൂട്ടലും സംബന്ധിച്ച് ഇത്രയും കഴിവുകൾ 150 മണിക്കൂറിനുള്ളിൽ ആർജിക്കാൻ ശരാശരിക്കാരനായ ഒരു നിരക്ഷരനു കഴിയും.

എഴുത്തും വായനയും കണക്കുകൂട്ടലും പഠിപ്പിക്കുന്നതിനോടൊപ്പം ആരോഗ്യകരമായ ഒരു ജീവിതവീക്ഷണവും സമകാലീന സമൂഹത്തിൽ വകതിരിവോടെ ജീവിക്കാനാവശ്യമായ അറിവുകളും കഴിവുകളും നവസാക്ഷരന് നൽകുക എന്നത് നമ്മുടെ സാക്ഷരതാ പരിപാടിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമാകുന്നു. ഈ അറിവുകളുടെകൂട്ടത്തിൽ പ്രപഞ്ചത്തെക്കുറിച്ചും, നാം ജീവിക്കുന്ന ലോകത്തെക്കുറിച്ചും, നാം ജീവിക്കുന്ന സമൂഹത്തെക്കുറിച്ചും, സമൂഹത്തിൽ നമുക്കു അത്യാവശ്യം ബന്ധപ്പെടേണ്ട സ്ഥാപനങ്ങളെക്കുറിച്ചുമുള്ള വസ്തുതകളുണ്ടായിരിക്കണം. ചുരുങ്ങിയ കാലത്തെ പഠനം ശാസ്ത്രബോധവും, ആരോഗ്യകരമായ സാമൂഹ്യവീക്ഷണവും വളർത്തിയെടുക്കാൻ നിരക്ഷരരെ സഹായിക്കണം. സാമ്പത്തിക സാംസ്കാരിക രംഗങ്ങളിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാവാനുള്ള ബോധവും കഴിവും അവർ ആർജിച്ചിരിക്കണം. ഈ ലക്ഷ്യത്തോടുകൂടിയാണ് നിരക്ഷരർക്കുവേണ്ടിയുള്ള പാഠ്യപദ്ധതിയും പുസ്തകങ്ങളും തയ്യാറാക്കിയിരിക്കുന്നത്. പഠിതാക്കൾക്കുവേണ്ടിയുള്ള ഒരു പ്രൈമറും വർക്ക്ബുക്കും, ഇൻസ്ട്രക്ടർമാരുടെ ഉപയോഗത്തിനുള്ള ഒരു അധ്യാപനസഹായി എന്നിങ്ങനെ മൂന്നു പുസ്തകങ്ങളിലാണ് മുകളിൽ പറഞ്ഞലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാനുള്ള മാർഗരേഖകൾ ആവിഷ്ക്കരിച്ചിരിക്കുന്നത്.

ഇൻസ്ട്രക്ടർമാരെ കണ്ടെത്തലും പരിശീലനവും

സമ്പൂർണ സാക്ഷരതാ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ടതും പ്രയാസമേറിയതുമായ ഭാഗമാണ് നിരക്ഷരരെ പഠി

പ്പിക്കാനുള്ള അധ്യാപകരെ കണ്ടെത്തി പരിശീലിപ്പിച്ചെടുക്കൽ. സാക്ഷരതാ ക്ളാസ്സുകളുടെ ജീവൻ അധ്യാപകരാണ്. അധ്യാപകന്റെ ആത്മാർഥതയേയും, സന്നദ്ധതയേയും സാമൂഹ്യബോധത്തേയും ആശ്രയിച്ചാണ് സാക്ഷരതാ ക്ലാസിന്റെ നിലനിൽപ്. കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകനിൽ നിന്നും വിഭിന്നനാണ് മുതിർന്നവരെ പഠിപ്പിക്കുന്ന അധ്യാപകൻ. നിരക്ഷരരോടു സഹാനുഭൂതിയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവരിലൊരാളായി നിന്നുകൊണ്ട് അവരെ പഠിപ്പിക്കുവാൻ കഴിവുള്ളവനുമായിരിക്കണം സാക്ഷരതാ കേന്ദ്രത്തിലെ അധ്യാപകൻ. അയാൾ ഒരു സംഘാടകനും സാമൂഹ്യപ്രവർത്തകനുമായിരിക്കണം. പഴയ രീതിയിൽ ഏതെങ്കിലും ഒരു കേന്ദ്രം സ്ഥാപിച്ച് അവിടെ പഠിതാക്കളായി മുപ്പതു നിരക്ഷരർ എത്തിക്കൊള്ളണമെന്നനുശാസിക്കുന്നത് പ്രായോഗികമല്ല. ഏറിയാൽ ഒരു പ്രദേശത്തുള്ള 10 നിരക്ഷരന് ഒരധ്യാപകൻ എന്നതാണ് നമ്മുടെ കണക്ക്. ചില പ്രദേശത്ത് 10 നു പകരം അഞ്ചുനിരക്ഷരരേ ഉള്ളുവെങ്കിൽ, അവരെ പഠിപ്പിക്കാനും അധ്യാപകൻ സന്നദ്ധനായിരിക്കും. നിരക്ഷരർ ഇങ്ങോട്ടു വരികയില്ല, അവരുടെ സമയവും സൗകര്യവും കണക്കിലെടുത്ത് അധ്യാപകൻ അങ്ങോട്ടു ചെന്നു പഠിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലെ സമീപനരീതി. ജില്ലയിലെ നിരക്ഷരരുടെ കണക്കനുസരിച്ച് 5—60 പ്രായപരിധിയിലുള്ള മുഴുവൻ നിരക്ഷരരേയും പഠിപ്പിക്കുന്നതിന് 15000 ത്തിലധികം ഇൻസ്ട്രക്ടർമാരെ വേണം. തികച്ചും പ്രാദേശിക അടിസ്ഥാനത്തിൽത്തന്നെ അവരെ കണ്ടെത്തുകയും വേണ്ടിയിരിക്കുന്നു. കഴിവതും ഒരു വാർഡിലേയ്ക്കാവശ്യമുള്ള ഇൻസ്ട്രക്ടർമാരെ ആ വാർഡിൽനിന്നു തന്നെ കണ്ടെത്തണം. ചുരുങ്ങിയത് ഒരു പഞ്ചായത്തിലേക്കുള്ള ഇൻസ്ട്രക്ടർമാർ ആ പഞ്ചായത്തിൽ നിന്നുള്ളവരെങ്കിലും ആകാതെ തരമില്ല. R. F. L. P. യിലും മററും ചെയ്യുന്നതുപോലെ ഇൻസ്ട്രക്ടർമാർക്ക് പ്രതിഫലം നൽകാൻ നമുക്കാവില്ല. അതിനുള്ള പണമില്ല. ഇതൊരു സാമൂഹ്യബാധ്യതയാണെന്ന ബോധം കൊണ്ടു തന്നെ അവർ വരണം. സമ്പൂർണ്ണ സാക്സരതായജ്ഞത്തിൽ താൽപര്യമുള്ള സാമൂഹ്യ സാംസ്ക്കാരികസംഘട-

നകളും, സ്ഥാപനങ്ങളും മനസ്സുവച്ചാൽ മാത്രമേ നമുക്കാവശ്യമുള്ള ഇൻസ്ട്രക്ടർമാരെ ലഭിക്കൂ. എറണാകുളം ജില്ലയിലെ ഓരോ പ്രസ്ഥാനത്തിനും തങ്ങളുടേതായി കുറെ ഇൻസ്ട്രക്ടർമാരെ സമ്പൂർണ്ണ സാക്ഷരതപാപദ്ധതിക്കുവേണ്ടി നൽകാൻ കഴിയണം. കഴിവും സന്നദ്ധതയുമുള്ള ചെറുപ്പക്കാരെ ഇൻസ്ട്രക്ടർമാരായി അവരുടെ പഞ്ചായത്തിൽ പേര് രജിസ്ററർ ചെയ്യിക്കാൻ സന്നദ്ധ സംഘടനകളും സാമൂഹ്യ പ്രസ്ഥാനങ്ങളും മുൻകൈയെടുക്കണം.

ഇങ്ങനെ പഞ്ചായത്തുകളിൽ പേര് രജിസ്ററർ ചെയ്യപ്പെടുന്ന ഇൻസ്ട്രക്ടർമാരെ പരിശീലിപ്പിച്ചെടുക്കലാണ് അടുത്തഘട്ടം. 15000 ഇൻസ്ട്രക്ടർമാരെ ഏതെങ്കിലും ഒരു സ്ഥലത്തുവച്ച് ഒററയടിക്ക് പരിശീലിപ്പിച്ചെടുക്കുക എളുപ്പമല്ലല്ലോ. ബന്ധപ്പെട്ട പ്രൊജക്ട് ഏരിയായിൽ വെച്ചാണ് ആ പ്രദേശത്തെ ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നല്കുക. മൂന്നോ, നാലോ ഘട്ടങ്ങളിലായി 20 പ്രൊജക്ട് ഏരിയാകളിൽവെച്ച് ഇൻസ്ട്രക്ടർമാരുടെ പരിശീലനം നടക്കും. 1000 ത്തോളം മാസ്ററർ ട്രയിനിമാരാണ് ഇവർക്ക് പരിശീലനം നൽകുക. മാസ്ററർ ട്രയിനിമാർക്കുള്ള പരിശീലനം മാർച്ച് 27, 28, 29 തീയതികളിൽ എറണാകുളം റിന്യൂവെൽ സെൻററിൽ വച്ച് നടന്നു.

ക്ലാസ്സുകൾ

മേയ് ഒന്നിനാണ് ക്ലാസ്സുകൾ ആരംഭിക്കുക. ഇന്നത്തെനിലയിൽ ചുരുങ്ങിയത് 15000 ക്ലാസ്സുകളെങ്കിലും വേണ്ടിവരുമെന്നാണ് പ്രതീക്ഷ. പഠിതാക്കൾക്ക് ചുരുങ്ങിയ സമയം കൊണ്ട് സൗകര്യപൂർവം എത്തിച്ചേരാൻ കഴിയുന്നവിധത്തിലായിരിക്കണം ക്ലാസ്സുകളുടെ ക്രമീകരണം. ഓരോ പഞ്ചായത്തിലും മുൻസിപ്പാലിററിയിലുമുള്ള ക്ലാസ്സുകളുടെ നടത്തിപ്പിൻെറ മേൽനോട്ടം അവിടത്തെ സാക്ഷരതാ സമിതിക്കായിരിക്കും. വാർഡ് സാക്ഷരതാ സമിതിയാണ് ഇൻസ്ട്രക്ടർമാരേയും, പഠിതാക്കളേയും കൂട്ടിയോജിപ്പിച്ച് മുൻനിശ്ചയിച്ച കേന്ദ്രങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കാൻ മുൻകൈയെ

ടുക്കേണ്ടത്. ക്ലാസ്സുകൾക്കുവേണ്ട ഭൗതികസാഹചര്യങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ ഏർപ്പെടുത്തിക്കൊടുക്കേണ്ട ചുമതലയും വാർഡ് സാക്ഷരതാ കമ്മററി ഏറെറടുക്കണം. ക്ലാസ്സുകളിൽ പങ്കെടുക്കാൻ നിരക്ഷരർക്ക് പ്രോൽസാഹനം നൽകേണ്ടതും, തങ്ങളുടെ ചുമതല പരമാവധി ആത്മാർഥതയോടെ നിർവ്വഹിക്കാൻ ഇൻസ്ട്രക്ടർമാർക്ക് പ്രേരണ നൽകേണ്ടതും ഈ കമ്മററിയാണ്. വാർഡിലെ ഇൻസ്ട്രക്ടർമാരുടെയും വാർഡ് സാക്ഷരതാക്കമ്മററി അംഗങ്ങളുടേയും സംയുക്തയോഗം സാക്ഷരതാക്ലാസ്സുകളുടെ നടത്തിപ്പിനെക്കുറിച്ചും, പൊതുസ്ഥിതികളെക്കുറിച്ചും കൂടെക്കൂടെ യോഗം ചേർന്ന് ആലോചിക്കേണ്ടതാണ്. ക്ളാസ്സുകളുടെ സുഗമമായ നടത്തിപ്പിനുള്ള സാമൂഹ്യാന്തരീക്ഷവും അതു നടത്താനുള്ള ഭൗതികാന്തരീക്ഷവും ഒരുക്കിക്കൊടുക്കാൻ വാർഡ്സാക്ഷരതാക്കമ്മററിക്കുള്ള സന്നദ്ധത ആശ്രയിച്ചാണ് വാർഡിലെ സാക്ഷരതാക്ലാസ്സുകളുടെഭാവി. ക്ലാസ്സുകൾ ഇൻസ്ട്രക്ടർമാരുടെ മാത്രം ഏർപ്പാടാക്കി മാററരുത്. വാർഡിലെ മുഴുവൻ ജനങ്ങളും ശ്രദ്ധിക്കുന്ന ഒരു വലിയ കാര്യമാണ് അതെന്ന തോന്നൽ പഠിക്കാൻ വരുന്ന നിരക്ഷരർക്കും ഇൻസ്ട്രക്ടർമാർക്കും ഒരുപോലെ ഉണ്ടാക്കണം. പഠിതാക്കളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ചില പരിപാടികൾക്കും വാർഡ് സാക്ഷരതാക്കമ്മററി രൂപം നൽകണം. അതുപോലെ മിടുക്കൻമാരായ ഇൻസ്ട്രക്ടർമാരെ പ്രോത്സാഹിപ്പിക്കാനും മോശക്കാരായവരെ തിരുത്താനും, വാർഡ് സാക്ഷരതാക്കമ്മററി സന്നദ്ധമായിരിക്കണം. പഞ്ചായത്തിലെ—മുൻസിപ്പാലിററിയിലെ മുഴുവൻ നിരക്ഷരരും ക്ളാസ്സുകളിൽ പോകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള ശ്രമം ബന്ധപ്പെട്ട പഞ്ചായത്ത്—മുൻസിപ്പാലിററി, സാക്ഷരതാക്കമ്മററിക്കുണ്ടാവണം. ഇപ്രകാരം ഇൻസ്ട്രക്ടർമാരെയും, പഠിതാക്കളെയും കണ്ടുപിടിച്ച് ക്ലാസ്സുകൾ ആരംഭിക്കുന്നതിനോടൊപ്പം തന്നെ ഈ ക്ലാസ്സുകളുടെ മാന്യത നിലനിർത്താൻ പാകത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ പുറത്തു നടത്താനുള്ള പ്രവർത്തനങ്ങൾക്കും പഞ്ചായത്ത് — മുൻസിപ്പാലിററി സാക്ഷരതാക്കമ്മററികൾ നേതൃത്വം നൽകേണ്ടതാണ്.

വിലയിരുത്തലും ജനശിക്ഷണനിലയങ്ങളും

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതാപദ്ധതിക്ക് വിഭിന്നതലത്തിലുള്ള വിലയിരുത്തലുകൾ ആവശ്യമുണ്ട്. ഓരോ പഠിതാവും, ക്ളാസ്സും ഇൻസ്ട്രക്ടറും തുടർച്ചയായുള്ള വിലയിരുത്തലിന് വിധേയമാവണം. പഠിതാവിനെ നിരന്തരമായി വിലയിരുത്താനുള്ള ചുമതല ഇൻസ്ട്രക്ടർമാർക്കാണ്. ഇൻസ്ട്രക്ടറുടെ ഡയറിയിലും റിപ്പോർട്ടിലും ഓരോ പഠിതാക്കളെക്കുറിച്ചുള്ള വിലയിരുത്തലുണ്ടാവണം. വാർഡുകമ്മററികൾ കൂടെക്കൂടെ ക്ളാസ്സുകൾ സന്ദർശിച്ച് പഠിതാക്കളുമായി ബന്ധപ്പെടണം. വാർഡ്—പഞ്ചായത്ത്—മുൻസിപ്പാലിററി—കോർപ്പറേഷൻ കമ്മററികൾ ബന്ധപ്പെട്ട പ്രദേശത്തെ ഏററവും നല്ല പഠിതാവിനേയും, ഏററവും നല്ല ഇൻസ്ട്രക്ടറേയും കണ്ടുപിടിക്കണം.

പുതുതായി സാക്ഷരത കൈവരിച്ച ആളുകളെ ശ്രദ്ധിക്കാതെ വിടുകയാണെങ്കിൽ ഏറെ വൈകുന്നതിനു മുൻപു തന്നെ അവർ വീണ്ടും നിരക്ഷരതയിലേക്കു വഴുതിവീഴാൻ എല്ലാ സാധ്യതകളുമുണ്ട്. അതുകൊണ്ട് നവസാക്ഷരർക്ക് അവർ ആർജിച്ച കഴിവുകൾ നഷ്ടപ്പെടാതെ വളർത്തിക്കൊണ്ടു വരുന്നതിനുവേണ്ടി ഓരോ പഞ്ചായത്തിലും ഓരോ ജനശിക്ഷണ നിലയങ്ങൾ ആരംഭിക്കണമെന്നാണ് ദേശീയസാക്ഷരതാമിഷൻ നിശ്ചയിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിലെ ഓരോ പഞ്ചായത്തിലും, ഓരോ മുൻസിപ്പാലിററിയിലും ഓരോ ജനശിക്ഷണനിലയവും കൊച്ചിൻ കോർപ്പറേഷനിൽ 12 ജനശിക്ഷണ നിലയങ്ങളും സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. വലിയ ചില പഞ്ചായത്തുകളിൽ രണ്ടു ജനശിക്ഷണ നിലയങ്ങളുണ്ടാവും. ആകെ 120 ജനശിക്ഷണ നിലയങ്ങൾ. ജനശിക്ഷണനിലയങ്ങളുടെ ചുമതലയുള്ള പ്രേരക് ക്ലാസ്സ് നടക്കുന്ന സമയങ്ങളിൽ ബന്ധപ്പെട്ട പഞ്ചായത്തിലെ ക്ലാസ്സുകളുടെ മേൽനോട്ടം വഹിക്കുന്നു. ക്ലാസ്സുകൾ കഴിഞ്ഞ് നവസാക്ഷരരായി വരുന്ന പഠിതാക്കൾക്ക് വായനയിൽക്കൂടിയും പ്രയോജനകരമായ ചർച്ചകളിൽക്കൂടിയും മററു സാംസ്കാരിക പ്രവർത്തനങ്ങളിൽക്കൂടിയും പുതിയ കഴിവിൻെറ വ്യാപ്തി വർധിപ്പി

ക്കാൻ വേണ്ട നേതൃത്വം നൽകേണ്ടത് ജനശിക്ഷണ നിലയങ്ങളിലെ പ്രേരക് ആണ്.

എറണാകുളം ജില്ലയിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കാനുള്ള തീവ്രയത്ന പരിപാടി ഈ രംഗത്ത് ഒരു തുടക്കം മാത്രമാണ്. സംസ്ഥാനത്താകെ നടക്കേണ്ട നിരക്ഷരതാ നിർമാർജന പരിപാടിയുടെ മുന്നോടിയാണിത്. അതുകൊണ്ട് ഈ പദ്ധതി വിജയിച്ചേ പററൂ. ജനങ്ങളെ ആവശ്യബോധമുള്ളവരും ആവേശഭരിതരുമാക്കി മററി നിരക്ഷരതാ നിർമാർജനത്തിനുള്ള അന്തരീക്ഷം സൃഷ്ടിക്കാനുതകുന്ന വിപുലമായ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾ തീർച്ചയായും മററു ജില്ലകൾക്ക് മാതൃകയായിരിക്കും. ഈ പദ്ധതി വിജയം വരിച്ചാൽ, 1990 എന്ന ലോക സാക്ഷരതാ വർഷത്തിൽ, ഇന്ത്യയിലാദ്യമായി സമ്പൂർണ്ണസാക്ഷരത കൈവരിച്ച ജില്ല എന്ന ബഹുമതി എറണാകുളം ജില്ലയ്ക്ക് മാത്രമുള്ളതായിരിക്കും. 1991 ലെ സെൻസസിൽ ഈ ജില്ലയിൽ മാത്രമായിരിക്കും നൂറു ശതമാനം സാക്ഷരരുണ്ടാവുക.

സാക്ഷരതാ പ്രവർത്തനവും മുതിർന്നവരുടെ മനശ്ശാസ്ത്രവും

നാം ഇൻസ്ട്രക്ടർമാർ എന്നു വിളിക്കുന്ന സാക്ഷരതാ പ്രവർത്തകരിൽ നിന്നാണ് ആരംഭിക്കേണ്ടത്.

ഇൻസ്ട്രക്ടറാണ് സാക്ഷരതാക്ലാസിൻെറ ജീവൻ. സാക്ഷരതാ ക്ലാസിൻെറ നിലനിൽപ് ഇൻസ്ട്രക്ടറുടെ പെരുമാററത്തേയും സമീപനത്തേയും അർപ്പണമനോഭാവത്തെയും ആശ്രയിച്ചിരിക്കുന്നു. പ്രതിഫലത്തിനുവേണ്ടി പണിയെടുക്കുന്ന ഒരു ജീവനക്കാരൻെറ ജോലിയല്ല ഇൻസ്ട്രക്ടറുടേത്.

ആളുകളെ പഠിപ്പിക്കുന്നുണ്ടെങ്കിലും, അയാൾ ഒരധ്യാപകൻ മാത്രമല്ല. ഇൻസ്ട്രക്ടർക്ക് സാമ്പത്തികമായി കാര്യമായ നേട്ടമൊന്നും ഉണ്ടാകില്ല. അക്ഷരവിദ്യ നല്കി ഏതാനുംപേരുടെ കണ്ണു തെളിയിക്കുന്നതുകൊണ്ട് ലഭ്യമാകുന്ന സംതൃപ്തിയും കൃതകൃത്യതയും സാമ്പത്തിക നേട്ടത്തേക്കാൾ എത്രയോ വലുതാണെന്ന് കാണാൻ കഴിയുന്നവന് മാത്രമേ

ഒരു നല്ല ഇൻസ്ട്രക്ടറും സാക്ഷരതാ പ്രവർത്തകനുമാവാൻ കഴിയൂ. സാമൂഹ്യപുരോഗതിയുടെയും വികസനത്തിന്റെയും മുന്നുപാധിയാണ് സാക്ഷരതയെന്നും, ഏതാനും ആളുകളെ സാക്ഷരരാക്കാൻ പാടുപെടുന്ന താൻ മഹത്തായ ഒരു പ്രസ്ഥാന ത്തിന്റെ ഭാഗമാണെന്നും, പ്രസ്ഥാനത്തിന്റെ വിജയം തന്റെ സമീപനത്തെയും പ്രവർത്തനങ്ങളെയും ആശ്രയിച്ചിരിക്കുന്നു വെന്നും അറിയാനുള്ള സാമൂഹ്യബോധം ഇൻസ്ട്രക്ടർക്ക് ഉണ്ടായിരിക്കണം.

കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകരെപ്പോലെത്തന്നെ മുതിർന്നവർക്ക് അക്ഷരം നല്കുന്ന ഇൻസ്ട്രക്ടറും അധ്യാ പകനാണ്. എന്നാൽ, പലപ്പോഴും തന്നെക്കാറ വയസ്സുകൂ ടിയവരെ പഠിപ്പിക്കേണ്ടിവരുന്ന ഇൻസ്ട്രക്ടർക്ക് സ്കൂൾ അധ്യാപകനെപ്പോലെ പ്രായത്തിന്റെ ആനുകൂല്യം ലഭിക്കു ന്നില്ല. അധ്യാപകന് ലഭിക്കുന്ന ചട്ടങ്ങളുടേതായ പരിരക്ഷയും പഠനക്ലാസ്സുകളുടെ കാര്യത്തിൽ സാക്ഷരതാ പ്രവർത്തകന് ലഭ്യമല്ല. ക്ലാസിൽ കുട്ടികളെ അടക്കിനിർത്താൻ അധ്യാപകന് ചില നിയമാനുസൃതരീതികളും മാമൂലുകളുമൊക്കെയുണ്ട്. ഇതൊന്നും നമ്മുടെ സാക്ഷരതാ പ്രവർത്തകന് വിധിച്ചതല്ല. സ്വന്തം കഴിവുകൊണ്ടും അർപ്പണമനോഭാവം കൊണ്ടും വേണം പഠനകേന്ദ്രത്തിലേയ്ക്ക് മുതിർന്നവരെ ആകർഷിക്കാനും ഏതാനും മാസക്കാലത്തേക്ക് താല്പര്യം നഷ്ടപ്പെടാതെ അവരെ പിടിച്ചുനിർത്താനും. ഇത് സാധിക്കണമെങ്കിൽ, സാക്ഷരതാ പ്രവർത്തകൻ, അധ്യാപകനെന്നതിനുപുറമെ ക്ഷമയും അർപ്പണബോധവുമുള്ള ഒരു സാമൂഹ്യ പ്രവർത്തകൻ കൂടിയായിരിക്കണം.

ആവശ്യബോധമുണ്ടാക്കുക

സാക്ഷരതാപ്രവർത്തകനെ സംബന്ധിച്ചിടത്തോളം ആദ്യം നേരിടേണ്ടിവരുന്ന വെല്ലുവിളി, നിരക്ഷരരെ പഠിക്കാൻപ്രേരി പ്പിച്ച് ക്ലാസിലേയ്ക്കാകർഷിക്കുക എന്നതാണ്. വളരെ ബുദ്ധിമുട്ടി ചെറുപ്പത്തിലേ വളർത്തിയെടുക്കേണ്ട ഒന്നാണ് പഠനശീലം. അതാർജിക്കാത്തവരെ സംബന്ധിച്ചിടത്തോളം ഏതു ജാതി പഠനവും ഒരു മുഷിപ്പൻ പണിയാണ്. ജീവിത

പ്രയാസത്താലോ സ്വഭാവവൈകൃതത്താലോ പള്ളിക്കൂടത്തിൽ നിന്നും പഠനത്തിൽ നിന്നും അകററപ്പെട്ടവരെ സംബന്ധിച്ചിടത്തോളം അക്ഷരം പഠിക്കൽ അത്ര സുഖകരമായ ഒരനുഭവമായിരിക്കില്ല. തങ്ങൾക്ക് പരിചയമില്ലാത്ത ഒരു പുതിയ ഏർപ്പാടായതിനാൽ, നന്നെ ചെറിയ ഒരു പ്രകോപനം മതി, അവരെ പഠനകേന്ദ്രത്തിൽ നിന്നകററാൻ. അതുകൊണ്ടുതന്നെ ക്ലാസാരംഭിക്കുന്നതിനുമുമ്പും അതു നടന്നുകൊണ്ടിരിക്കുമ്പോഴും എഴുത്തും വായനയും പഠിക്കൽ, ജീവിതവിജയത്തിന്നൊഴിച്ചുകൂടാൻ വയ്യാത്ത ഒരു സംഗതിയാണെന്ന തോന്നൽ അവരിലുണ്ടാക്കണം. തങ്ങളുടെയും സമൂഹത്തിൻെറയും ഭാവിക്ക്, തങ്ങൾ നേടുന്ന അറിവും അക്ഷരവിദ്യയും ഏറെ പ്രയോജനം ചെയ്യുമെന്ന വിശ്വാസം നിരക്ഷരർക്കുണ്ടാക്കിക്കൊണ്ടുമാത്രമേ, അവരെ ക്ലാസിലേയ്ക്കാകർഷിക്കാൻ കഴിയൂ.

പഠനമെന്നാൽ, സർക്കാർ ജോലി കിട്ടാനുള്ള എളുപ്പവിദ്യയാണെന്നാണ് പലരുടെയും തോന്നൽ. വിദ്യാസമ്പന്നരായ പലരും, പണിയില്ലാതെ അലയുമ്പോൾ, താനീ വയസ്സുകാലത്ത് പഠിക്കുന്നതെന്തിനാണെന്ന് ചോദിക്കുന്ന നിരക്ഷരരുണ്ട്. അക്ഷരം പഠിക്കുന്നത്, ഏതെങ്കിലും സർക്കാർ ജോലിക്കുവേണ്ടിയല്ലെന്നും ഈ സമൂഹത്തിൽ, മററുള്ളവരെപ്പോലെ മനുഷ്യനായി ജീവിക്കാനുള്ള കഴിവാർജിക്കാൻ വേണ്ടിയാണെന്നും നിരക്ഷരരെ ബോധ്യപ്പെടുത്തണം. വിദേശത്തുള്ള ഭർത്താവിൻെറ എഴുത്തു വായിക്കാൻ, അയൽപക്കക്കാരെ ആശ്രയിക്കേണ്ടിവരുന്ന ഭാര്യയുടെയും, ബോർഡുവായിക്കാനറിയാതെ ബസ്സ് തെററിക്കയറി കഷ്ടത്തിലാവുന്ന യാത്രക്കാരൻെറയും കരാർ വായിച്ചുനോക്കാതെ വിരലടയാളം പതിപ്പിച്ച് വഞ്ചിതനാകേണ്ടിവരുന്ന നിരക്ഷരൻെറയും ഗതികേടുകൾ അവരെ പറഞ്ഞു മനസ്സിലാക്കണം.

പ്രശ്നങ്ങളിൽ നിന്നാരംഭിക്കണം

അക്ഷരവിദ്യയുടെയും അറിവിൻെറയും മാഹാത്മ്യം വിവരിച്ചതുകൊണ്ടുമാത്രം നിരക്ഷരരെ ക്ലാസിൽ പിടിച്ചുനിർത്താൻ കഴിഞ്ഞെന്നുവരില്ല. ഓരോരുത്തനും ഏററവും താൽപര്യമുള്ളത് സ്വന്തം ജീവിതത്തോടാണ്. ഇഴപിരിഞ്ഞു കിടക്കുന്ന

അനേകം പ്രശ്നങ്ങളടങ്ങിയതാണ്, നിങ്ങളുടെ ക്ളാസിൽ വരുന്ന ഓരോ നിരക്ഷരൻെറയും ജീവിതം. അധ്യാപകൻെറ ക്ളാസിലെത്തുന്ന കുട്ടിയുടേതുമാതിരി ലളിതമോ, എളുപ്പം പരിഹാരം കാണാൻ കഴിയുന്നതോ ആയിരിക്കില്ല ഈ പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങളിൽ മുങ്ങി ജീവിക്കുന്നവരാണവർ. പലർക്കും ശാരീരികമായ അവശതകളും കാണും. അക്ഷരമെഴുതാൻ അറിയില്ലെങ്കിലും നിങ്ങളെപ്പോലെ, ഒരു പക്ഷേ നിങ്ങളേക്കാളേറെ ജീവിതപരിചയമുള്ള ആളുകൾ, നിരക്ഷരരായ പഠിതാക്കൾക്കിടയിലുണ്ടാവും. ആ പരിഗണനയോടെ വേണം അവരോടു പെരുമാറാൻ.

അധ്യാപകൻ കുട്ടികളോടു പെരുമാറുന്ന രീതിയിലല്ല അവരോടു പെരുമാറേണ്ടത്. ഗുരുശിഷ്യബന്ധമല്ല, സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധമാണ് സാക്ഷരതാ പ്രവർത്തകനും പഠിതാക്കളും തമ്മിലുണ്ടാകേണ്ടത്. നിങ്ങൾക്ക് ചില കാര്യങ്ങൾ അറിയാം. എനിക്കും ചില കാര്യങ്ങൾ അറിയാം. അറിയാവുന്ന സംഗതികൾ നമുക്ക് പരസ്പരം കൈമാറാം എന്ന നിലയിലായിരിക്കണം ഇൻസ്ട്രക്ടർ, മുതിർന്നവരായ പഠിതാക്കളുടെ മുന്നിൽ കാര്യങ്ങൾ അവതരിപ്പിക്കേണ്ടത്.

ആരംഭത്തിൽ തന്നെ അക്ഷരം പഠിപ്പിക്കാനല്ല, ഇൻസ്ട്രക്ടർ മുതിരേണ്ടത്. പഠിതാക്കളുമായി അവരുടെ വീട്ടിൽ വെച്ചും, പഠനകേന്ദ്രത്തിൽവെച്ചും വ്യക്തിപരമായി പരിചയപ്പെടണം, അവരിലൊരാളായി സ്വയം മാറി, ഓരോ വ്യക്തിയുടേയും പ്രശ്നങ്ങൾ കേൾക്കാൻ തയ്യാറാവണം. ഒരു ബാധ്യത എന്ന നിലയ്ക്കല്ല തികച്ചും മാനുഷികമായ സഹതാപത്തോടു കൂടിത്തന്നെ. കേവലം ഔപചാരികമായ ഒരു പരിചയപ്പെടൽ എന്ന നിലയ്ക്കല്ല ഇതു ചെയ്യേണ്ടത്. സാക്ഷരതാ ക്ലാസിൽ തരുന്നതിന്നെതിരായി, ഓരോ നിരക്ഷരനും ഇൻസ്ട്രക്ടരുടെ മുന്നിൽ അഴിച്ചു നിരത്തുന്നത അയാളുടെ പ്രശ്നങ്ങളുടെ ഭാണ്ഡമായിരിക്കും. ഈ പ്രശ്നങ്ങൾക്കുത്തരം പറയാതെ ഇൻസ്ട്രക്ടർക്ക് അയാളെ സാക്ഷരതാക്ളാസിലെത്തിക്കാനാവില്ല. ക്ളാസിലെത്തിയാലും ഇതുതന്നെ തക്കമെന്നു കരുതി ഉടൻ എഴുത്തും വായനയും പഠിപ്പിക്കാൻ തുനിഞ്ഞുകൂടാ. പകരം, പൊതുതാല്പമുള്ള ഏതെങ്കിലും വിഷയത്തെക്കു

ിച്ച് പഠിതാക്കളുമായി സംഭാഷണത്തിലേർപ്പെടുക. സംഭാഷണം മതി. പ്രസംഗം വേണ്ട. പൊതുതാല്പര്യമുള്ള പ്രശ്നങ്ങളെന്നുപറഞ്ഞാൽ, സാർവദേശീയ പ്രശ്നങ്ങളൊന്നുമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. നിരക്ഷരരുടെ പ്രദേശത്തനുഭവപ്പെടുന്നതും അവരുടെ ജീവിതവുമായി നേരിട്ടു ബന്ധമുള്ളതുമായ വിഷയങ്ങൾ—അത് ഭക്ഷണ പ്രശ്നമാവാം, ആരോഗ്യപ്രശ്നമാവാം, കുടിവെള്ള പ്രശ്നമാവാം, കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നമാവാം. ഞങ്ങൾ ഈയിടെ സന്ദർശിച്ച ഒരു ആദിവാസികേന്ദ്രത്തിൽ വയറിളക്കം വന്ന്, കഴിഞ്ഞ ദിവസം ഒരാൾ മരിച്ചു. വയറിളക്കം ബാധിച്ച ഉടൻ തന്നെ രോഗിയെ ആസ്പത്രിയിലെത്തിച്ചിരുന്നെങ്കിൽ അയാൾ മരണമടയില്ലായിരുന്നു. പക്ഷെ എന്തു ചെയ്യാൻ, കാട്ടിൽ കൂടി എട്ടു കിലോമീററർ ദൂരം രോഗിയെ ചുമന്നുകൊണ്ടു പോയാലേ വൈദ്യസഹായം കിട്ടുകയുള്ളു. പ്രായോഗികമായ ഈ ബുദ്ധിമുട്ടാലോചിച്ചാവണം, ഏതുരോഗം ബാധിച്ചാലും ഒരു ദിവസം കഴിഞ്ഞുമാത്രമേ, ആദിവാസികൾ രോഗിയെ ആസ്പത്രിയിൽ കൊണ്ടുപോകണമോ വേണ്ടയോ എന്നാലോചിക്കാറുള്ളു. മാറാവുന്ന രോഗമാണെങ്കിൽ, ഇതിനിടയിൽ മാറിക്കിട്ടും എന്നാണവരുടെ വിശ്വാസം. രോഗം വന്നാൽ ചികിൽസ നടത്തേണ്ടതില്ലെന്ന അഭിപ്രായം അവർക്കില്ല. പക്ഷെ ചികിൽസിക്കാൻ, ഡോക്ടർമാരും മരുന്നുമൊക്കെ വേണ്ടേ. ഇതൊന്നും ലഭിക്കാൻ അവർക്ക് വഴിയില്ല. ഇക്കൂട്ടരോട് ആരോഗ്യത്തെക്കുറിച്ചും വൈദ്യസഹായത്തെക്കുറിച്ചും പറയുന്നത് അനൗചിത്യമാവില്ല. ദിവസത്തിൽ രണ്ടുനേരത്തെ ആഹാരം ലഭിക്കാൻ വഴിയില്ലാത്തവരോട് പട്ടിണിയെക്കുറിച്ചാവും നാം സംസാരിക്കുക.

പഠിതാക്കളായിവരുന്ന നിരക്ഷരരുടെ എല്ലാ പ്രശ്നങ്ങൾക്കും 'ഉടൻ പരിഹാരം കാണും' എന്ന സമീപനമൊന്നും ഇൻസ്ട്രക്ടറിൽ നിന്നുണ്ടാവരുത്. അവരുടെ പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണാൻ, ആരു വിചാരിച്ചാലും അത്ര എളുപ്പവുമല്ല. പക്ഷെ, സഹാനുഭൂതിയോടെ അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും അവയുടെ പ്രായോഗികവശങ്ങൾ വിശകലനം ചെയ്ത് കൂട്ടായി ഒരുത്തരത്തിലെത്തിച്ചേരാൻ അവരെ

സഹായിക്കുകയും ചെയ്യുക; ഇതാണ് ഇൻസ്ട്രക്ടർ ആദ്യ ചെയ്യേണ്ടത്.

അവരെ അംഗീകരിക്കുക

ജോൺ ഡ്യൂയിയെപ്പോലെയുള്ള വിദ്യാഭ്യാസ ചിന്തകരുടെ അഭിപ്രായത്തിൽ, അധ്യാപകനോ, പുസ്തകങ്ങളോ, പഠനവിഷയങ്ങളോ അല്ല, വിദ്യാർഥിയാണ് വിദ്യാഭ്യാസത്തിന്റെ കേന്ദ്രബിന്ദു. അധ്യാപകന് തോന്നുന്നതെന്തും കുത്തിനിറയ്ക്കാനുള്ള കീറച്ചാക്കല്ല വിദ്യാർഥി. സാക്ഷരതാ പ്രവർത്തകൻ ഈ തത്വം പലവട്ടം ഓർക്കണം. എന്തെല്ലാം ചട്ടങ്ങളും നിയമങ്ങളും അനുസാരിണികളുമുണ്ടെങ്കിലും പഠിതാവായിരിക്കണം സാക്ഷരതാക്ലാസിലെ കേന്ദ്രബിന്ദു. അതുകൊണ്ടുതന്നെ, പഠിതാക്കളുടെ വ്യക്തിത്വം മാനിക്കാതെ സ്വന്തം അഭിപ്രായങ്ങളെല്ലാം അവരിൽ അടിച്ചുകയററാൻ ബുദ്ധിമാനായ സാക്ഷരതാപ്രവർത്തകൻ ഒരിക്കലും ശ്രമിക്കില്ല. അധ്യാപകൻ പ്രസംഗിക്കുകയും പഠിതാക്കൾ കേട്ടിരിക്കുകയും ചെയ്യുന്ന പ്രസംഗരീതി ക്ലാസിൽ പ്രയോഗിക്കുവാൻ അയാൾ ആഗ്രഹിക്കുകയുമില്ല. പഠിതാക്കളുടെ അനുഭവങ്ങളെ ആസ്പദമാക്കിയുള്ള സംഭാഷണങ്ങൾ വഴിയായിരിക്കും അയാൾ ചർച്ചക്കുള്ള വിഷയങ്ങൾ അവതരിപ്പിക്കേണ്ടത്. താൽപര്യമുള്ള ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ചർച്ച ആരംഭിച്ചാൽ അതിൽ താല്പര്യപൂർവം പങ്കെടുക്കാനും, അത് തുടർന്നുകൊണ്ടുപോകാനുമുള്ള പരിചയവും തന്റേടവും പഠിതാക്കളിൽ വളർത്തിയെടുക്കാൻ ഇൻസ്ട്രക്ടർ പ്രത്യേകം ശ്രദ്ധിക്കണം. അജ്ഞതയിലും അവഗണനയിലും മുഴുകിക്കഴിയുന്ന അക്ഷരഹീനർക്ക് തങ്ങൾ മോശക്കാരല്ലെന്നും സ്വയം വാക്കുകളുണ്ടാക്കാനുള്ള കഴിവ് തങ്ങൾക്കുമുണ്ടെന്നുമുള്ള മനോഭാവം വളർത്താൻ ഈ പങ്കാളിത്തബോധം ഏറെ സഹായിക്കും.

നിരക്ഷരരെ സംബന്ധിച്ചിടത്തോളം ഇല്ലാത്തത് അക്ഷരം മാത്രമല്ല. അക്ഷരത്തോടൊപ്പം അംഗീകാരവും അവർക്കന്യമാണ്. തങ്ങൾക്കും സ്വന്തം വാക്കുകളുണ്ടെന്നും, തങ്ങൾ അംഗീകരിക്കപ്പെടുന്നുണ്ടെന്നും അവർക്ക് ബോധ്യമായാൽ, നിരക്ഷരർ പെട്ടെന്ന് കാര്യങ്ങൾ ഗ്രഹിച്ചുകൊള്ളും. അക്ഷരം അംഗീകാ

രത്തിനുള്ള ഒരു മാർഗമാണെന്നുകണ്ടാൽ ഉൽസാഹത്തോടെ അവർ എഴുതാനും വായിക്കാനും പഠിച്ചുകൊള്ളും. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമികാവശ്യങ്ങളോടൊപ്പം സാധിച്ചുകിട്ടേണ്ട ചില മാനസികാവശ്യങ്ങളും മനുഷ്യനുണ്ട്. അക്കൂട്ടത്തിൽ പ്രാധനപ്പെട്ട ഒന്നാണ് അംഗീകാരബോധം. സ്വന്തം ആളുകളാൽ അംഗീകരിക്കപ്പെടുക, സ്വന്തം സമൂഹത്താൽ അംഗീകരിക്കപ്പെടുക എന്നത് എത്ര വലിയവനും ചെറിയവനും ഒരുപോലെ ആഗ്രഹിക്കുന്ന ഒരു സംഗതിയാണ്. നമ്മുടെ നാട്ടിലെ ഭൂരിപക്ഷം നിരക്ഷരരും ജനിച്ചനാഠം തൊട്ടേ സാമൂഹ്യാംഗീകാരം ലഭിക്കാത്തവരാണ്. അതുകൊണ്ടു തന്നെ, അധ്യാപകരിൽനിന്നും, ചുററുമുള്ള സമൂഹത്തിൽ നിന്നും ലഭിക്കുന്ന അംഗീകാരം അവരുടെ പഠനത്തിനും പുരോഗതിക്കും പ്രാണവായുവാകുന്നു. പഠനത്തിൻെറ പേരിലായാലും മററെന്തിൻെറ പേരിലായാലും പഠിതാക്കളുടെ ആത്മാഭിമാനം വ്രണപ്പെടുത്തുന്ന യാതൊന്നും അധ്യാപകരിൽനിന്നുണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

അഭിരുചിയുറച്ചുപോയ മുതിർന്നവർക്ക് കൊച്ചുകുട്ടികളെപ്പോലെ അനുകരണത്തിൽക്കൂടി പെട്ടെന്ന് കാര്യങ്ങഠം ഗ്രഹിക്കാനോ പഠിച്ചുറപ്പിക്കാനോ കഴിഞ്ഞെന്നുവരില്ല. പറഞ്ഞുകൊടുത്ത കാര്യങ്ങഠം അവർ പെട്ടെന്ന് മറന്നുപോയെന്നുംവരാം. ഇതെല്ലാം കണ്ട് ശുണ്ഠിയെടുത്ത് അധ്യാപകൻ അവരെ ആക്ഷേപിക്കാനോ പരിഹസിക്കാനോ മുതിർന്നാൽ, അതോടെ തീർന്നു ക്ളാസിൻെറ കഥ. പഠിതാക്കളിൽ ചിലർ പെട്ടെന്ന് കാര്യങ്ങഠം മനസ്സിലാക്കും. മററു ചിലർക്ക് എത്ര പറഞ്ഞാലും കേറില്ല. സ്കൂളുകളിൽ ചെയ്യുന്നതുപോലെ പഠിച്ചവനേയും പഠിക്കാത്തവനേയും താരതമ്യപ്പെടുത്തുന്ന പരിപാടി സാക്ഷരതാകേന്ദ്രത്തിൽ പാടില്ല.

ഒരിക്കലും ഒരു പഠിതാവിനെ മററൊരാളുമായി താരതമ്യപ്പെടുത്തരുത്. അങ്ങനെയൊന്ന് ആവശ്യമാണെങ്കിൽ, അയാളുടെ മുൻകാല പ്രവർത്തനവുമായി മാത്രമേ താരതമ്യം പാടുള്ളു. "ഇന്നലെ നിങ്ങഠം നന്നായി എഴുതിയിരുന്നല്ലൊ, ഇന്നെന്തു പററി" എന്നൊക്കെ വേണമെങ്കിൽ ചോദിക്കാം. അല്ലാതെ,

''ഇതുകണ്ടോ ഇദ്ദേഹം സുന്ദരമായി വായിക്കുന്നു നിങ്ങളെന്തൊരു മണ്ടൂസാണ്.'' എന്ന മട്ടിൽ ഒരിക്കലും നിരക്ഷരരോടു പെരുമാററരുത്.

അംഗീകാരബോധത്തെപ്പോലെത്തന്നെ പഠിതാക്കൾക്കുണ്ടാക്കിക്കൊടുക്കേണ്ട മററൊന്നാണ് വിജയബോധം. തനിക്കൊരിക്കലും പഠിക്കാൻ കഴിയില്ലെന്ന ഉറച്ചബോധത്തോടെയാണ്, സാമൂഹ്യസമ്മർദത്തിനു വഴങ്ങി പല പഠിതാക്കളും ക്ലാസിൽ വരിക. കാര്യങ്ങൾ ഇഴഞ്ഞു നീങ്ങുകയും, ദിവസങ്ങൾ കടന്നു പോയിട്ടും തങ്ങൾക്കൊന്നും നേടാനായില്ലെന്ന തോന്നൽ അവർക്കുണ്ടാവുകയും ചെയ്താൽ, ആരംഭത്തിലേ അവർക്കുണ്ടായിരുന്ന ധാരണ അരക്കിട്ടുറപ്പിക്കപ്പെടും. പിന്നീട് ഒന്നിനും അവരെ കിട്ടില്ല. നിരക്ഷരരെ സംബന്ധിച്ചിടത്തോളം ഓരോ ക്ലാസിലും തങ്ങൾ പുതുതായിച്ചിലത് നേടിക്കൊണ്ടിരിക്കയാണെന്നും വിജയിച്ചുകൊണ്ടിരിക്കയാണെന്നുമുള്ള തോന്നലുണ്ടാക്കാവുന്ന വിധത്തിൽ ഫലപ്രദമായിരിക്കണം അധ്യാപകൻെറ ക്ലാസ്. ഇതുവരെ വിരലടയാളം വെച്ചുമാത്രം പരിചയമുള്ള നിരക്ഷരന് സ്വന്തം പേരെഴുതി ഒപ്പിടാൻ വശമായാൽ അയാൾക്കുണ്ടാവുന്ന വിജയബോധം ചെറുതായിരിക്കില്ല. നിത്യേന നടത്തുന്ന ചർച്ചകളിൽ കൂടി, നിരക്ഷരർക്കുണ്ടായിരുന്ന അനുഭവങ്ങളെ അധ്യാപകൻ അറിവാക്കി മാററുമ്പോഴും, അവർക്കെന്തെങ്കിലും നേടിയ തോന്നലുണ്ടാകും. പുതുതായെന്തെങ്കിലും നേടി എന്ന തോന്നലോടെയായിരിക്കണം, പഠിതാക്കൾ ഓരോ ക്ലാസിൽ നിന്നും തിരിച്ചുപോകേണ്ടത്. നിരക്ഷരരുടെ ക്ലാസല്ലേ, അവിടെ എന്തുംപറയാം എന്ന തോന്നലോടെ, അധ്യാപകൻ ക്ലാസിൽപോയാൽ, പഠിതാക്കളിൽ, വിജയബോധത്തിനും നേട്ടബോധത്തിനും പകരം നഷ്ടബോധവും പരാജയബോധവുമാണുണ്ടാവുക.

ഇന്നത്തെ ക്ലാസിൽ താൻ എന്താണു പഠിപ്പിക്കേണ്ടതെന്ന വ്യക്തമായ ധാരണയോടും അതിനാവശ്യമായ തയ്യാറെടുപ്പോടും കൂടിവേണം ഇൻസ്ട്രക്ടർ ക്ലാസിൽ പോകേണ്ടത്. കുട്ടികളെ അപേക്ഷിച്ച്, വിപുലമായ അനുഭവസമ്പത്തും, കാര്യങ്ങൾ വിലയിരുത്താനുള്ള കഴിവും പ്രായപൂർത്തിയായ പഠിതാ

ക്കാംക്കുണ്ടെന്നറിയാമല്ലൊ. അവരുടെ പ്രാപ്തിക്കനുസരിച്ച് കാര്യങ്ങളെ ഉയർന്ന വിതാനത്തിൽ സമീപിക്കാൻ ഇൻസ്ട്രക്ടർക്കും കഴിയണം. സാക്ഷരതാക്ലാസിൽച്ചേർന്ന് സ്വന്തം അറിവും കഴിവും വർധിപ്പിക്കാൻ സാധിക്കുന്നുണ്ടെന്നും, തന്റെ ജീവിത വിജയത്തിന്നിതു സഹായിക്കുമെന്നുമുള്ള തോന്നൽ പഠിതാവിനുണ്ടാക്കിയാൽ, അയാാം ക്ലാസുപേക്ഷിച്ചു പോകുന്ന പ്രശ്നമേയില്ല.

അറിയുന്നതിൽ നിന്ന് അറിയാത്തതിലേയ്ക്ക്

വിശദമായ സർവെയുടെ അടിസ്ഥാനത്തിലാണ് നാം നിരക്ഷരരെക്കണ്ടെത്തി ക്ലാസുകളായിത്തിരിക്കുന്നത്. തനിക്ക് പഠിപ്പിക്കാൻ ലഭിക്കുന്ന നിരക്ഷരരെ സംബന്ധിക്കുന്ന പ്രധാനവിവരങ്ങാം ഇൻസ്ട്രക്ടർ മനസ്സിലാക്കി ഡയറിയിൽ രേഖപ്പെടുത്തിയിരിക്കണം. പഠിതാവിന്റെ പ്രത്യേക താല്പര്യങ്ങാം, പഠിപ്പിനോടുള്ള മനോഭാവം എന്നിവ അയാളുമായി സംഭാഷണത്തിലേർപ്പെട്ടുകൊണ്ടുതന്നെ ഇൻസ്ട്രക്ടർക്കു മനസ്സിലാക്കാം. നേരിട്ടും അല്ലാതെയും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഓരോരുത്തരോടും എങ്ങനെ പെരുമാറണം എന്ന് ഇൻസ്ട്രക്ററർ തീരുമാനിക്കേണ്ടത്. ഓരോ പഠിതാവും അയാളെ സംബന്ധിച്ചിടത്തോളം ഓരോ പ്രശ്നമാണ്.

ചർച്ചയിൽ കൂടിയും സംഭാഷണങ്ങളിൽ കൂടിയുമാണ് പാഠഭാഗങ്ങാം അവസാനിപ്പിക്കേണ്ടതെന്ന് പറഞ്ഞുവല്ലൊ. അറിയാവുന്നതിൽ നിന്ന് അറിയേണ്ടതിലേയ്ക്ക്, ലളിതമായതിൽനിന്ന് സങ്കീർണത്തിലേക്ക്, അടുത്തുള്ളതിൽ നിന്നും അകലെയുള്ളതിലേയ്ക്ക്, മൂർത്തത്തിൽനിന്നും അമൂർത്തമായതിലേയ്ക്ക് എന്ന സാമാന്യമായ അധ്യാപനതത്വം മുതിർന്നവരെ പഠിപ്പിക്കുന്ന കാര്യത്തിലും ശരിയാണ്. അക്ഷരമായാലും വസ്തുതയാലും എളുപ്പം ഗ്രഹിക്കാവുന്നതിൽ നിന്നും ബുദ്ധിമുട്ടുള്ളതിലേക്ക് നീങ്ങുന്നതാണഭികാമ്യം.

പാഠപുസ്തകം

പഠിതാക്കൾക്കുള്ള പുസ്തകമാണ് അക്ഷരം. സാക്ഷരതാ പ്രവർത്തകന് (അധ്യാപകന്) ക്ലാസ്സുകൾ പടിപ്പടിയായി മുന്നോട്ടു കൊണ്ടുപോകാനുള്ള ഒരു മാർഗനിർദേശസഹായിയും ആണത്. വയസ്, തൊഴിൽ, സാമൂഹ്യപരിതസ്ഥിതി, സ്ത്രീ പുരുഷഭേദം, ആസന്നമായ ചുററുപാട്, കാലികമായ സംഭവവികാസങ്ങൾ എന്നിങ്ങനെ പലതിനെയും ആശ്രയിച്ച് ഊഹിക്കാനാകാത്തത്ര വൈവിധ്യമാർന്ന സന്ദർഭങ്ങൾ നേരിടേണ്ടിവരും സാക്ഷരതാപ്രവർത്തകന്. ആ സന്ദർഭങ്ങളിൽ അയാൾ പാഠപുസ്തകത്തിന്റെ തടവുകാരനായിക്കൂട. ആവശ്യമനുസരിച്ച് വ്യതിചലിക്കാം. 'വ്യതിചലിക്കാം' എന്ന പ്രയോഗം തന്നെ പാഠപുസ്തകത്തിലേക്ക് തിരിച്ചു വരണം എന്ന കാര്യം സൂചിപ്പിക്കുന്നു. 'സ്വതന്ത്ര'മായ ക്ലാസുകളും 'ബോധവൽക്കര'ണത്തിൽ ഊന്നിയിട്ടുള്ള ക്ലാസുകളും അതിപ്രധാനമായ ഒരു കാര്യം മറക്കുകയോ, ചുരുങ്ങിയപക്ഷം അവഗണിക്കുകയോ ചെയ്യാറുണ്ട്. നിരക്ഷരരെ സാക്ഷരർ, അക്ഷരം എഴുതാൻ (വായിക്കാനും) കഴിവുള്ളവരാക്കുക എന്ന കാര്യം. വായ്മൊഴി—അക്ഷരോച്ചാരണത്തോടുകൂടിയ ഭാഷ—മനുഷ്യനെ മൃഗങ്ങളിൽ നിന്നു വേർതിരിച്ചു. വരമൊഴിയാകട്ടെ പരിഷ്കൃത മനുഷ്യരെ കാടന്മാരിൽ നിന്ന് വേർതിരിക്കുന്നു. പഠിതാക്കൾ അക്ഷരം പഠിച്ചേ അടങ്ങൂ എന്ന് നിശ്ചയിച്ചാൽ പിന്നെ പ്രയാസമില്ല അവർ പഠിക്കും. അവരെക്കൊണ്ട് അത്തരത്തിലുള്ള ഒരു തീരുമാനം എടുപ്പിക്കുകയാണ് വേണ്ടത്. അതിലേക്കു നയിക്കാൻ ആവശ്യമായ ചർച്ചകളും പാഠപുസ്തകത്തിൽ നിന്നുള്ള വ്യതിയാനങ്ങളും ആകാം.

പഠിതാക്കൾക്ക് പാഠപുസ്തകത്തിനു പുറമെ ഒരു എഴുത്തുപുസ്തകവും നൽകുന്നുണ്ട്. എഴുതി എഴുതി, പഠിക്കാനുള്ളതാണ് അത്. അതിലെ സ്ഥലം കഴിഞ്ഞാൽ പിന്നെ

സാധാരണ കടലാസ്സിൽ എഴുതാം. പാഠപുസ്തകത്തെ ഈ എഴുത്തു പുസ്തകവുമായി ബന്ധപ്പെടുത്തിവേണം ഉപയോഗിക്കാൻ പാഠപുസ്തകത്തിൽ ഓരോ പാഠത്തിലും വരുന്ന പുതിയ അക്ഷരങ്ങളുടെ അതേ ക്രമത്തിൽ തന്നെയാണ് മിക്ക സന്ദർഭങ്ങളിലും എഴുത്തു പുസ്തകവും നീങ്ങുന്നത്. എന്നാൽ നൂറുശതമാനവും അതേമാതിരിയല്ല. പലപ്പോഴും പഠിതാക്കൾക്ക് സ്വന്തം പേർ, കുടുംബാംഗങ്ങളുടെ പേർ, ബന്ധങ്ങൾ എന്നിവ എഴുതാൻ ആഗ്രഹമുണ്ടാകും. എങ്കിൽ ക്രമം നോക്കാതെ തന്നെ, അവയിലെ അക്ഷരങ്ങൾ ആദ്യം പഠിപ്പിക്കാം. എഴുത്തു പുസ്തകത്തിൽ എഴുതുകയും ചെയ്യട്ടെ. മററു പല അക്ഷരങ്ങൾ എഴുതാനും ഇത് സഹായകമാകും.

ആദ്യത്തെ ക്ലാസ്സിൽ തന്നെ എഴുതാൻ തുടങ്ങണമെന്നില്ല. ഏതാനും ക്ലാസ്സുകൾ—എത്രയെന്നത് സന്ദർഭമനുസരിച്ചിരിക്കും—പരസ്പരം പരിചയപ്പെടുന്നതിനും താദാത്മ്യം പ്രാപിക്കുന്നതിനും ആവശ്യമായിവരും. എന്നാൽ എഴുത്ത് ആരംഭിക്കാൻ ഏറെ വൈകരുത്. രണ്ടാമത്തെ ആഴ്ചയിലെങ്കിലും എഴുത്ത് ആരംഭിക്കണം. ആഴ്ചയിൽ ഒന്നരമണിക്കൂർ വീതം—ശരാശരി—നീണ്ടുനിൽക്കുന്ന നാലു ക്ലാസ്സുകൾ ഉണ്ടായിരിക്കും എന്നാണ് ധാരണ. എഴുത്ത് ആരംഭിച്ചാൽ എല്ലാ ദിവസവും എഴുതണം എഴുതിക്കണം. രണ്ടുരണ്ടര മാസം കൊണ്ട് മിക്കവാറും എല്ലാ അക്ഷരങ്ങളും ഏതാനും കൂട്ടക്ഷരങ്ങളും എഴുതാൻ പഠിച്ചിരിക്കണം. ഈ അക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകളും എഴുതാൻ കഴിയണം. ആദ്യത്തെ 15–20 പാഠങ്ങളും കഴിഞ്ഞിരിക്കണം.

'അക്ഷരം', എഴുത്തു പഠിപ്പിക്കാൻ മാത്രമുള്ള ഒരു പാഠപുസ്തകമല്ല. ഈ പ്രപഞ്ചത്തെയും നാം ജീവിക്കുന്ന സമൂഹത്തെയും പററി ശാസ്ത്രീയമായ ഒരു വീക്ഷണം അവരിൽ ഉണ്ടാക്കുക എന്നതും പ്രധാനമാണ്. അതോടൊപ്പം പ്രായോഗിക ജീവിതത്തിൽ ഉപകരിക്കുമാറാകുന്ന പല പുതിയ വിവരങ്ങളും അവർക്ക് ലഭിക്കണം. ഇതിനെല്ലാം വഴിയൊരുക്കുന്നതാണ് ഈ പാഠപുസ്തകം. പക്ഷെ അത്തരത്തിൽ പാഠപുസ്തകം ഉപയോഗിക്കാൻ കഴിയണമെങ്കിൽ സാക്ഷരതാ പ്രവർ

ത്തകൻ സ്വയം ഒട്ടേറെ വായിക്കേണ്ടതുണ്ട്, പഠിക്കേണ്ടതുണ്ട്. അങ്ങനെ സ്വയം പഠിച്ച് അധ്യാപകരായി ഉയർന്ന സാക്ഷരതാ പ്രവർത്തകരുടെ ഒരു നിര, ഇരുപതിനായിരത്തോളം എണ്ണം വരുന്ന ഒരു സാക്ഷരതാസേന, എറണാകുളം ജില്ല, അക്ഷരാർഥത്തിൽ തന്നെ ഇളക്കി മറിക്കുവാൻ കഴിവുള്ളതായിരിക്കും. എല്ലാ വികസന പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്താനും ജനോപകാരപ്രദങ്ങളായ പ്രവർത്തനങ്ങൾ കാര്യക്ഷമമായും വേഗത്തിലും ചെയ്തുതീർക്കാനും സർവ്വമാന തട്ടിപ്പുവെട്ടിപ്പുകൾക്കും തടയിടാനും ഇന്ന് വ്യാപകമായി നിലനിൽക്കുന്ന സംശയാതുരതയുടെയും സർവപുച്ഛത്തിൻെറയുമായ അന്തരീക്ഷത്തെ തകർത്ത് ശുഭാപ്തി വിശ്വാസത്തോടെ മുന്നേറാനുള്ള അന്തരീക്ഷം സൃഷ്ടിക്കാനും ഒക്കെ അവർക്ക് കഴിയണം. പത്തോ പതിനഞ്ചോ പേരെ എഴുത്തും വായനയും പഠിപ്പിക്കുക എന്നതുമാത്രമല്ല, സാക്ഷരതാ പ്രവർത്തകരുടെ ഉത്തരവാദിത്തം. കേരളത്തിനും ഇന്ത്യക്കു തന്നെയും മാർഗനിർദേശകമായിത്തീരുന്ന വികസനത്തിനായുള്ള ഒരു ജനകീയ സംവിധാനമായി സ്വയം വളരുക എന്നതു കൂടി തങ്ങളുടെ കർത്തവ്യമായി മനസ്സിലാക്കണം. ഇതിൽ അവരെ സഹായിക്കാനായി ഏതാനും പുസ്തകങ്ങൾ തയ്യാറാക്കിവരുന്നുണ്ട്. ചിലവ പാഠപുസ്തക സഹായികളാണ്. മററുള്ളവ സ്വയം ശിക്ഷണത്തിനുള്ളവയാണ്. ഇവയ്ക്കുപുറമേ, ജനശിക്ഷണ നിലയങ്ങളിൽ ശേഖരിച്ചുവച്ചിട്ടുള്ള പുസ്തകങ്ങൾ കൂടി വായിക്കണം.

അക്ഷരം—സാക്ഷരതാ പാഠാവലി

'അക്ഷര'ത്തിൽ രണ്ടു ധാരകൾ കാണാം. അക്ഷരങ്ങളുടെയും വാക്കുകളുടെയും ആണ് ഒരു ധാര. റ, ര....തുടങ്ങിയ അക്ഷരങ്ങളിൽ നിന്ന് വര, റവ തുടങ്ങിയ വാക്കുകളിൽ നിന്നും ആരംഭിച്ച് സങ്കീർണങ്ങളായ കൂട്ടക്ഷരങ്ങളിലേക്കും അവ ഉപയോഗിച്ചുള്ള വാക്കുകളിലേക്കും നയിക്കുന്നു ആദ്യത്തെ ധാര. നേരത്തെ പറഞ്ഞപോലെ എഴുത്തു പുസ്തകവുമായി ബന്ധിപ്പിച്ചുവേണം അക്ഷരങ്ങളും വാക്കുകളും കൈകാര്യം ചെയ്യുക.

രണ്ടാമത്തേത് ആശയങ്ങളുടെ ധാരയാണ്. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ, നമുക്കു ചുററുമുള്ള ലോകം, നമ്മുടെ നാട്, ജനകീയ സ്ഥാപനങ്ങൾ എന്നീ പ്രധാന വിഷയങ്ങളിലൂടെയാണ് ഈ ധാര വികസിച്ചുകൊണ്ടുവന്നിരിക്കുന്നത്. അതിനു പുറമെ കണക്കിന്റെ പ്രാഥമിക പാഠങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ഘടകങ്ങൾ ഇടകലർത്തിക്കൊണ്ടാണ് പാഠങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളത്.

തുടക്ക പാഠങ്ങൾ, മിക്കവാറും എല്ലാ പഠിതാക്കൾക്കും താല്പര്യമുള്ള അവരുടെ ദൈനംദിന പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഏതേത് പാഠങ്ങൾ ഏതേത് മേഖലയിൽ പെട്ടതാണ് എന്ന് താഴെ കൊടുക്കുന്നു.

A മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ

പാഠം 1. എല്ലാവർക്കും ആഹാരം
2. എല്ലാവർക്കും തൊഴിൽ വേണം
3. രോഗം വരാതിരിക്കാൻ
4. കാരണം അറിയണം
15. അധ്വാനത്തിന്റെ മഹത്വം
16. കുഞ്ഞിക്കുട്ടന്റെ വീട്
17. തുണിക്ക് തീവില
18. കുടിവെള്ളം
19. ഉപ്പിട്ട കഞ്ഞിവെള്ളം
20. ആ ബസ്സെങ്ങോട്ടാ?
27. മകന്റെ കത്ത്.

B നമുക്കു ചുററുമുള്ള ലോകം

പാഠം 5. ഞാൻ ആരാണ്?
8. സൂര്യനും നമ്മളും
9. മഹാപ്രപഞ്ചം
10. മാററമില്ലാതൊന്നുമില്ല

പാഠം 11. മനുഷ്യൻ മഹാശക്തൻ
12. അന്നും ഇന്നും
13. ഒററയ്ക്ക് ഒന്നിനുമാവില്ല
17. ബന്ധമില്ലാതൊന്നുമില്ല

C നമ്മുടെ നാട്

പാഠം 21. നമ്മുടെ നാട്
22. സ്വാതന്ത്ര്യം നേടുന്നു
24. കേരളം നമ്മുടെ സംസ്ഥാനം
25. കേരളത്തിൻെറ സമ്പത്ത്
26. വേണം വേണം വ്യവസായം
28. നമ്മുടെ ജില്ല

D ജനകീയ സ്ഥാപനങ്ങൾ

പാഠം 29 ജനങ്ങളുടെ ഭരണം
30. ജനങ്ങളുടെ പഞ്ചായത്ത്
31. തപാലാപ്പീസ്
32. നമ്മുടെ സ്ക്കൂൾ
35. റേഷൻഷോപ്പും മാവേലിസ്റേറാറും
36. ദാമുവിൻെറ കൂലി

എണ്ണാൻ പഠിക്കാം (6), അരമുറിത്തേങ്ങ (7), ലക്ഷവും കോടിയും (28) എന്നിവ കണക്കു പഠിക്കാനുള്ള പ്രാഥമിക പാഠങ്ങളാണ്. ഈ അധ്യാപന സഹായിയിൽ ഒരു അധ്യായം കണക്ക് പഠിപ്പിക്കുന്നതിനുള്ള പ്രത്യേക നിർദേശങ്ങളാണ്.

ഇന്ന് ജനങ്ങളുടെ ഇടയിൽ വ്യാപകമായി ചർച്ച ചെയ്യുന്ന മൂന്നു വിഷയങ്ങളാണ് പരിസ്ഥിതി തകർച്ച (മരങ്ങൾ നമ്മുടെ മിത്രങ്ങൾ), സ്ത്രീപുരുഷ സമത്വം, യുദ്ധവും സമാധാനവും (നല്ല നാളെ) എന്നിവ.

ഈ പാഠങ്ങളെല്ലാം തന്നെ ഓരോന്നായി നമുക്ക് പരിഗണിക്കാം. അതിനുമുമ്പ് A, B, C, D എന്നീ ഓരോ ഖണ്ഡത്തിലെയും മുഖ്യഘടകങ്ങൾ എന്തെന്ന് പരിശോധിക്കാം.

ആഹാരം, പാർപ്പിടം, വസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം. വിനോദം, വിശ്രമം എന്നിവയാണ് മനുഷ്യൻെറ പ്രാഥമികാവശ്യങ്ങൾ. ഇവയിൽ ആഹാരം, വിശ്രമം എന്നിവ എല്ലാ ജീവികൾക്കും ആവശ്യമാണ്, എങ്കിലേ ആരോഗ്യമുണ്ടാകൂ. പ്രകൃതിയുടെ വികൃതികളിൽനിന്ന് രക്ഷപ്പെടാനായി മിക്കവാറും എല്ലാ ജീവികളും ഒരുതരത്തിലല്ലെങ്കിൽ മററൊരുതരത്തിലുള്ള 'പാർപ്പിട'ത്തെ ആശ്രയിക്കാറുണ്ട്. പാമ്പുകൾക്ക് മാളമുണ്ട്, പക്ഷികൾക്ക് കൂടുണ്ട്, ഉറുമ്പുകൾക്ക് പുററുണ്ട്, സിംഹത്തിന് ഗുഹയുണ്ട്—അങ്ങനെ പോകുന്നു. വസ്ത്രം മനുഷ്യർക്കുമാത്രമുള്ളതാണ്. വിദ്യാഭ്യാസവും വിനോദവും ബോധപൂർവമുള്ള ആരോഗ്യപ്രവർത്തനവുമൊക്കെ തികച്ചും മാനുഷികമായ പ്രവർത്തനങ്ങളാണ്. ഇന്ന് ലോകത്തിൽ അഞ്ഞൂറ് കോടിയിലധികം മനുഷ്യരുണ്ട്. ലോകത്താകെ ഉണ്ടാക്കുന്ന ഭക്ഷ്യധാന്യങ്ങളും കിഴങ്ങ്,പയർ—പഴവർഗങ്ങളുമൊക്കെ എടുക്കുകയാണെങ്കിൽ 800 കോടിയിലധികം ആളുകൾക്ക് അവ തികയും. ['നല്ല നാളെ' എന്ന പുസ്തകം നോക്കുക] എന്നാൽ ഇരുനൂറുകോടിയിലധികംപേർ അവശ്യംവേണ്ട മിനിമം ഭക്ഷണംപോലും ലഭിക്കാത്തവരാണ്. ഈ ഇരുനൂറുകോടിയിൽ പെടുന്നവരായിരിക്കും പഠിതാക്കളിൽ ബഹുഭൂരിഭാഗവും. എന്തിന്, അധ്യാപകരിലും നല്ലൊരു ഭാഗം ഈ വിഭാഗത്തിൽ പെടുന്നവരായിരിക്കും. ഈ വിരോധാഭാസത്തിന് എങ്ങനെ പരിഹാരം കാണണം എന്നത് അധ്യാപകരും അധ്യേതാക്കളുംകൂടി കൂട്ടായി ചർച്ചചെയ്യണം. ഓരോ പാഠത്തിൻെറയും വൈജ്ഞാനികവശവും സാമൂഹ്യവശവും നന്നായി മനസ്സിലാക്കിവേണം ക്ലാസ്സ്കൈകാര്യം ചെയ്യാൻ. ഏററവും പ്രധാനം ആഹാരം തന്നെ. എന്നാൽ സമൂഹത്തിലുള്ള ആഹാരം വ്യക്തിക്ക് കിട്ടാതിരിക്കാൻ കാരണം അത് വാങ്ങാനുള്ള പണമില്ല, പണിയില്ല എന്നതാണ്. സമൂഹത്തിലെ ഏതൊരു പൗരനും അധ്വാനിക്കാനും സമൂഹത്തിൻെറ സമ്പത്തിലേക്ക് മുതൽ ചേർക്കാനും ബാധ്യ

സ്ഥനാണ്. എങ്കിലേ അയാൾക്ക് സമൂഹത്തിൽനിന്ന് എടു ക്കാൻ—ഭക്ഷണവും പാർപ്പിടവും എല്ലാം—അവകാശമുള്ളു. അപ്പോൾ എല്ലാവരും തൊഴിലെടുക്കണം. അതൊരു ചുമതല യാണ്. എല്ലാവർക്കും തൊഴിൽ കിട്ടണം. അതൊരു ആവശ്യ മാണ്. ഭക്ഷണമില്ലാതെ ആരോഗ്യമുണ്ടാകില്ല. ജീവന്റെ മൗലികസ്വഭാവങ്ങളിലൊന്ന് മരണത്തെ ചെറുക്കുക എന്നതാണ്. ഇതിൽ ഏററവും പ്രധാനമായത് ഭക്ഷണമാണ്. പകൽപോലെ വ്യക്തമാണിത്. എല്ലാവരും അംഗീകരിക്കുന്ന കാര്യവു മാണ്. എന്നിട്ടും എല്ലാവർക്കും തൊഴിലില്ല, പകുതിയിലേ റെപ്പേർ പട്ടിണിക്കാർ, രോഗികൾ—ഇതിന് കാരണമെന്ത്? ഈ അന്വേഷണത്തിൽ അക്ഷരജ്ഞാനത്തിന് അതിയായ പ്രാധാന്യ മുണ്ട്. അധ്വാനത്തിന്റെ മഹത്വം വേണ്ടപോലെ അംഗീകരിക്ക പ്പെടുന്നില്ല, മനസ്സിലാക്കുന്നില്ല എന്നതായിരിക്കും ഒരു കാരണം.

എന്തിനാണ് വീട്, എന്തിനല്ല വീട് എന്നത് ചൂണ്ടിക്കാ ണിക്കാനുള്ള പാഠമാണ്. 'കുഞ്ഞിക്കുട്ടന്റെവീട്'' അതു പോലെ വസ്ത്രം, കുടിവെള്ളം, സാക്ഷരത എന്നിവയെ പററിയുള്ള പാഠങ്ങളുമുണ്ട്. വയറിളക്കരോഗം കൊണ്ട് കുഞ്ഞു ങ്ങൾ മരിക്കാതെനോക്കാൻ എല്ലാ വീട്ടുകാരും അറിഞ്ഞിരിക്കേണ്ട 'പാനീയ ചികിൽസ'യെക്കുറിച്ചുള്ള ഒരു പാഠവും ഉണ്ട്. അത്യന്തം ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒരു പാഠമാ ണിത്.

നമുക്കു ചുററുമുള്ള ലോകം എന്ന വിഭാഗത്തിൽപ്പെട്ട എട്ടു പാഠങ്ങൾ ശാസ്ത്രീയ വീക്ഷണം വളർത്തിക്കൊണ്ടുവ രാൻ ഉദ്ദേശിച്ചുള്ളവയാണ്. ആദ്യത്തെ മൂന്നു പാഠങ്ങൾ നമ്മുടെ മഹാപ്രപഞ്ചത്തിന്റെ ഊഹിക്കാനാകാത്ത വലിപ്പ ത്തെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കാനുള്ളതാണ്. ഭൂഗോ ളം, ടെലസ്ക്കോപ്പ്, മൈക്രോസ്ക്കോപ്പ് എന്നീ ഉപകരണ ങ്ങൾ ഇതിന് അത്യന്തം സഹായകരമായിരിക്കും. ഭൂഗോളം ഏതു സ്ക്കൂളിലും കിട്ടും. അവരുടെ സഹായത്തോടെ ഓരോ കേന്ദ്രത്തിലും രണ്ടുമൂന്നുതവണ ഇത് കൊണ്ടുപോകാം. ഓരോ വാർഡിലും ഒരു ഭൂഗോളമെങ്കിലും ലഭ്യമാക്കാൻ ശ്രമിക്കുന്ന

തുമാണ്. ചുരുക്കം ചില സ്ക്കൂളുകളിൽ മൈക്രോസ്ക്കോപ്പുണ്ട്. കോളേജുകളിലും ഉണ്ട്. അവരെക്കൊണ്ട് അത് പഠന കേന്ദ്രത്തിൽ കൊണ്ടുവന്ന് കാണിച്ചുകൊടുക്കാൻ ശ്രമിക്കുക. ഓരോ പ്രോജക്റ്റ് ഏരിയായിലേക്കും ഒരു ടെലസ്ക്കോപ്പും ഒരു മൈക്രോസ്കോപ്പും നൽകാൻ ശ്രമിക്കുന്നുണ്ട്. അത് കിട്ടുകയാണെങ്കിൽ ഓരോ വാർഡിലും ഒരു കേന്ദ്രത്തിൽ വെച്ച് അവയിലൂടെ എല്ലാം പഠിതാക്കൾക്കും നാട്ടുകാർക്കും നോക്കാനുള്ള അവസരം ഉണ്ടാക്കുന്നതാണ്. ടെലസ്കോപ്പിലൂടെ ചന്ദ്രനെ നോക്കിയാൽ ഉണ്ടാകുന്ന ചിന്താമാററം ചെറുതല്ല. മൈക്രോസ്കോപ്പിലൂടെ കുടിവെള്ളത്തിലെ അണുജീവികളെ കാണുമ്പോഴുണ്ടാകുന്ന അവബോധവും അപ്രധാനമല്ല. വലുപ്പത്തിൻെറ വലുപ്പത്തെയും ചെറുപ്പത്തിൻെറ ചെറുപ്പത്തെയും കുറിച്ച് ധാരണ നൽകാൻ ഈ മൂന്നു പാഠങ്ങൾ ഉപകരിക്കുന്നു.

10, 11, 12 പാഠങ്ങൾ എല്ലാം മാറിക്കൊണ്ടിരിക്കുന്നു, മാററമില്ലാത്ത, സനാതനമായ ഒന്നുമില്ല എന്ന ആശയം നൽകാനാണ്. മാററാനാകാത്തതെന്നു തോന്നുന്നവ പോലും മാറുമെന്നും മാററാമെന്നും ഉള്ള ആത്മവിശ്വാസം പഠിതാക്കളിൽ ഉണ്ടാക്കാനും ഇത് സഹായിക്കും. വിവിധതരത്തിലുള്ള മാററങ്ങളെക്കുറിച്ചും ധാരണ നൽകാൻ അവ ഉപകരിക്കും. ആദ്യത്തെ പാഠം യാന്ത്രികമായ അഥവാ ഭൗതികമായ മാററത്തെ, ചലനത്തെക്കുറിച്ചു പറയുന്നു. രണ്ടാമത്തേതിൻെറ വിഷയം ജീവശാസ്ത്രപരമായ മാററം ആണ്. മൂന്നാമത്തേതാകട്ടെ സാമൂഹ്യചലനത്തെ, സാമൂഹിക മാററത്തെ വെളിവാക്കാനുള്ളതാണ്.

പ്രകൃതിയിലുള്ള എല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, ഒന്നും തന്നെ സർവതന്ത്രസ്വതന്ത്രമല്ല എന്ന ആശയം വെളിവാക്കുകയാണ് 13, 14 എന്നീ പാഠങ്ങളിൽ ചെയ്യുന്നത്. 'അനന്തതയുടെ നാൽക്കവലയിൽ', 'മനുഷ്യൻ മനുഷ്യനായ കഥ' എന്നീ രണ്ടു പുസ്തകങ്ങൾ സ്വയം പഠനത്തിന് ഉപകരിക്കുന്നു.

'നമ്മുടെ നാട്' എന്ന ശീർഷകത്തിൽ വരുന്നത് ആറു പാഠങ്ങളാണ്. ഇന്ത്യയുടെയും കേരളത്തിൻെറയും ലഘുചരിത്രം,

ഇന്ത്യയുടെയും കേരളത്തിന്റെയും ലഘു സാമ്പത്തിക ഭൂമിശാസ്ത്രം, കേരളത്തിന്റെയും എറണാകുളം ജില്ലയുടെയും വികസന പ്രശ്നങ്ങൾ എന്നിവ പരിചയപ്പെടുത്താൻ ഉദ്ദേശിച്ചുള്ളവയാണ്. 'നാടും ജനങ്ങളും', 'നമ്മുടെ നാടിന്റെ ചരിത്രം' എന്നീ പുസ്തകങ്ങൾ അധ്യാപകരുടെ ഉപയോഗത്തിനായി തയ്യാറാക്കുന്നുണ്ട്.

സാധാരണ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഏതാനും സ്ഥാപനങ്ങൾ പരിചയപ്പെടുത്താനാണ് നാലാം ഖണ്ഡികയിലൂടെ — ജനകീയസ്ഥാപനങ്ങൾ — ശ്രമിക്കുന്നത്. ഈ സ്ഥാപനങ്ങളെ ജനകീയവൽക്കരിക്കാനും ജനാധിപത്യവൽക്കരിക്കാനും കഴിയണം. 'ദാമുവിന്റെ കൂലി' എന്ന അവസാനത്തെ അധ്യായം കൂലിവേല ചെയ്യുന്ന എല്ലാവർക്കും അനുഭവിക്കേണ്ടിവരുന്ന ദാരിദ്ര്യത്തിലേക്ക് വിരൽചൂണ്ടുന്നു.

സാക്ഷരതാ പ്രവർത്തകർ തങ്ങളുടെ പ്രവർത്തനം അത്യന്തം ഗൗരവത്തോടെ എടുക്കണം. അവർ ചെയ്യുന്ന പ്രയത്നം ക്ലാസുകളിൽ പ്രതിഫലിക്കുന്നതാണ്; അധ്യേതാക്കളുടെ പ്രതികരണത്തിലും അത് കാണാവുന്നതാണ്. നേരത്തെ പറഞ്ഞപോലെ പുതിയൊരുതരം ജനാധിപത്യ സമ്പ്രദായം, സജീവമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ജനാധിപത്യ സമ്പ്രദായം കെട്ടിപ്പടുക്കുന്നതിനുള്ള മുന്നണിപ്പടയാളികളാണവർ. ഓരോ ദിവസവും ക്ലാസിനാവശ്യമായ അധ്യാപനക്കുറിപ്പുകൾ തയ്യാറാക്കണം. ഔപചാരികമായ അധ്യാപന പരിശീലനം ലഭിക്കാത്തവരായിരിക്കും ബഹുഭൂരിപക്ഷവും. ആത്മാർത്ഥത മാത്രമായിരിക്കും കൈമുതൽ. അതിനാൽ ചില പൊതുനിർദേശങ്ങൾ സഹായകരമായിരിക്കും. ക്ലാസുകൾക്ക് ഒരു പൊതു ഘടന ഉണ്ടായിരിക്കുന്നത് നന്ന്.

* ആദ്യത്തെ 10—15 മിനിററ് പഴയ ക്ലാസിലെ വിഷയം ചർച്ച; സമകാലിക പ്രശ്നങ്ങൾ, വിശേഷങ്ങൾ എന്നിവയുടെ ചർച്ച.

* എന്നിട്ട് അധ്യാപകൻ പാഠം വായിക്കുന്നു. 3—4 മിനിററ്. പ്രധാനപ്പെട്ട അക്ഷരങ്ങളിലേക്കും വാക്കു

കളിലേക്കും പഠിതാവിൻെറ ശ്രദ്ധ ക്ഷണിക്കുന്നു. 2—3 മിനിററ്.

* പാഠത്തിൻെറ ഉള്ളടക്കം വിശദീകരിക്കുന്നു. അതേപ്പററി അധ്യാപകനും പഠിതാക്കളും കൂടിയുള്ള ചർച്ച 10—15 മിനിററ്.
* പഠിതാക്കൾ അക്ഷരങ്ങൾ / വാക്കുകൾ എഴുതുന്നു 15—20 മിനിററ്.
* ചില വാക്കുകളിലേക്കും അക്ഷരങ്ങളിലേക്കും അവരുടെ ശ്രദ്ധ വീണ്ടും ക്ഷണിക്കുന്നു. 3—4 മിനിററ്.
* അടുത്ത ക്ളാസിൻെറ ആസൂത്രണം—സ്ഥലം / സമയം / പാഠം 4—5 മിനിററ്.
* കൂട്ടപ്പാട്ടുകൾ— 5—8 മിനിററ്.

ആകെ ഏതാണ്ട് ഒരു മണിക്കൂർ.

യാന്ത്രികമായി ഈ രീതിയും സമയങ്ങളും അനുഷ്ഠിക്കണമെന്നല്ല പറയുന്നത്. പക്ഷെ ഏറെ വ്യത്യാസം വരുത്തിയാൽ എഴുത്തും വായനയും പഠിക്കുക എന്ന പ്രക്രിയ നടക്കില്ല.

അടുത്തതായി ഓരോ പാഠവും എങ്ങനെ എടുക്കണം, എന്തെല്ലാം വിഷയങ്ങൾ അതിൽ ഉൾക്കൊള്ളിക്കാം എന്നൊക്കെ നോക്കാം.

പാഠം 1

എല്ലാവർക്കും ആഹാരം

1. പാഠം വായിക്കുന്നു. അക്ഷരങ്ങളും വാക്കുകളും ചൂണ്ടി ക്കാട്ടി വായിക്കുന്നു.

2. പലതരം ആഹാരപദാർഥങ്ങൾ: അരി, ഗോതമ്പ്, ചോളം, ബജ്ര, തുടങ്ങിയ ധാന്യങ്ങൾ; മരച്ചീനി, ഉരുളൻകിഴങ്ങ് മുതലായ കിഴങ്ങുകൾ; ഇറച്ചി, മീൻ, മുട്ട തുടങ്ങിയ സാധനങ്ങൾ.

3. പലതരം തയ്യാറിപ്പുകൾ: ചോറ്, കഞ്ഞി, ചപ്പാത്തി, ഇഡ്ഡലി, ദോശ—കേരളത്തിലെ വിവിധ ഭാഗങ്ങളിൽ പ്രചാരമുള്ളവ, വിവിധ ജാതിക്കാരുടെ ഭക്ഷണങ്ങൾ—ഇന്ത്യയിലെ ഇതര ഭാഗങ്ങളിൽ പ്രചാരമുള്ളവ. ലോക ത്തിലെ മററു രാജ്യങ്ങളിൽ പ്രചാരമുള്ളത്.

4. പാററകളെ വറുത്തുതിന്നുന്നവരുണ്ട്, ചേരച്ചോര കുടി ക്കുന്നവരുണ്ട്. അതിവിചിത്രങ്ങളായ ആഹാര രീതിക ളുണ്ട്. ഓരോരുത്തരുടെയും രീതി അന്യർക്ക് വിചി ത്രമായി തോന്നുന്നു.

5. ജീവൻ എന്നത് ആഹാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവന്റെ നിർവചനത്തിലെ ഒരു പ്രധാന ഘടകം ജീവി യും ചുററുപാടും തമ്മിൽ നടക്കുന്ന ഊർജവിനിമയം ആണ്. ചുററുപാടിൽനിന്ന് ജീവിക്കു ലഭിക്കുന്ന ഊർ ജമാണ് ഭക്ഷണം.

6. ഓരോ തരം ജീവിക്കും വേണ്ട ഭക്ഷണത്തിന്റെ അളവിൽ വ്യത്യാസമുണ്ട്. ഉറുമ്പിനും ആനയ്ക്കും ഒരേ ഭക്ഷ ണമല്ലല്ലോ വേണ്ടത്. ഭക്ഷണം ദഹിക്കുമ്പോൾ ജീവിക്ക് ലഭ്യമാകുന്ന ഊർജത്തിന്റെ അളവിനാണ്, ആവശ്യമായ ഭക്ഷണം ഇത്ര എന്നു പറയുന്നത്. സാധാരണയായി

വ്യത്യസ്ത ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന, വ്യത്യസ്ത പ്രായത്തിലും വ്യത്യസ്ത സന്ദർഭത്തിലും (ഗർഭിണി, മുലയൂട്ടുന്നവർ) ഉള്ളവർക്ക് ഇത്രയിത്ര കലോറി വീതം വേണം എന്നു പറയാറുണ്ട്. ശരാശരി മനുഷ്യർക്ക് പ്രതിദിനം 2400 കലോറി വേണം. കഠിനാധ്വാനം ചെയ്യുന്നവർക്ക്, വിറക് വെട്ടുക, പാറയുടയ്ക്കുക മുതലായവ ചെയ്യുന്നവർക്ക് 300—3300 കലോറി വരെ വേണം.

7. ഒരാറക്ക് സാധാരണ നിലയിൽ പ്രതിദിനം 400 ഗ്രാം അരിവേണം; ഇല്ലെങ്കിൽ അരിയും ഗോതമ്പും കൂടി അത്ര വേണം. റേഷൻകടയിൽ നിന്ന് ഇപ്പോഠ കിട്ടുന്നത് തികയുന്നുണ്ടോ?
8. റേഷൻകടയിൽ പോയാലും പണം വേണം വാങ്ങാൻ. പലർക്കും അതിനുള്ള പണംപോലും കിട്ടുന്നില്ല.
9. ആർക്കൊക്കെ റേഷൻ വാങ്ങാൻ ബുദ്ധിമുട്ടുവരാറുണ്ട്. റേഷൻ വാങ്ങാതെ ഇരിക്കാറുണ്ടോ? ഓരോരുത്തരുടെയും അവസ്ഥയെക്കുറിച്ച് ചർച്ച.
10. ഈ സ്ഥിതി ആർക്കും തൃപ്തികരമല്ല- മാറണം എന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്.
11. മാറണമെങ്കിൽ ഇന്നത്തെ അവസ്ഥയുടെ കാരണം അറിയണം. മററുള്ളവർ പറഞ്ഞുകേട്ട് അറിഞ്ഞാൽ മാത്രം പോര. സ്വയം പഠിച്ചറിയണം. സ്വയം പഠിക്കാൻ പററണമെങ്കിൽ പുസ്തകം വായിക്കാൻ പററണം. വായിച്ച കാര്യങ്ങഠ എഴുതാൻ പററണം.
12. അതുകൊണ്ടുതന്നെയാണ് നാം പഠിക്കാൻ തീരുമാനിച്ചത്. പാട്ടുകഠ, അനുഭവകഥനങ്ങഠ, ചർച്ചകഠ അടുത്ത ദിവസത്തേക്ക് പ്ളാനിടൽ.

പാഠം 2

എല്ലാവർക്കും തൊഴിൽ വേണം

കഴിഞ്ഞ ക്ലാസ്സിൽ ചർച്ച ചെയ്ത കാര്യങ്ങഠ ഓർമിപ്പിച്ചുകൊണ്ട് തുടങ്ങുക. നമ്മുടെ നാട് നേരിടുന്ന അതി

ഭീമമായ ഒരു പ്രശ്നത്തിലേക്ക്, പഠിതാക്കളിൽ ഒരു നല്ല ശതമാനം ആളുകളുടെ അനുഭവത്തിലേക്ക് വിരൽചൂണ്ടുന്ന ഒരു പാഠമാണിത്.

1. എല്ലാവർക്കും പണിയും പണിക്ക് ന്യായമായ കൂലിയും ലഭിക്കണം. ഇല്ലെങ്കിൽ ജീവിക്കാൻ പററില്ല.
2. നാം ജന്തുക്കളെപ്പോലെ പ്രകൃതിയിൽ നിന്ന് കിട്ടുന്ന സാധനങ്ങൾ അതേപടി ഭക്ഷിച്ചല്ല വളരുന്നത്. ആവശ്യമുള്ള സാധനങ്ങൾ, ഭക്ഷണസാധനങ്ങളും പാർപ്പിടവസ്ത്രാദികളും ഉല്പാദിപ്പിച്ചുകൊണ്ടാണ് മനുഷ്യസമൂഹം ജീവിക്കുന്നത്.
3. തൊഴിൽ ഒന്നും എടുക്കാത്തവൻ, സമൂഹത്തിന്റെ നിലനിൽപിലേക്ക് സ്വന്തമായൊന്നും നൽകാത്തവൻ, ഇത്തിക്കണ്ണിയാണ്. തന്റെ നിലനില്പിന് വേണ്ടതെല്ലാം അവൻ സമൂഹത്തിൽ നിന്ന് നേടുന്നുണ്ട്. എന്നാൽ പലരും പണിയെടുക്കാത്തത് തയ്യാറില്ലാത്തതുകൊണ്ടല്ല, പണി കിട്ടാത്തതുകൊണ്ടാണ്.
4. പഠിതാക്കളുടെ അനുഭവം ചർച്ച ചെയ്യുക. എത്രപേർ പൂർണമായി തൊഴിലില്ലാത്തവരുണ്ട്? തൊഴിലുള്ളവർക്ക് പ്രതിമാസമോ പ്രതിവർഷമോ എത്ര ദിവസത്തെ തൊഴിൽ കിട്ടുന്നുണ്ട്? തൊഴിൽലഭ്യത കൂടുന്നോ കുറയുന്നോ?
5. പഠിപ്പുള്ളവർക്ക്, ഉയർന്ന പഠിപ്പുള്ളവർക്കുപോലും തൊഴിൽ കിട്ടുന്നില്ലെങ്കിൽ താൻ പഠിക്കുന്നത് എന്തിനാണ് എന്ന സംശയം ഉയർന്നുവന്നേക്കാം. ഗുമസ്തപ്പണി മാത്രമല്ല തൊഴിൽ. സർക്കാർ ജോലി കിട്ടാനല്ല നാം പഠിക്കുന്നത്.
6. മറെറാരാളെ ആശ്രയിക്കേണ്ടിവരുന്നത് അപമാനകരവും പലപ്പോഴും അപകടകരവും ആണ്. പരാശ്രയത്വം ഒഴിവാക്കാനാണ് നാം പഠിക്കുന്നത്.
7. നമ്മുടെ കുട്ടികൾ നന്നായി പഠിക്കുന്നുണ്ടോ? ക്ലാസിൽ തോൽക്കുന്നില്ലേ? പഠിപ്പും പ്രതാപവും ഉള്ള വീടുകളിലെ കുട്ടികളുടെ മുമ്പിൽ അവർക്ക് താഴേണ്ടിവരുന്നില്ലേ?

അവരെ സഹായിക്കാൻ നമുക്ക് പററുന്നുണ്ടോ? നമ്മുടെ കുട്ടികൾക്കുവേണ്ടിക്കൂടിയാണ് നാം പഠിക്കുന്നത്.

8. മാത്രമല്ല, എന്താണ് തൊഴിലില്ലായ്മയ്ക്കു കാരണം? എങ്ങനെ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാൻ പററും എന്നൊക്കെ സ്വയം ആലോചിക്കാനും ഉത്തരം കണ്ടെത്താനും നമുക്ക് കഴിയണം.

9. എല്ലാവർക്കും, അക്ഷരാർഥത്തിൽ തന്നെ എല്ലാവർക്കും, തൊഴിലുള്ള, പട്ടിണി തീരെ ഇല്ലാത്ത രാജ്യങ്ങളുണ്ട്. അവിടെ തൊഴിലെടുത്ത് ജീവിക്കാനുള്ള മൗലികാവകാശം ഭരണഘടന നൽകുന്നു. എല്ലാവർക്കും തൊഴിൽ നൽകാൻ സർക്കാർ ബാധ്യസ്ഥമാണ്. സോഷ്യലിസ്ററ് സാമൂഹ്യ സാമ്പത്തിക വ്യവസ്ഥകളുള്ള രാജ്യങ്ങളാണിവ.

10. അമേരിക്കയും ജർമനിയും ഒക്കെ സാമ്പത്തികമായി വളരെ ഉയർന്ന, വളർന്ന രാജ്യങ്ങളാണെങ്കിലും തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉണ്ട്. തൊഴിൽ ലഭിക്കാനുള്ള അവകാശം മൗലികമല്ല.

11. ലോകരാജ്യങ്ങളെപ്പററിയും അവയുടെ അനുഭവങ്ങളെപ്പററിയും എഴുതിയിട്ടുള്ള പുസ്തകങ്ങളും വർത്തമാനപ്പത്രങ്ങളും വായിക്കാൻ നമുക്കോരോരുത്തർക്കും കഴിയണം.

പാഠം 3

രോഗം വരാതിരിക്കാൻ

വളരെ ഏറെ സംവാദസാധ്യതയുള്ള ഒരു പാഠമാണിത്. മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെല്ലാം — ആഹാരത്തിനു പുറമേ, പാർപ്പിടം, വസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം, വിശ്രമം എന്നിവയും മനുഷ്യൻെറ പ്രാഥമിക ആവശ്യങ്ങളാണ്. ഇവ എല്ലാം—ആ രീതിയിൽ പരിചയപ്പെടുത്താൻ ഉപകരിക്കും. കുഞ്ഞിക്കുട്ടൻെറ വീട് (പാഠം 16), കുടിവെള്ളം (പാഠം 18), ഉപ്പിട്ട കഞ്ഞിവെള്ളം (പാഠം 19) എന്നീ പാഠങ്ങൾ ഇതുമായി നേരിട്ടു ബന്ധമുള്ള പാഠങ്ങളാണ്. ആ

പാഠങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾകൂടി വായിക്കുക. ആകെ 2—3 ക്ലാസിനു വകയുണ്ട്.

1. എന്താണ് ആരോഗ്യം? ചർച്ച ചെയ്യുക. രോഗമില്ലായ്മ മാത്രമാണോ ആരോഗ്യം? പഠിതാക്കൾ ഓരോരുത്തരുടെയും ആരോഗ്യത്തെക്കുറിച്ചു ചർച്ച ചെയ്യുക.

2. പഠിതാക്കളിൽ വൈദ്യസഹായം — ആരോഗ്യസേവനം— ആവശ്യമുള്ളവരുണ്ടെങ്കിൽ അവരെയൊക്കെ തൊട്ടടുത്ത P H C യിലേക്ക് കൂട്ടിക്കൊണ്ടു പോകുക. അല്ലെങ്കിൽ ഒരു വാർഡിൽ വൈദ്യസഹായം ആവശ്യമുള്ളവർക്കെല്ലാം കൂടി ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക. ഇതിനായി ശാസ്ത്രസാഹിത്യ പരിഷത്തിൻെറ പ്രാദേശിക യൂണിററിനെ സമീപിക്കാം.

3. പോഷകാഹാരം എന്നു പറഞ്ഞാൽ എന്താണ്? 'നല്ലനാളെ' എന്ന പുസ്തകത്തിൽ ആഹാരത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് വായിക്കുക. പോഷകാഹാരം വില കൂടിയ ആഹാരമല്ല. കുറഞ്ഞ വിലയ്ക്കും പോഷണം ലഭ്യമാക്കാം.

4. ആഹാരത്തെ പ്രമാണിത്തത്തിൻെറ അടയാളമായി എടുക്കുന്നവരുണ്ട്. അത് തെററാണ്. പല നല്ല പഴയ ആഹാരങ്ങളും നാമിപ്പോൾ ഉപേക്ഷിക്കുന്നു—ഉദാ: താളും തകരയും

5. ഉപയോഗശൂന്യമായ ആഹാരത്തിനുവേണ്ടി നാം മുതൽ മുടക്കുന്നു. പഠിതാക്കളുടെ വീടുകളിൽ ആരെങ്കിലും കുട്ടികൾക്ക് ബേബിഫുഡ് കൊടുക്കുന്നോ എന്നന്വേഷിക്കുക. മുലപ്പാലിൻെറ മാഹാത്മ്യം വ്യക്തമാക്കുക. ബേബിഫുഡുകൾ ചെയ്യുന്നത് ദ്രോഹമാണെന്നു പറയുക. 'നല്ലനാളെ' എന്ന പുസ്തകത്തിൽ ആവശ്യമായ വിവരങ്ങൾ ഉണ്ട്.

6. നല്ല കുടിവെള്ളത്തിൻെറ പ്രാധാന്യം പറയുക. കുടിവെള്ളം ശുദ്ധിയാക്കാൻ ചെലവാക്കുന്ന പ്രയത്നം വ്യർഥമല്ലെന്നു സമർഥിക്കുക. ഓരോരുത്തരുടെയും കുടിവെള്ള പ്രശ്നം ചർച്ച ചെയ്യുക. എല്ലാവർക്കും ശുദ്ധമായ കുടി

വെള്ളം ലഭ്യമാക്കാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുക. കേരള വാട്ടർ അഥോറിററി, ഡ്രിങ്കിങ് വാട്ടർ മിഷൻ, പഞ്ചായത്ത്, ബ്ലോക്ക്—എല്ലാവരുമായി ബന്ധപ്പെടുക.

7. കടുത്ത കുടിവെള്ള പ്രശ്നമുണ്ടെങ്കിൽ അത് പ്രോജക്ട് ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുക. പഠിതാക്കളുടെ യഥാർത്ഥ ജീവിത പ്രശ്നങ്ങളുടെ പരിഹാരം കാണാൻ അവരോടൊത്തു ശ്രമിച്ചുകൊണ്ടല്ലാതെ അവരിൽ താൽപര്യമുണ്ടാക്കാൻ കഴിയില്ല.

8. കുടിവെള്ളം പോലെ പ്രധാനമാണ് വൃത്തി. ഒരാൾക്ക് തന്റെ വീടിനകം വൃത്തിയാക്കിവെക്കാം. മററാരുടെയും സമ്മതം വേണ്ട. ഓരോ പഠിതാവും തങ്ങളുടെ വീട്ടിനകത്തെ വൃത്തിയെക്കുറിച്ച് ചിന്തിക്കട്ടെ. പറയട്ടെ. ചുററുപാട് വൃത്തിയായിരിക്കണമെങ്കിൽ എല്ലാവരും കൂടി ശ്രദ്ധിക്കണം. ചപ്പുചവറുകൾ വാരിവലിച്ചെറിയരുത്. ഒരു സ്ഥലത്ത് കൂട്ടണം. വെള്ളം കെട്ടിക്കിടക്കുന്നത് തടയണം. പരിസര ശുചീകരണത്തിനായി ഒരു കൂട്ടു പദ്ധതിക്ക് രൂപം നൽകുക. ചർച്ചയിലൂടെ.

9. എല്ലാവർക്കും വിശ്രമം വേണം. വിനോദവും വേണം. ചിലതരം വിനോദങ്ങൾ ആരോഗ്യത്തിന് ഹാനികരമാണ്—ഉദാഹരണത്തിന് മദ്യപാനം. സൂചന മാത്രം. വളരെ വിശദമായ ചർച്ച പഠിതാക്കൾ മുൻകൈയെടുക്കുന്നെങ്കിൽ മാത്രം മതി.

10. രോഗം വരാതെ നോക്കാൻ കുത്തിവെയ്പുകളുണ്ട്. 'നല്ല നാളെ'യിലെ രോഗപ്രതിരോധം നോക്കുക.

11. നമ്മിൽ നല്ലൊരു ശതമാനം പേർക്ക് വേണ്ട ആഹാരമോ, നല്ല വെള്ളമോ, വൃത്തിയുള്ള ചുററുപാടോ കിട്ടുന്നില്ല. എന്തുകൊണ്ട്? ചർച്ച.

പാഠം 4

കാരണം അറിയണം

ആദ്യത്തെ മൂന്നു പാഠങ്ങളുടെ 'റിവിഷൻ' ആണിത്. ഭൂരിഭാഗം സന്ദർഭങ്ങളിലും രണ്ട് ആഴ്ചയ്ക്കുള്ളിൽ ഈ പാഠത്തിൽ എത്തുന്നതായിരിക്കും. എഴുതാനുള്ള കൈവിരുത് കരസ്ഥമാക്കാനുള്ള അഭിവാഞ്ഛ ഇതിനകം പഠിതാക്കളിൽ ജനിപ്പിക്കുകയാണെങ്കിൽ അതൊരു വിജയമായിരിക്കും. ചുരുക്കം ചില സന്ദർഭങ്ങളിൽ പഠിതാക്കൾ തങ്ങളുടെ പേരെഴുതാൻ ഇതിനകം പഠിച്ചു കാണും. ഈ ക്ലാസോടുകൂടിയെങ്കിലും എല്ലാവരെയും എഴുത്തു പുസ്തകത്തിലേക്ക് പ്രവേശിപ്പിക്കുവാൻ കഴിയണം.

1. ഈ പാഠത്തിൻെറ മുഖ്യമായ ഊന്നൽ എന്തിനും കാരണമുണ്ട്, ആ കാരണം അറിഞ്ഞാലേ അതിൽ മാററം വരുത്താൻ പററൂ എന്നതാണ്.
2. ഒരു വശത്ത് കൊടിയ ദാരിദ്ര്യം. മറുവശത്ത് കണ്ണഞ്ചിക്കുന്ന സമ്പത്ത്—രണ്ടും നമുക്കു ചുററും കാണാം. ഇത് ഇങ്ങനെ ആയത് എന്തുകൊണ്ട്? മറെറന്ത് വിധത്തിലാണ് ആകേണ്ടത്? അങ്ങനെ ആക്കാൻ പററാത്തത് എന്തുകൊണ്ട്?
3. ചോദ്യം ചോദിക്കാൻ പഠിക്കണം. പഠിച്ചു ചോദിച്ചാലേ ചോദ്യം ശരിയാകൂ. ചോദ്യം ശരിയായാലേ ഉത്തരം കിട്ടൂ. ഉത്തരം കിട്ടിയാലേ പ്രവർത്തിക്കാൻ പററൂ.
4. രണ്ടുതരം പരീക്ഷണങ്ങൾ നടത്താം. ആദ്യത്തേതിൽ നമ്മുടെ കഷ്ടപ്പാടുകളുടെ—ജീവിത പ്രയാസങ്ങളുടെ—ഒരു ലിസ്ററ് തയ്യാറാക്കുക. അവ ഓരോന്നിനും കാരണമെന്തെന്നതിനെക്കുറിച്ച് ഒരു ചർച്ച നടക്കട്ടെ. സാക്ഷരതാപ്രവർത്തകൻ ചർച്ച മുറിയാതിരിക്കാൻ സഹായിച്ചാൽ മതി. സ്വന്തമായ 'ആധികാരിക' അഭിപ്രായങ്ങളോ 'ഉത്തര'ങ്ങളോ നൽകേണ്ടതില്ല. രണ്ടാമത്തേതിൽ കുറെക്കൂടി വിപുലമായ ഒരു പരീക്ഷണമാണ്. പഠിതാക്കൾ ഓരോരുത്തരും തങ്ങൾക്ക് അറിയണമെന്ന് ഏററവുമധികം മോഹമുള്ള പത്തു സംശയങ്ങൾ, അല്ലെങ്കിൽ ചോദ്യങ്ങൾ

ഉയർത്തട്ടെ. 'എന്ത്' വിഷയവുമാവാം. അവ പട്ടികപ്പെടുത്തുക. എന്നിട്ട് പൊതുവായ ചോദ്യങ്ങൾ ആവർത്തിക്കാതെ, ക്ലാസിന്റെ മൊത്തം പട്ടിക ഉണ്ടാക്കുക. തനിക്ക് സ്വയം ഉത്തരം നൽകാൻ പററുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. ക്ലാസിന്റെ മൊത്തം ചോദ്യപ്പട്ടിക ഒരു കടലാസിൽ എഴുതി തനിക്ക് ഉത്തരം അറിയാത്തവയ്ക്കെതിരെ × അടയാളമിട്ട് എറണാകുളത്തെ പ്രോജക്ട് ആഫീസിലേക്ക് അയയ്ക്കുക. കോഴ്സ് തീരുന്നതിനു മുമ്പ്, അവയിൽ പരമാവധി ചോദ്യങ്ങളുടെ ഉത്തരങ്ങൾ തയ്യാറാക്കി സാക്ഷരതാപ്രവർത്തകന് അയച്ചു കൊടുക്കുന്നതാണ്. അത് ഉപയോഗിച്ച് പഠിതാക്കളുടെ സംശയം തീർക്കാവുന്നതാണ്.

പാഠം 5

ഞാൻ ആരാണ്?

പാഠം 5, പാഠം 8, പാഠം 9 എന്നിവ തുടർച്ചയായാണ് പഠിപ്പിക്കേണ്ടത്. നമ്മൾ ഓരോരുത്തരും ഈ സമൂഹത്തിലെ അംഗങ്ങളാണെന്നും അതോടൊപ്പം തന്നെ ഈ മഹാപ്രപഞ്ചത്തിന്റെ ഭാഗമാണെന്നും ഉള്ള ധാരണ പഠിതാക്കൾക്ക് വ്യക്തമാക്കിക്കൊടുക്കലാണ് ഈ പാഠങ്ങളുടെ പൊതു ലക്ഷ്യം.

1. ആദ്യം പാഠം 5 വായിക്കുക. ഗോപാലന്റെ വീട്ടുപേര്, വാർഡ് എന്നിവ പാഠത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതുപോലെ ഓരോ പഠിതാവിനെ കൊണ്ടും വീട്ടുപ്പേര്, വീട്ടിലെ അംഗങ്ങളുടെ എണ്ണം, വാർഡിന്റെ (ഡിവിഷന്റെ) പേര് അല്ലെങ്കിൽ നമ്പർ, പഞ്ചായത്തിന്റെ (മുൻസിപ്പാലിററി/ കോർപ്പറേഷൻ) പേര് മുതലായവ സംഭാഷണത്തിനിടയിൽ പറയിക്കുക. ക്ലാസിലെ പഠിതാക്കൾ എല്ലാവരും ഒരേ വാർഡുകാരും (ഡിവിഷൻ) ഒരേ പഞ്ചായത്തുകാരും (മുൻസിപ്പാലിററി/ കോർപ്പറേഷൻ) ആയിരിക്കുമല്ലോ.
2. സ്വന്തം വാർഡിന്റെ (ഡിവിഷന്റെ) പ്രത്യേകതകൾ, വാർഡിലെ (ഡിവിഷനിലെ) വീടുകളുടെ എണ്ണം, ജനസംഖ്യ,

അടിയന്തിരമായി പരിഹരിക്കേണ്ടുന്ന പ്രശ്നങ്ങൾ—കുടിവെള്ളം, വൈദ്യുതി, ആശുപത്രിസൗകര്യം-എന്നിവയെക്കുറിച്ചെല്ലാം ചർച്ച ചെയ്യാം.

3. പഞ്ചായത്തിൻെറ (മുൻസിപ്പാലിററി, കോർപ്പറേഷൻ) മാപ്പ് ഉപയോഗിച്ച് വാർഡിൻെറ സ്ഥാനം കാണിച്ചുകൊടുക്കണം. മററു വാർഡുകൾ, പഞ്ചായത്തിൻെറ പൊതുവായ പ്രശ്നങ്ങൾ ഇവയെക്കുറിച്ചും ഹ്രസ്വമായി ചർച്ച ചെയ്യാം.

4. തുടർന്ന് പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാനം, രാഷ്ട്രം ഇവ തമ്മിലുള്ള പരസ്പര ബന്ധം വിശദീകരിക്കാം. എറണാകുളം ജില്ലയുടെയും കേരളത്തിൻെറയും ഇന്ത്യയുടെയുംമാപ്പുകൾ ഉപയോഗിച്ച്‌വിശദീകരിക്കണം,

5. ജില്ലയെ പഞ്ചായത്തുകളായും ബ്ലോക്കുകളായും വിഭജിച്ചിട്ടുള്ളതിനു പുറമെ വില്ലേജുകളായും താലൂക്കുകളായും വിഭജിച്ചിട്ടുണ്ട്. കൊച്ചി, ആലുവ, പറവൂർ, കണയന്നൂർ കുന്നത്തുനാട്, കോതമംഗലം, മൂവ്വാററുപുഴ എന്നിങ്ങനെ ഏഴ് താലൂക്കുകളാണ് എറണാകുളം ജില്ലയിലുള്ളത്.

6. പഠിതാക്കൾക്ക് തങ്ങളുടെ പഞ്ചായത്താഫീസ്, ബ്ലോക്കാഫീസ്, വില്ലേജ് ഓഫീസ്, താലൂക്കാഫീസ്, കലക്ടറേററ് എന്നിവ എവിടെയാണെന്ന് പറഞ്ഞു കൊടുക്കണം. പഠനകാലയളവിനുള്ളിൽ ഇതിൽ ചില ഓഫീസുകൾ കൂട്ടായി സന്ദർശിക്കാൻ അവസരമുണ്ടാക്കാവുന്നതാണ്. ഈ ഓഫീസുകളുമായി ബന്ധപ്പെട്ട് പഠിതാക്കൾക്കുള്ള അനുഭവങ്ങൾ ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണം.

7. ജില്ലയിലെ ഇതര പഞ്ചായത്തുകൾ, ബ്ലോക്കുകൾ: കേരളത്തിലെ മററു ജില്ലകൾ; ഇന്ത്യയിലെ മററു സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയുടെയെല്ലാം പേരുകൾ പരിചയപ്പെടുത്തിക്കൊടുക്കുക. പഠിതാക്കളിൽ ചിലരുടെ ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെ അയൽ ജില്ലകളിലോ അയൽ സംസ്ഥാനങ്ങളിലോ ജോലി ചെയ്യുന്നുണ്ടാകും. അതേക്കുറിച്ചുള്ള ചർച്ചകളാവാം.

8. ഓരോ വ്യക്തിക്കും ഓരോ കുടുംബത്തിനും ഓരോ ബ്ളോക്കിനും ഓരോ ജില്ലക്കും ഓരോ സംസ്ഥാനത്തിനും ഓരോ രാജ്യത്തിനും അവയുടേതായ പ്രത്യേകതകളുണ്ട്, പ്രശ്നങ്ങളുമുണ്ട്. അതേസമയം പൊതുവായ പ്രശ്നങ്ങളുമുണ്ട്. പൊതുവായ പ്രശ്നങ്ങൾ ഹരിഹരിക്കുന്നതിന് വാർഡുകൾ തമ്മിലും ജില്ലകൾ തമ്മിലും സംസ്ഥാനങ്ങൾ തമ്മിലും സഹകരിച്ചേ തീരൂ. ഇത്തരം പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാരങ്ങളെക്കുറിച്ചും ചർച്ച ചെയ്യുക.
9. പഞ്ചായത്ത്, (മുൻസിപ്പാലിററി, കോർപ്പറേഷൻ) ബ്ളോക്ക്, വില്ലേജ്, താലൂക്ക്, സംസ്ഥാനം, രാജ്യം എന്നീ തലങ്ങളിലെ ഭരണസംവിധാനങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുക.
10. നാം ഓരോരുത്തരും ഒരു വാർഡിലെയും പഞ്ചായത്തിലെയും താമസക്കാരാണ്. എറണാകുളം ജില്ലക്കാരാണ്. അതേസമയം നാം കേരളീയരാണ്. നാം ഇന്ത്യാക്കാരാണ്. നമ്മൾ അടക്കമുള്ള 75 കോടി ജനങ്ങളാണ് ഇന്ത്യാരാജ്യത്തിന്റെ ഭാഗധേയത്തിന് ഉടമകളും സ്രഷ്ടാക്കളും.
11. പാഠത്തിൽ പറഞ്ഞിരിക്കുന്ന ആശയങ്ങളെക്കുറിച്ചുള്ള ചർച്ച ഏതെല്ലാം വഴികളിലൂടെ പോയാലും ഒടുവിൽ എഴുത്തിലേക്കും വായനയിലേക്കും തിരിച്ചു കൊണ്ടു വരണം.

പാഠം 6, 7

എണ്ണാൻ പഠിക്കാം, അരമുറി തേങ്ങ

അക്കങ്ങളുടെയും അംശങ്ങളുടെയും ലോകത്തേക്ക് പഠിതാവിനെ കൊണ്ടുപോകാനുള്ള പാഠങ്ങളാണിവ. ഏറെ ലളിതമാണെന്ന് തോന്നാം. പഠിതാക്കളിൽ മിക്കവരും ഇതിൽ പറഞ്ഞതിനേക്കാൾ വളരെ കൂടുതൽ അറിയുന്നവരായിരിക്കും. എങ്കിലും ചിട്ടപ്പെടുത്തി പഠിച്ചാലേ കൂടുതൽ സങ്കീർണമായ കണക്കുകൾ ചെയ്യാൻ പററൂ. അത് ആവശ്യവുമാണ്.

1. ആറാം പാഠത്തിൽ ഏററവും ലളിതമായ കൂട്ടലാണ് കാണിച്ചിട്ടുള്ളത്. പഠിതാക്കളുടെ സങ്കലനശേഷി—കൂട്ടാനുള്ള

കഴിവ്—തിട്ടപ്പെടുത്തുക. ബസുകൂലി, സാധനങ്ങളുടെ വില, ആളുകളുടെ എണ്ണം....എന്തുവേണമെങ്കിലും എണ്ണത്തിൻെറ ആവശ്യത്തിനായി എടുക്കാം

2. 1 മുതൽ 9 വരെയും പൂജ്യവും എഴുതാൻ പഠിക്കണം. എഴുത്തു പുസ്തകത്തിൽ സംഖ്യകൾ എഴുതിപ്പിക്കുക. രണ്ടക്ക, മൂന്നക്ക സംഖ്യകൾ മനസിലാകുമോ എന്ന് നോക്കുക.

3. ഭിന്നിതത്തിൻെറ ഹരിശ്രീ പഠിപ്പിക്കലാണ് ഏഴാം പാഠത്തിൻെറ ഉദ്ദേശ്യം. (അരമുറി, എന്നത് ഒരു ശൈലി മാത്രമാണ്). ഭിന്നിതം എന്നുള്ളത് ഭീകരമായ ഒന്നല്ലെന്ന് വ്യക്തമാക്കുക. 'ഭിന്നിതം' എന്ന വാക്ക് തുടക്കത്തിൽ ഉപയോഗിക്കുകയേ വേണ്ട. കാര്യങ്ങൾ നടത്തിയാൽ മതി.

4. പല സാധനങ്ങളും പങ്കുവെക്കേണ്ടിവരും. പലർക്കുമായി 'പങ്കുവെക്കൽ' എന്ന പ്രക്രിയയിലൂടെ, അംശം അഥവാ ഭാഗം എന്ന ആശയം മാത്രമല്ല, ഹരണപ്രക്രിയകൂടി എളുപ്പത്തിൽ പരിചയപ്പെടുത്താവുന്നതാണ്. അതിനുകൂടി ഈ പാഠം ഉപയോഗിക്കണം.

5. കൂട്ടത്തിൽ തേങ്ങയുടെ വിലയേയും വിലയിടിവിനേയും കാററുവീഴ്ചയേയും മററു രോഗങ്ങളേയും ഉൽപാദനക്ഷമതയേയും ഒക്കെപ്പററി സംസാരിക്കാനായും ഈ സന്ദർഭം ഉപയോഗിക്കാം.

6. നമ്മുടെ തെങ്ങുകളുടെ ഉൽപാദനക്ഷമതയും കേരളത്തിലെ മൊത്തം തേങ്ങ ഉല്പാദനവും കുറഞ്ഞുവരികയാണ്. അടുത്ത ഭാവിയിൽത്തന്നെ മൊത്തം തേങ്ങയുൽപാദനത്തിൽ തമിഴ്നാട് കേരളത്തിന് മുന്നിലാകാൻ സാധ്യതയുണ്ട്.

7. തേങ്ങയെയും തെങ്ങിനെയും പററിയുള്ള ചർച്ച നടത്തിയാലും അതിലല്ല, കണക്കിലാണ് ക്ലാസ്—ചർച്ച—അവസാനിപ്പിക്കേണ്ടത്.

8. ഈ പാഠങ്ങളുടെ തുടർച്ചയായി പഠിതാക്കളെക്കൊണ്ട് ചെറിയ ചില കണക്കുകൾ ചെയ്യിക്കണം. വീട്ടുസാധനങ്ങ

ളുടെ വിലകരം കൂട്ടുക തുടങ്ങിയ പരിചിതമായ കണ ക്കുകരം മതി. ഭിന്നസംഖ്യയുടെ ആശയം വ്യക്തമാക്കുന്നതിന്ന് കാർഡ്ബോർഡിൽ രൂപങ്ങരം വരച്ച്, മുറിച്ചു കാണിക്കാം.

പാഠം 8

സൂര്യനും നമ്മളും

പാഠം അഞ്ചിൽ പറഞ്ഞ കാര്യങ്ങരം ഓർമിപ്പിച്ചുകൊണ്ടു വേണം ഈ പാഠത്തിലേക്ക് കടക്കാൻ. പാഠം അഞ്ച് ഒരിക്കൽ കൂടി വായിച്ച്, അതിൻെറ തുടർച്ചയായി പാഠം എട്ട് വായിക്കുക. ഈ പാഠം മൂന്നു ദിവസം കൊണ്ട് പൂർത്തിയാക്കിയാൽമതി. (5 പോയിൻറുകരം ഒരു ദിവസം)

1. വാർഡ്, പഞ്ചായത്ത്, ബ്ളോക്ക്, ജില്ല, സംസ്ഥാനം എന്നിങ്ങനെയുള്ള വിഭജനങ്ങരം പിന്നിട്ട് നാം ഇന്ത്യാരാജ്യം വരെയാണ് പാഠം അഞ്ചിൽ എത്തിയത്. ലോകത്തിൽ ഇന്ത്യാരാജ്യം മാത്രമേ ഉള്ളോ? അല്ല. മററനേകം രാജ്യങ്ങളുണ്ട്.
2. ആദ്യം നമ്മുടെ അയൽ രാജ്യങ്ങളെക്കുറിച്ച് പറയുക. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, നീപ്പാരം, സിലോൺ, ബർമ്മ, ചൈന....ഈ രാജ്യങ്ങളെല്ലാം ഭൂപടത്തിൽ കാണിച്ചുകൊടുക്കണം. ഇവിടങ്ങളിലെ കാര്യങ്ങളെക്കുറിച്ച് പലതും പഠിതാക്കരം കേട്ടറിഞ്ഞിരിക്കും. അതുമായി ബന്ധപ്പെട്ട് ചർച്ചകരം നടത്തണം.
3. തുടർന്ന് വൻകരകളുടെ പേരുകരം പറയുകയും അവ ഭൂപടത്തിൽ കാണിച്ചുകൊടുക്കുകയും ചെയ്യുക. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ആസ്ത്രേലിയ, അൻറാർട്ടിക്ക എന്നീ വൻകരകരം. പല രാജ്യങ്ങളെക്കുറിച്ചും പഠിതാക്കരം കേട്ടിരിക്കും. ആ രാജ്യങ്ങരം ഭൂപടത്തിൽ കാണിച്ചുകൊടുക്കണം. ഉദാഹരണമായി ഗരംഫ് രാജ്യങ്ങരം, ബ്രിട്ടൻ, റഷ്യ, അമേരിക്ക ഇവയെല്ലാം.
4. ഭൂമിയുടെ മുന്നിലൊന്നു ഭാഗം കരയും മൂന്നിൽ രണ്ടു ഭാഗം കടലും ആണെന്ന ആശയം ശ്രദ്ധാപൂർവം വിശദമാ

ക്കണം. അതുപോലെ തന്നെ ഭൂമിക്ക് ഉരുണ്ട ആകൃതിയാണെന്ന കാര്യവും. ഭൂപടവും ഭൂഗോളവും (ഗ്ലോബ്) ഒരുമിച്ച് ഉപയോഗിച്ച് ഇക്കാര്യം വ്യക്തമാക്കിക്കൊടുക്കണം. ഭൂഗോളത്തെ, മനസിലാക്കാനുള്ള സൗകര്യത്തിനുവേണ്ടി "പരത്തി" വരച്ചതാണ് ഭൂപടം എന്ന കാര്യം വ്യക്തമാക്കുക. (ഈ ആശയങ്ങളൊന്നും പഠിതാക്കളിൽ അടിച്ചേല്പിക്കുകയല്ല വേണ്ടത്; അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചകളിലൂടെ ക്രമേണ ബോധ്യപ്പെടുത്തുകയാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക).

5. തുടർന്ന് ഭൂമിയുടെ വലിപ്പത്തെ സംബന്ധിച്ചുള്ള ധാരണ നൽകണം. പഠിതാക്കൾക്ക് പരിചിതമായ ഒരു ദൂരം എടുക്കുക. ഒരു കിലോമീററർ. കേരളത്തിന്റെ വടക്കേ അററം മുതൽ തെക്കേ അററം വരെയുള്ള ദൂരം 590 കിലോമീറററാണ്. ഭൂമിയുടെ കാര്യമോ? ഭൂമധ്യരേഖയിലൂടെ ഒരു കമ്പ് കുത്തിക്കയററി മറുപുറത്തെത്തിക്കണം എന്നിരിക്കട്ടെ. ആ കമ്പിന് 12,756 കി. മീ. നീളം വേണം. അതുപോലെ ഉത്തരധ്രുവത്തിൽ നിന്ന് ഒരു കമ്പ് കുത്തിക്കയററി ദക്ഷിണധ്രുവം വരെ എത്തിക്കുന്നു എന്നിരിക്കട്ടെ. ആ കമ്പിന് 12,712 കി. മീ. നീള, വേണം. ഈ രണ്ടു നീളങ്ങളും തമ്മിലുള്ള വ്യാത്യാസം ശ്രദ്ധിക്കുക. ഈ വ്യത്യാസമാണ് ഭൂമി "ഉരുണ്ട മത്തങ്ങ" പോലെയാണ് എന്ന് പറയാൻ കാരണം. മത്തങ്ങയുടെ മുകൾ വശവും കീഴ്വശവും അകത്തേക്ക് അല്പം പതിഞ്ഞിരിക്കുമല്ലോ. അതുപോലെ തന്നെ ഭൂമിയുടെ മുകൾവശവും കീഴ്വശവും അല്പം അകത്തോട്ട് പതിഞ്ഞിരിക്കും.

6. ഭൂമിയുടെ ഒരററത്ത് ഒരു കുററി നാട്ടി ഒരു ചരട് അതിൽ കെട്ടുന്നു എന്നിരിക്കട്ടെ. ആ ചരടിന്റെ തുമ്പ് ഭൂമിയെ ഒരു വട്ടം ചുററിച്ച്, ആദ്യത്തെ കുററിയിൽ തന്നെ കെട്ടണം എന്നിരിക്കട്ടെ. ചരടിന്റെ നീളം (ഭൂമിയുടെ ചുററളവ്) ഏതാണ്ട് 40000 കിലോ മീററർ ആയിരിക്കും.

ഭൂമിയുടെ ചുററളവ്, വ്യാസം തുടങ്ങിയവ എളുപ്പത്തിൽ സങ്കൽപിക്കാൻ കഴിയാത്തത്ര വലിയ ദൂരങ്ങളായതു

കൊണ്ട്, പരിചിതമായ ഉദാഹരണങ്ങളുമായി ബന്ധപ്പെടുത്തി, സാവകാശത്തിൽ വേണം ഈ ആശയങ്ങൾ അവതരിപ്പിക്കാൻ.

7. ഭൂമിയുടെ വലിപ്പത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കിക്കഴിഞ്ഞാൽ, ഭൂമി കറങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന ആശയം ചർച്ചക്കെടുക്കണം. നമ്മൾ ഭൂമിയുടെ ഭാഗമായതുകൊണ്ടാണ് ആ കറക്കം നമുക്കനുഭവപ്പെടാത്തത്. സൂര്യൻ ഉദിക്കുന്നതായും അസ്തമിക്കുന്നതായും തോന്നുന്നതിനു കാരണം ഭൂമിയുടെ കറക്കമാണ്. ഭൂമിക്ക് ഒരു വട്ടം സ്വയം കറങ്ങാൻ 24 മണിക്കൂർ (1 ദിവസം) വേണം. നമുക്ക് പകലായിരിക്കുമ്പോൾ ഭൂഗോളത്തിന്റെ മറുഭാഗത്ത് രാത്രിയായിരിക്കും (അവിടത്തെ ആളുകൾ തലകുത്തിയല്ല നടക്കുന്നത്!) തുടങ്ങിയ ആശയങ്ങൾ ചർച്ച ചെയ്യുന്നത് രസകരമായിരിക്കും.

8. ഭൂമിയുടെ വലിപ്പം, ആകൃതി, കറക്കം എന്നിവയെക്കുറിച്ച് ഏകദേശ ധാരണ ഉറപ്പിക്കാൻ കഴിഞ്ഞാൽ സൂര്യൻ, ഗ്രഹങ്ങൾ, സൗരയൂഥം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യാം.

   സൂര്യന്റെ വലിപ്പം, ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള അകലം, സൂര്യൻ ഒരു നക്ഷത്രമാണ് എന്ന വസ്തുത, നക്ഷത്രങ്ങളും ഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസം ഇവയെല്ലാം ചർച്ചയിൽ വരുന്നത് നന്ന്.

9. ഈ പാഠത്തിൽ ലക്ഷം, കോടി തുടങ്ങിയ ആശയങ്ങൾ കൂടക്കൂടെ ഉപയോഗിക്കേണ്ടി വരുമല്ലോ. അതുകൊണ്ട് ഈ പാഠവുമായി ബന്ധപ്പെടുത്തി അക്ഷര (സാക്ഷരതാ പാഠാവലി) ത്തിലെ 23–ാം പാഠം (ലക്ഷവും കോടിയും) ഒന്നു രണ്ടു വട്ടം വായിക്കുന്നതും പഠിതാക്കളെക്കൊണ്ട് വലിയ സംഖ്യകൾ (ഉദാ: 1000000, 10000000 തുടങ്ങിയവ) എഴുതിക്കുന്നതും നന്നായിരിക്കും. ഒന്നും (1) പൂജ്യവും (0) എളുപ്പത്തിൽ എഴുതാവുന്ന സംഖ്യകളാണല്ലോ.

10. സൂര്യന്റെ ഒരററത്തു നിന്ന് മറേറ അററത്തേക്ക് ഒരു കമ്പ് കുത്തിക്കയററണമെങ്കിൽ ആ കമ്പിന് 13,92,000 കിലോ

മീററർ (പതിമൂന്ന് ലക്ഷത്തിതൊണ്ണൂററിരണ്ടായിരം കി. മീ) നീളം വേണം. മറെറാരു തരത്തിൽ പറഞ്ഞാൽ 108 ഭൂമി തൊട്ടുതൊട്ടു വച്ചാലേ സൂര്യൻെറ ഒരററത്തു നിന്നു മറേറ അററത്തെത്തൂ. സൂര്യനും ഉരുണ്ടിട്ടാണ്. സൂര്യ ഗോളം നിറയ്ക്കാൻ 10 ലക്ഷം ഭൂഗോളങ്ങൾ (പത്തു ലക്ഷം ഭൂഗോളങ്ങൾ) വേണം. ഇത് ചിത്രം വരച്ച് വിശദമാക്കുക.

11. ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള ശരാശരി ദൂരം 15 കോടി കിലോമീററാണ്. സൂര്യനിൽ നിന്നാണ് നമുക്ക് പ്രകാശം ലഭിക്കുന്നത്. പ്രകാശം ഒരു സെക്കൻെറിൽ 3 ലക്ഷം (മൂന്ന് ലക്ഷം) കിലോമീററർ വേഗത്തിൽ സഞ്ചരി ക്കുന്നു. ഒരു പ്രകാശരശ്മി സൂര്യനിൽ നിന്ന് പുറപ്പെട്ട് ഭൂമിയിലെത്താൻ എട്ടു മിനിററ് സമയം വേണം.

12. സൂര്യൻെറ വലിപ്പം, ഭൂമിയിൽ നിന്നു സൂര്യനിലേക്കുള്ള അകലം ഇവ പരാമർശിച്ചു കഴിഞ്ഞാൽ സൗരയൂഥത്തെക്കു റിച്ച് വിശദീകരിക്കാം. സൗരയൂഥത്തിൻെറ വലിയൊരു ചിത്രം ക്ലാസിൽ വരച്ചു വയ്ക്കണം. ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി (ശുക്രൻ), ശനി എന്നിവ ഭൂമിയെപ്പോലെ സൂര്യനെ ചുററുന്ന ഗ്രഹങ്ങളാണ്. ഇതിൽ ചൊവ്വ, ബുധൻ, വെള്ളി (ശുക്രൻ), പ്ലൂട്ടോ എന്നിവ ഭൂമിയേ ക്കാൾ ചെറുതാണ്. മററുള്ളവ ഭൂമിയേക്കാൾ വലുതും. വ്യാഴം ഭൂമിയേക്കാൾ വളരെ വലുതാണ്. പത്തു ഭൂമി തൊട്ടു വച്ചാലേ വ്യാഴത്തിൻെറ ഒരററത്തു നിന്ന് മറേറ അററം വരെ എത്തൂ. ആയിരം ഭൂഗോളങ്ങൾ വേണം വ്യാഴം നിറയ്ക്കാൻ. ഇതിൽ പല ഗ്രഹങ്ങളെയും കുറിച്ചു പഠി ക്കുന്നതിനായി മനുഷ്യൻ കൃത്രിമ ഉപകരണങ്ങൾ അയ ക്കുകയും ഫോട്ടോ എടുക്കുകയും ചെയ്തു കഴിഞ്ഞി രിക്കുന്നു എന്ന കാര്യം എടുത്തു പറയണം.

13. സൗരയൂഥത്തെ പരിചയപ്പെടുത്തിയശേഷം ചന്ദ്രനെക്കു റിച്ച് പറയണം. ഭൂമിക്കുചുററും കറങ്ങുന്ന ഒരു ഉപഗ്രഹ മാണ് ചന്ദ്രൻ. ചന്ദ്രനിൽ മലകളും സമതലങ്ങളുമുണ്ട്. ഇതിനകം പലവട്ടം മനുഷ്യർ ചന്ദ്രനിലിറങ്ങിക്കഴിഞ്ഞു. ചന്ദ്രനിൽ വായുവോ വെള്ളമോ ഇല്ല. ഏകദേശം 3,90000

കിലോമീററാണ് ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള ദൂരം. ഭൂമിയേക്കാൾ ചെറുതാണ് ചന്ദ്രൻ. സൂര്യന്റെ വ്യാസം, ചന്ദ്രന്റെ വ്യാസത്തിന്റെ ഏതാണ്ട് 400 മടങ്ങാണ്. ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ളദൂരം, ഭൂമിയിൽനിന്ന് ചന്ദ്രനിലേക്കുള്ള ദൂരത്തിന്റെ ഉദ്ദേശം 400 മടങ്ങാണ്. ഈ ദൂരവ്യത്യാസംമൂലം ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യനും ചന്ദ്രനും ഒരേ ''വട്ട''മാണെന്ന് നമുക്ക് തോന്നുന്നു.

14. രാത്രി, മാനത്ത് ധാരാളം നക്ഷത്രങ്ങളെ കാണാം. അവയെപ്പോലെ തന്നെയുള്ള ഒരു നക്ഷത്രമാണ് സൂര്യനും. പക്ഷെ മററെല്ലാ നക്ഷത്രങ്ങളേയും അപേക്ഷിച്ച് നമ്മോട് 'വളരെ അടുത്താ'ണ് സൂര്യൻ. അതുകൊണ്ടാണ് സൂര്യന് ഇത്ര തിളക്കവും ശോഭയും. സൂര്യന്റെ ഈ ശോഭ കാരണമാണ് പകൽസമയത്ത് മററു നക്ഷത്രങ്ങളെ നമുക്ക് കാണാൻ കഴിയാത്തത്.

15. മററു നക്ഷത്രങ്ങളെ അപേക്ഷിച്ച് വളരെ അടുത്താണ് സൂര്യൻ എന്നു പറഞ്ഞു. എത്ര അടുത്താണ്? 15 കോടി കിലോമീററർ അടുത്ത്....ഇതാണോ അടുപ്പം....അതെ. നക്ഷത്രങ്ങളുടെ ലോകത്തെത്തുമ്പോൾ പത്തും പതിനഞ്ചും കോടി കിലോമീററർ ചെറിയ ദൂരങ്ങളാണ്.

കുറിപ്പ്: ഈ പാഠം ഒററ ദിവസം കൊണ്ട് എടുത്തു തീർക്കേണ്ടതില്ല. രണ്ടോ മൂന്നോ ദിവസം കൊണ്ട്, ആശയങ്ങൾ ഘട്ടം ഘട്ടമായി വികസിപ്പിക്കണം. മനുഷ്യൻ ചന്ദ്രനിലിറങ്ങിയകാര്യം, അന്യഗ്രഹങ്ങളിലേക്ക് ഉപഗ്രഹങ്ങൾ പോകുന്നകാര്യം ഇവ വിശദീകരിച്ച് കൊടുക്കണം. വലിയ അകലങ്ങൾ, വലിപ്പങ്ങൾ ഇവയെക്കുറിച്ച് പടിപടിയായി ധാരണ നൽകണം. കഴിയുന്നത്ര ചിത്രങ്ങൾ പഠിതാക്കൾക്ക് കാണിച്ചുകൊടുക്കണം. ടെലസ്കോപ്പിലൂടെ ചന്ദ്രന്റെ ഉപരിതലവും വ്യാഴത്തിന്റെ ഉപഗ്രഹങ്ങളും മററും കാണിച്ചുകൊടുക്കുന്നത് വളരെ പ്രയോജനപ്രദമാവും

അധ്യാപകർ ഏതാനും പുസ്തകങ്ങൾ വായിച്ച് ഈ വിഷയം നല്ലപോലെ മനസ്സിലാക്കുന്നത് ക്ളാസുകൾ കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കും. ''പ്രപഞ്ചരേഖ'', ''വിശ്വരേഖ'' എന്നീ പുസ്തകങ്ങൾ ഇതിന് ഉപകരിക്കും.

പാഠം 9

മഹാപ്രപഞ്ചം

നാം നമ്മുടെ വീട്ടിൽ നിന്നും വാർഡിൽനിന്നും തുടങ്ങി, സംസ്ഥാനവും രാജ്യവും വൻകരയും കടന്ന് സൗരയൂഥം വരെ എത്തി. ഇനി സൗരയൂഥത്തിനും അപ്പുറത്തെന്താണ് എന്നു നോക്കാം.

1. സൗകര്യപ്രദമാവുമെങ്കിൽ ഈ ക്ലാസ് അല്പനേരത്തെ നക്ഷത്രനിരീക്ഷണത്തോടുകൂടി ആരംഭിച്ചാൽ നന്നായിരിക്കും. ഈ ക്ലാസിന്റെ തലേദിവസം, ആകാശത്തു കാണുന്ന കാര്യങ്ങൾ ശ്രദ്ധിക്കാൻ പഠിതാക്കളോട് പറഞ്ഞാലും മതിയാവും. എന്നിട്ട് ആകാശത്തു കണ്ട കാഴ്ചകളെ സംബന്ധിച്ചുള്ള ചർച്ചയോടെ ക്ലാസ് തുടങ്ങുക. നക്ഷത്രങ്ങളുടെ എണ്ണം, പ്രകാശം, പേരുകൾ, നക്ഷത്രങ്ങളെ സംബന്ധിച്ച് പഠിതാക്കൾക്ക് അറിയാവുന്ന മററു കാര്യങ്ങൾ എന്നിവയെല്ലാം ചർച്ചാവിഷയമാക്കാം.

2. രാത്രിയിൽ നാം കാണുന്ന നക്ഷത്രങ്ങളെപ്പോലെ ഒരു നക്ഷത്രമാണ് സൂര്യൻ എന്ന കാര്യം ഒരിക്കൽകൂടി വ്യക്തമാക്കുക. ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള ദൂരം 15 കോടി കിലോമീററർ (150000000 കി. മീ) ആണ് എന്നു നാം കണ്ടു. അപ്പോൾ മററു നക്ഷത്രങ്ങളിലേക്കുള്ള ദൂരമോ? അനേകം കോടി കിലോമീററർ വരും. സൂര്യൻ കഴിഞ്ഞാൽ പിന്നെ ഭൂമിയോട് ഏററവുമടുത്തുള്ള നക്ഷത്രത്തിന്റെ പേര് "പ്രോക്സിമാസെൻറാരി" എന്നാണ്. ശോഭ തീരെ കുറഞ്ഞ ഈ നക്ഷത്രത്തെ വെറും കണ്ണുകൊണ്ട് കാണാനാവില്ല. ഇതിലേക്കുള്ള അകലം 40 ലക്ഷം കോടി കിലോമീറററാണ്.

3. അശ്വതി, ഭരണി, കാർത്തിക, രോഹിണി തുടങ്ങിയ 27 നാളുകളുടെ പേരുകളും ചിങ്ങം, കന്നി, തുലാം, വൃശ്ചികം തുടങ്ങിയ മാസങ്ങളുടെ പേരുകളും പഠിതാക്കൾക്ക് പരിചിതമായിരിക്കും. ഈ പേരുകളും നക്ഷത്രങ്ങളും തമ്മിൽ ബന്ധമുണ്ട്. ഇവ ഒററ നക്ഷത്രങ്ങളുടെയോ

ഏതാനും നക്ഷത്രങ്ങളടങ്ങുന്ന ഒരു നക്ഷത്രക്കൂട്ടത്തിന്റെയോ പേരുകളാണ്. ഉദാഹരണമായി അശ്വതി, ഭരണി, കാർത്തിക എന്നിവ ഒന്നിലധികം നക്ഷത്രങ്ങളടങ്ങിയ നക്ഷത്രക്കൂട്ടങ്ങളുടെ പേരുകളാണ്. തിരുവാതിര എന്നത് ഒരു ഒററ നക്ഷത്രത്തിന്റെ പേരാണ്. ഇവയിൽ മിക്കവയേയും മാനത്തുനോക്കി എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയും. അശ്വതി, ഭരണി, കാർത്തിക തുടങ്ങിയ 27 നാളുകളെ 12 ആയി ഭാഗിച്ചാണ് മേടം ഇടവം, മിഥുനം, കർക്കിടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം എന്നിങ്ങനെ 12 രാശികൾ അഥവാ മാസങ്ങൾ ലഭിക്കുന്നത്. പഠിതാക്കൾക്ക് സുപരിചിതമായ ചില നക്ഷത്രങ്ങളും രാശികളും മാനത്ത് കാണിച്ചു കൊടുക്കാൻ അധ്യാപകർക്ക് കഴിയണം. ജനശിക്ഷണനിലയത്തിലോ വായനശാലയിലോ ഉള്ള ആൽബങ്ങളുടെ സഹായത്തോടെ നക്ഷത്രങ്ങളെ എളുപ്പത്തിൽ തിരിച്ചറിയാം.

4. നക്ഷത്രങ്ങളിൽ ചിലതിനെ പരിചയപ്പെടുത്തിക്കഴിഞ്ഞ ശേഷം നക്ഷത്രങ്ങളുടെ എണ്ണം, അവയിലേക്കുള്ള ദൂരം എന്നീ ആശയങ്ങളിലേക്കു തിരിച്ചുവരണം. തെളിഞ്ഞ മാനത്തു നോക്കിയാൽ നമുക്ക് എത്ര നക്ഷത്രങ്ങളെ കാണാം? രണ്ടായിരമോ മൂവായിരമോ....പക്ഷെ അതിനപ്പുറത്തും നക്ഷത്രങ്ങളുണ്ട്. എണ്ണിയാൽ തീരാത്ത അത്ര നക്ഷത്രങ്ങൾ. കോടിക്കോടിക്കോടിക്കണക്കിന്. കടൽത്തീരത്ത് എത്ര മണൽത്തരിയുണ്ട് എന്നു നമുക്കറിയില്ലല്ലോ....അതുപോലെത്തന്നെയാണ് ഈ പ്രപഞ്ചത്തിലെ നക്ഷത്രങ്ങളുടെ എണ്ണവും.

5. നക്ഷത്രങ്ങളുടെ എണ്ണം എത്രയെന്ന് നമുക്കറിയില്ല. അതുപോലെ തന്നെയാണ് അവയിലേക്കുള്ള ദൂരത്തിന്റെ കാര്യവും. നക്ഷത്രങ്ങളിലേക്കുള്ള ദൂരം പറയാൻ ലക്ഷവും കോടിയും ഒന്നും പോരാ. ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള ദൂരം 15 കോടി കിലോമീററാണെന്ന് കണ്ടു. അതുകഴിഞ്ഞാൽ ഭൂമിയോട് ഏററവുമടുത്ത നക്ഷത്രത്തിലേക്കുള്ള ദൂരമാകട്ടെ ഏതാണ്ട് 40 ലക്ഷം

കോടി കിലോമീററും. ഇനി ധ്രുവനക്ഷത്രത്തിലേക്കുള്ള ദൂരം എത്രയാണെന്നറിയാമോ? 100 കോടിക്കോടി കിലോമീററർ. ഊഹിക്കാനാവാത്തത്ര ദൂരം.

6. ഇത്തരത്തിലുള്ള മഹാദൂരങ്ങൾ അളക്കുന്നതിന് മറെറാരു മാർഗമുണ്ട്. അതാണ് പ്രകാശത്തിൻെറ സഞ്ചാരവേഗത്തെ അടിസ്ഥാനമാക്കിയുള്ള ദൂര അളവ്. പ്രകാശം ഒരു സെക്കൻെറിൽ 3 ലക്ഷം കിലോമീററർ ദൂരം സഞ്ചരിക്കും എന്ന് പാഠം 8–ൽ പഠിച്ചു. അപ്പോൾ ഒരു കൊല്ലത്തിൽ പ്രകാശം സഞ്ചരിക്കുന്ന ദൂരം എത്രയാണ്? $365 \times 24 \times 60 \times 60 \times 300000 =$ ഉദ്ദേശം 10 ലക്ഷം കോടി കിലോമീററർ. ഇതിന് ഒരു പ്രകാശവർഷം എന്നു പറയാം. അപ്പോൾ പ്രോക്സിമാസെൻറാരിയിലേക്കുള്ള ദൂരം 40 ലക്ഷംകോടി കിലോമീററർ എന്നു പറയുന്നതിനു പകരം 4 പ്രകാശവർഷമാണ് എന്നു പറയാം. ധ്രുവനക്ഷത്രത്തിലേക്കുള്ള ദൂരം 1000 പ്രകാശവർഷമാണ് എന്നു പറയാം. ഇപ്പോൾ നാം കാണുന്ന ധ്രുവനക്ഷത്രം 1000 കൊല്ലം മുമ്പുള്ള ധ്രുവനക്ഷത്രമാണ്....*

7. നക്ഷത്രകുടുംബം (ഗാലക്സി) എന്നാൽ എന്താണ് എന്ന് വിശദീകരിക്കുക. കോടിക്കണക്കിന് നക്ഷത്രങ്ങളുടെ കൂട്ടങ്ങൾക്കാണ് ഗാലക്സി എന്നു പറയുന്നത്. സൂര്യൻ, ആകാശഗംഗ എന്ന നക്ഷത്രക്കൂട്ടത്തിലെ ഒരു നക്ഷത്രമാണ്. ആകാശഗംഗയെപ്പോലുള്ള കോടിക്കണക്കിന് നക്ഷത്രക്കൂട്ടങ്ങളുണ്ട്....

8. എണ്ണിയാൽ തീരാത്ത ഈ നക്ഷത്രക്കൂട്ടങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നമ്മളും എല്ലാം അടങ്ങുന്നതാണ് ഈ പ്രപഞ്ചം. ഊഹിക്കാനാവാത്തത്ര വലുതാണ് പ്രപഞ്ചം. അത് അനന്തമാണ്. അതിരില്ലാത്തതാണ്. ഓരോ ദിവസം കഴിയുംതോറും മനുഷ്യൻ പ്രപഞ്ചത്തെക്കുറിച്ച് കൂടുതൽ കൂടുതൽ മനസ്സിലാക്കുകയാണ്. വെറും കണ്ണു

---

*കുറിപ്പ്: ഈ കാര്യങ്ങൾ വിശദീകരിക്കുമ്പോൾ, പഠിതാക്കളുടെ ശ്രദ്ധയും താല്പര്യവും നിലനിർത്താനാവുന്നുണ്ടോ എന്നു ശ്രദ്ധിക്കണം. അവർക്ക് രസം തോന്നുന്ന മട്ടിൽ വിവരിക്കാനാവുന്നില്ലെങ്കിൽ, വിശദാംശങ്ങൾ ഉപേക്ഷിക്കാം.

കൊണ്ട് കാണാനാവാത്ത നക്ഷത്രങ്ങളെ കാണാൻ ശക്തിയുള്ളടെ ലസ്കോപ്പുകറം ഉണ്ടാക്കി. ചന്ദ്രനിലിറങ്ങി. ചൊവ്വയേയും വ്യാഴത്തേയും കുറിച്ചു പഠിക്കാൻ ഉപഗ്രഹങ്ങളയച്ചു. അനന്തമായ പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവ് കൂടിക്കൊണ്ടിരിക്കുകയാണ്. പക്ഷെ മനുഷ്യരെക്കാറം വളരെക്കൂടുതൽ നമുക്കറിയാം. നാളെ നമ്മുടെ മക്കറം, ഇതിനേക്കാറം കൂടുതൽ കാര്യങ്ങറം മനസിലാക്കും.

9. ഈ പാഠത്തിന്റെ അവസാനത്തിൽ നാം എത്തിച്ചേർന്നത് എവിടെയാണ്? അനന്തമായ പ്രപഞ്ച വിസ്തൃതിയിൽ. ഇനി, ഈ അനന്തതയിൽ നിന്ന് നമ്മുടെ ഭൂമിയിലേക്കും നാട്ടിലേക്കും പഠിതാവിനെ മടക്കിക്കൊണ്ടു വരണം. എങ്ങനെ? ഈ വാചകം വായിക്കൂ:

''കോടിക്കോടിക്കണക്കിന് നക്ഷത്രക്കൂട്ടങ്ങറം. ഓരോ നക്ഷത്രക്കൂട്ടത്തിലും കോടിക്കോടി നക്ഷത്രങ്ങറം. അതിൽ ഒരു നക്ഷത്രക്കൂട്ടമായ ആകാശ ഗംഗയിലെ കോടിക്കോടി നക്ഷത്രങ്ങളിൽ ഒന്നായ സൂര്യൻ. ആ സൂര്യനെ ചുററിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ ഒൻപത് ഗ്രഹങ്ങറം. അക്കൂട്ടത്തിൽ ഒരിടത്തരം ഗ്രഹമായ ഭൂമി. ആ ഭൂമിയുടെ മൂന്നിൽ രണ്ടുഭാഗം കടലും മൂന്നിൽ ഒരുഭാഗം കരയും. ആ കരഭാഗത്തെ ഏഴായി ഭാഗിച്ചതിൽ ഒരു ഭാഗമായ ഏഷ്യ. ഏഷ്യാ വൻകരയിൽ പല രാജ്യങ്ങളിൽ ഒന്നായ ഇന്ത്യ. ഇന്ത്യയിലെ ഇരുപത്തഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായ കേരളം. കേരളത്തിലെ പതിനാല് ജില്ലകളിൽ ഒന്നായ എറണാകുളം. എറണാകുളം ജില്ലയിലെ 15 ബ്ലോക്കുകളിൽ ഒന്നായ അങ്കമാലി ബ്ലോക്ക് (പഠിതാവിന്റെ ബ്ലോക്ക്). അങ്കമാലി ബ്ലോക്കിലെ തുറവൂർ പഞ്ചായത്തിലെ എട്ടു വാർഡുകളിലൊന്നായ കിടങ്ങൂർ. കിടങ്ങൂർ വാർഡിലെ 286 വീടുകളിലൊന്നായ പൂവത്തൂർ വീട്ടിലെ ഒൻപത് അംഗങ്ങളിൽ ഒരാളായ ഗോപാലൻ.... ഭൂമിയിൽ ജീവിച്ചിരിപ്പുള്ള 600 കോടി ജനങ്ങളിൽ ഒരാളായ ഗോപാലൻ. ഇന്ത്യയിലെ 75 കോടി ജനങ്ങളിൽ ഒരാളായ ഗോപാലൻ....''

ഇത്തരത്തിൽ നാമോരോരുത്തരും അററമില്ലാത്ത ഈ മഹാ പ്രപഞ്ചത്തിന്റെ, മാനവസമൂഹത്തിന്റെ ഭാഗമാണ് എന്ന വസ്തുത പഠിതാക്കളുടെ മനസ്സിലുറപ്പിക്കണം.

പാഠം 10

മാററമില്ലാതൊന്നുമില്ല

പാഠം 5, 8, 9 എന്നിവയിൽ അനന്തമായ പ്രപഞ്ചത്തെക്കുറിച്ച് പഠിച്ചു. അതിന്റെ ചെറുതും വലുതുമായ ഘടകങ്ങളെക്കുറിച്ചു പഠിച്ചു. നനുനനുത്ത മണൽത്തരി മുതൽ അനേകം കോടി കിലോമീററർ വ്യാസമുള്ള നക്ഷത്രങ്ങൾ വരെ ഈ പ്രപഞ്ചത്തിന്റെ ഭാഗമാണ്. ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാം ഈ പ്രപഞ്ചത്തിന്റെ ഭാഗമാണ്.

ഈ പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങൾക്കും ബാധകമായ ഒരു അടിസ്ഥാന സ്വഭാവത്തെക്കുറിച്ചാണ് പാഠം 10—ൽ പ്രതിപാദിക്കുന്നത്,

എന്താണ് ആ സ്വഭാവം? അതാണ് പാഠം 10 ന്റെ തലക്കെട്ടിൽ പറയുന്നത്. ഈ പ്രപഞ്ചത്തിൽ, ''മാററമില്ലാതെ ഒന്നുമില്ല....'' നമ്മുടെ ചുററുപാടുമുള്ള എല്ലാം മാറിക്കൊണ്ടിരിക്കയാണ്. ചലിച്ചുകൊണ്ടിരിക്കയാണ്. കാലം മാറുകയാണ്. ലോകം മാറുകയാണ്. പ്രപഞ്ചത്തിന്റെ അടിസ്ഥാന സ്വഭാവമാണ് ചലനം അഥവാ മാററം. നാം ഇന്ന് അനുഭവിക്കുന്ന ദുരിതങ്ങളും യാതനകളും മാറുക തന്നെ ചെയ്യും എന്ന ആത്മവിശ്വാസത്തിലേക്ക് പഠിതാക്കളെ നയിക്കാൻ ഈ പാഠങ്ങളിലൂടെ കഴിയണം.

1. പാഠം വായിച്ചു കേൾപ്പിക്കുക. തുടർന്ന് നമുക്കു ചുററുമുള്ള പലതരം ചലനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

2. എല്ലാം ചലിക്കുന്നു എന്ന ആശയം തുടക്കത്തിൽ പഠിതാക്കൾ മുഴുവൻ പേർക്കും വ്യക്തമായെന്നു വരില്ല. ചർച്ചകളുടെ അവസാനമാവുമ്പോഴേക്ക്, ഘട്ടംഘട്ടമായി ആ വസ്തുതയിലേക്ക് നയിച്ചാൽ മതി. ഭൂമിയുടെ ചലനത്തെക്കുറിച്ച് മുൻ പാഠങ്ങളിൽ നാം കണ്ടു. ഭൂമി എപ്പോ

ഴും കറങ്ങിക്കൊണ്ടിരിക്കുന്നു. സ്വയം കറങ്ങുന്നതിനൊപ്പം അത് സൂര്യനെ ചുററുന്നുമുണ്ട്. ചന്ദ്രൻ ഭൂമിയെ ചുററുന്നു. സൂര്യനും മററു നക്ഷത്രങ്ങളും എല്ലാം ചുററിത്തിരിഞ്ഞുകൊണ്ടിരിക്കയാണ്.

3. ഭൂമി കറങ്ങിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിന് എന്താണർഥം? ഭൂമിയോടൊപ്പം നമ്മളും കറങ്ങികൊണ്ടിരിക്കുകയാണ് എന്ന്. നമ്മാ മാത്രമോ? ഭൂമിയിലുള്ള എല്ലാം കറങ്ങിക്കൊണ്ടിരിക്കയാണ്. അനങ്ങാതെ നിൽക്കുന്നതായി നമുക്കു തോന്നുന്ന പാറകളും കുന്നുകളും മലകളും ഒക്കെ ഭൂമിയോടൊപ്പം കറങ്ങിക്കൊണ്ടിരിക്കയാണ്.

4. ഭൂമിയുടെ കറക്കത്തിൻെറ വേഗം മണിക്കൂറിൽ ഉദ്ദേശം 1600 കിലോമീററാണ്. ഭൂമി ഇത്ര വേഗത്തിൽ ചുററിക്കറങ്ങിയിട്ടും നാം അതറിയാത്തത് നാം ഭൂമിയോടൊപ്പം അതേ വേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതുകൊണ്ടാണ്.

5. ഭൂമിയുടെ കറക്കം അഥവാ ചലനത്തിൻെറ ഫലമായി എന്തു സംഭവിക്കുന്നു? ഭൂമിക്ക് ഒരു വട്ടം കറങ്ങുന്നതിന് ഒരു ദിവസം (24 മണിക്കൂർ) വേണം. മറെറാരു തരത്തിൽ പറഞ്ഞാൽ ഭൂമി ഒരുവട്ടം കറങ്ങുമ്പോഠം ഒരു ദിവസം മുന്നോട്ടു നീങ്ങുന്നു. ഭൂമി പകുതി വട്ടം കറങ്ങുമ്പോഠം (12 മണിക്കൂർ) പകൽ രാത്രിയായും രാത്രി പകലായും മാറുന്നു. ഭൂമി നിരന്തരം ചലിച്ചുകൊണ്ടിരിക്കുകയാണെന്നും ആ ചലനത്തിൻെറ ഫലമായാണ് കാലവ്യത്യാസമുണ്ടാവുന്നതെന്നും വ്യക്തമാക്കിക്കൊടുക്കണം.

6. ഭൂമിക്കു സൂര്യനെ ഒരുവട്ടം പ്രദക്ഷിണം ചെയ്യാൻ വേണ്ട സമയമാണ് ഒരു കൊല്ലം.

7. നക്ഷത്രങ്ങളും ഭൂമിയും മാത്രമല്ല ചലിക്കുന്നത്. നമുക്കു ചുററുമുള്ള എല്ലാം എല്ലാം ചലിച്ചുകൊണ്ടിരിക്കയാണ്. മരങ്ങഠം ചലിക്കാതെ നിൽക്കുകയാണോ? അല്ല. അവയ്ക്കുള്ളിലും പുറമേയും അനേകമനേകം ചലനങ്ങഠം നടക്കുന്നുണ്ട്. അവയുടെ വേരുകഠം മണ്ണിൽ നിന്ന് വെള്ളവും വളവും വലിച്ചെടുക്കുന്നുണ്ട്. അങ്ങനെ വലിച്ചെടുക്കുന്ന

വെള്ളവും വളവും മരത്തിന്റെ ഇലകളിലെത്തുന്നുണ്ട്. ഇലകളിൽ ആഹാരം പാകം ചെയ്യുന്നുണ്ട്....അതു മരത്തിന്റെ മറ്റെല്ലാ ഭാഗങ്ങളിലും എത്തുന്നുണ്ട്. ഈ ചലനങ്ങളുടെയെല്ലാം ഫലമായി ഓരോ സെക്കന്റിലും മരം വളർന്നുകൊണ്ടിരിക്കുന്നു....

8. നമുക്കു ചുററും മാത്രമല്ല, നമ്മുടെ ശരീരത്തിനുള്ളിലും, നാം സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പോലും നൂറുനൂറു ചലനങ്ങൾ നടക്കുന്നുണ്ട്. നാം കഴിച്ച ആഹാരം ദഹിക്കുന്നുണ്ട്, അതിലെ പോഷകാംശങ്ങൾ രക്തത്തിൽ കലരുന്നുണ്ട്, ഹൃദയം ഒരു സെക്കൻറു പോലും വിടാതെ രക്തം പമ്പു ചെയ്യുന്നു. രക്തം നിരവധി കുഴലുകളിലൂടെ ശരീരത്തിന്റെ എല്ലാ ഭാഗത്തും എത്തുന്നുണ്ട്, നമ്മുടെ ശ്വാസകോശങ്ങൾ ശുദ്ധവായു വലിച്ചെടുക്കുകയും അശുദ്ധവായു പുറത്തുവിടുകയും ചെയ്യുന്നുണ്ട്....ചലനങ്ങളുടെ മൊത്തം ഫലമായി, നാം ഓരോരുത്തരും, ഓരോ നിമിഷവും വളരുന്നുണ്ട്....നാം വർത്തമാനം പറയുന്നതിനിടയിൽ പോലും നമ്മുടെ നഖവും തലമുടിയും ശരീരവുമൊക്കെ വളർന്നുകൊണ്ടിരിക്കുകയാണ്, നമുക്കോരോരുത്തർക്കും പ്രായം കൂടിക്കൊണ്ടിരിക്കയാണ്.

9. ശരീരത്തിൽ നടക്കുന്ന നൂറുനൂറു ചലനങ്ങളുടെ ഫലമായാണ് കുട്ടി ബാലനായും ബാലൻ യുവാവായും യുവാവ് വൃദ്ധനായും മാറുന്നത്....

10. ഇനി പഠിതാക്കളുമായി, അവർക്ക് പരിചയമുള്ള പലതരം ചലനങ്ങളെക്കുറിച്ച് സംസാരിക്കുക. ഒരിക്കലും ചലിക്കാത്തതായി, ഒരു മാററവുമില്ലാത്തതായി എന്തെങ്കിലുമുണ്ടോ? ഇല്ല. അങ്ങനെ യാതൊന്നുമില്ല....ചലിക്കാത്തതായി, മാറാത്തതായി ഈ പ്രപഞ്ചത്തിൽ യാതൊന്നുമില്ല....ഇക്കാര്യം പഠിതാക്കളുടെ മനസിൽ ഉറപ്പിക്കണം.

11. ചർച്ചകൾക്കു ശേഷം വാക്കുകളിലേക്കും അക്ഷരങ്ങളിലേക്കും വരണം. എഴുത്തു പുസ്തകമുപയോഗിച്ച് വാക്കുകളും അക്ഷരങ്ങളും എഴുതണം.

പാഠം 11

മനുഷ്യൻ മഹാശക്തൻ

ഭൂമിയിൽ അനേകമനേകം ജീവികളുണ്ട്. ഇത്തിരി പോന്ന ഉറുമ്പു മുതൽ പടുകൂററൻ ആനയും തിമിംഗലവും വരെ പലതരം ജീവികൾ. പക്ഷേ ഇവയേക്കാളെല്ലാം കഴിവും ബുദ്ധിശക്തിയും ഉള്ള ജീവിയാണ് മനുഷ്യൻ. നാമെല്ലാം മനുഷ്യരാണ്. മനുഷ്യന്റെ കഴിവിലും ബുദ്ധിശക്തിയിലും നമുക്ക് അഭിമാനമുണ്ടാവണം. മനുഷ്യൻ എങ്ങനെയാണ് ഈ അറിവും കഴിവും ബുദ്ധിശക്തിയും നേടിയെടുത്തത് എന്നു നാം അറിയണം.

1. പാഠം വായിക്കുക. പാഠത്തിലെ ഒന്നാമത്തെ വാചകത്തെ ആസ്പദമാക്കി പഠിതാക്കളുമൊത്ത് രസകരമായ വിധത്തിൽ ചർച്ച നടത്താം. ഭൂമിയിൽ മാത്രമേ ജീവികൾ ഉള്ളൂ എന്ന് തറപ്പിച്ചു പറഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധിക്കുക. ഈ മഹാപ്രപഞ്ചത്തിലെ ഏതെങ്കിലും കോണിൽ മററുതരം ജീവികളുണ്ടാകാം. പക്ഷേ നമുക്ക് അറിയാൻ കഴിഞ്ഞിടത്തോളം ഭൂമിയിൽ മാത്രമേ ജീവികൾ ഉള്ളൂ. സൗരയൂഥത്തിലെ മററു ഗ്രഹങ്ങളിലൊന്നും ജീവനില്ല എന്ന കാര്യം വ്യക്തമായിട്ടുണ്ട്. ഏതായാലും പ്രപഞ്ചത്തിലെവിടെയെങ്കിലും ജീവനുണ്ടോ എന്നറിയാനുള്ള പലതരം അന്വേഷണങ്ങൾ ശാസ്ത്രജ്ഞൻമാർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.
2. തുടർന്ന് ഭൂമിയിലെ ജീവിവൈവിധ്യത്തെക്കുറിച്ച് ചർച്ച ചെയ്യുക. പഠിതാക്കൾ അവർക്ക് ഓർമിക്കാൻ കഴിയുന്ന പലതരം സസ്യങ്ങളെയും ജീവികളെയും അവയുടെ വിചിത്ര സ്വഭാവങ്ങളെക്കുറിച്ചുമൊക്കെ പറയട്ടെ. അതിനുശേഷം, അവർക്കു പരിചിതമല്ലാത്ത ജീവികളുടെ ലോകത്തെക്കുറിച്ചു ചർച്ച ചെയ്യുക. പലതരം വിചിത്ര ജീവികളുടെയും മററും ചിത്രങ്ങളും കാണിച്ചുകൊടുക്കുന്നത് രസകരമായിരിക്കും.
3. ഭൂമുഖത്ത് പണ്ട് ഉണ്ടായിരുന്നതും പിന്നീട് നശിച്ചുപോയതുമായ ജീവികളെക്കുറിച്ച് സൂചിപ്പിക്കണം.

ടിനോസാറുകൾ, മാമത്തുകൾ എന്നിവയെക്കുറിച്ചെല്ലാം സംസാരിക്കാം. അവയുടെ ചിത്രങ്ങൾ കാണിക്കാം.

4. ജീവിവൈവിധ്യത്തെക്കുറിച്ച് ചർച്ച ചെയ്തശേഷം ജീവപരിണാമത്തെക്കുറിച്ച് സൂചിപ്പിക്കാം. കോടിക്കണെക്കിനു വർഷങ്ങൾക്കു മുൻപ് ഭൂമിയിൽ ജീവികളൊന്നുമുണ്ടായിരുന്നില്ല. പിന്നീട് ഒററ കോശം മാത്രമുള്ള സൂക്ഷ്മ ജീവികളുണ്ടായി. ക്രമേണ അവയിൽ നിന്ന് പരിണമിച്ചു പരിണമിച്ചാണ് മനുഷ്യൻ ഉണ്ടായത് (ഇതേക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിന്, ''മനുഷ്യൻ മനുഷ്യനായ കഥ'' എന്ന അധ്യാപനസഹായി വായിക്കുക).

5. അടുത്തതായി, മനുഷ്യൻ എങ്ങനെയാണ് മററ് ജീവികളിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നത് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യണം. വിവിധങ്ങളായ ഉപകരണങ്ങൾ ഉപയോഗിച്ച് ഉൽപാദനം നടത്താനുള്ള കഴിവും, ശബ്ദോച്ചാരണത്തോടുകൂടിയ ഭാഷയും കെട്ടുറപ്പുള്ള സാമൂഹ്യജീവിതവുമാണ് മനുഷ്യനെ മററു ജീവികളിൽ നിന്ന് വേർതിരിക്കുന്ന പ്രധാന ഘടകങ്ങൾ. ഉപകരണങ്ങളുടെ പ്രാധാന്യം പ്രത്യേകം ചർച്ച ചെയ്യണം. പഠിതാക്കൾക്ക് പരിചിതമായ ഉപകരണങ്ങൾ, അവ ഇല്ലാതിരുന്നാലത്തെ സ്ഥിതി ഇവ ചർച്ച ചെയ്യുക.

6. ഉദ്ദേശം 40 ലക്ഷം വർഷങ്ങൾക്കു മുൻപാണ് മററു മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനായ മനുഷ്യൻ എന്ന ജീവി ഭൂമുഖത്ത് ആവിർഭവിച്ചത്. പക്ഷേ ആദ്യകാലത്തെ മനുഷ്യർ ഇന്നത്തെ മനുഷ്യരെപ്പോലെയായിരുന്നില്ല. കല്ലുകൊണ്ടുള്ള ആയുധങ്ങൾ ഉപയോഗിച്ച് കാട്ടുമൃഗങ്ങളെ വേട്ടയാടിയും കാട്ടുകിഴങ്ങുകൾ ഭക്ഷിച്ചും കഴിഞ്ഞിരുന്ന ആ പ്രാകൃത മനുഷ്യൻ ഇന്നത്തെ പരിഷ്കൃത മനുഷ്യനായിത്തീർന്ന കഥ ആവേശജനകമാണ്. മനുഷ്യൻ മനുഷ്യനായിത്തീർന്ന ആ കഥയിലെ പ്രധാനപ്പെട്ട നാഴികക്കല്ലുകൾ പഠിതാക്കൾക്ക് വിവരിച്ചു കൊടുക്കുക.

7. കല്ലുകൊണ്ടുള്ള ആയുധങ്ങളുടെ ഉപയോഗം, തീയുടെ ഉപയോഗം പഠിച്ചത്, ചക്രമുണ്ടാക്കിയത്, മൃഗങ്ങളെ

മെരുക്കിയത്, എഴുത്ത് കണ്ടുപിടിച്ചത്, ലോഹം കൊണ്ടുള്ള ആയുധങ്ങൾ ഉപയോഗിച്ചു തുടങ്ങിയത്, കൃഷി കണ്ടുപിടിച്ചത്, വ്യവസായങ്ങൾ ആരംഭിച്ചത്, പ്രകൃതി ശക്തികളെ മെരുക്കാൻ പഠിച്ചത്....ഇതെല്ലാം മനുഷ്യൻ മനുഷ്യനായിത്തീർന്ന മഹത്തായ കഥയിലെ പ്രധാനപ്പെട്ട നാഴികക്കല്ലുകളാണ്.

8. കഴിഞ്ഞ പാഠത്തിൽ നിന്ന് ഈ പ്രപഞ്ചത്തിലെ എല്ലാം ചലിച്ചുകൊണ്ടിരിക്കയാണ്, മാറിക്കൊണ്ടിരിക്കയാണ് എന്നു നാം കണ്ടു. മനുഷ്യസമൂഹത്തിന്റെ സ്ഥിതിയും അതുതന്നെ. മനുഷ്യസമൂഹം സദാ പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ ലോകം പണ്ടു കാലത്തേക്കാൾ ഒട്ടുവളരെപുരോഗതി പ്രാപിച്ചിരിക്കുന്നു. ഇന്നത്തെക്കാൾ സന്തോഷകരമായ ഒരു നാളെ പണിയാൻ മനുഷ്യന് കഴിയും. അത് സാധ്യമാവണമെങ്കിൽ മാനവ രാശി ഇന്നത്തെ നിലയിൽ എത്തിച്ചേർന്നത് എങ്ങനെയാണെന്നും, ഇനി എങ്ങോട്ടാണ് മുന്നേറേണ്ടതെന്നും നാം ഓരോരുത്തരും അറിയണം. ശരിയായ വഴി തെരഞ്ഞെടുക്കാനും തെററുകളെ ശക്തിയായി എതിർക്കാനും നമുക്ക് കഴിയണം. അതിനുകൂടിയാണ് നാം പഠിക്കുന്നത്.

പാഠം 12

അന്നും ഇന്നും

മനുഷ്യൻ മററു മൃഗങ്ങളിൽ നിന്നെല്ലാം വ്യത്യസ്തനായിത്തീർന്നത് എങ്ങനെ എന്നതാണ് കഴിഞ്ഞ പാഠത്തിൽ നാം കണ്ടത്. മനുഷ്യസമൂഹത്തിന്റെ വികാസമാണ് ഈ പാഠത്തിൽ ചർച്ച ചെയ്യുന്നത്. പഴയ കാലവും ഇന്നത്തെ കാലവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം.

1. കാട്ടിൽ കഴിഞ്ഞിരുന്ന ആദിമ മനുഷ്യന്റെ ജീവിത സാഹചര്യങ്ങളെക്കുറിച്ചും ജീവിത രീതികളെക്കുറിച്ചും വിവരി

ക്കുക. അന്ന് വീടോ കൃഷിയോ ഇന്നത്തെപ്പോലുള്ള വസ്ത്രങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. പക്ഷേ അന്നും കൂട്ടു ചേർന്നാണ് മനുഷ്യർ ജീവിച്ചുപോന്നത്.

2. കാലം ചെന്നതോടെ മനുഷ്യർ പുതിയ ഉപകരണങ്ങളും ആയുധങ്ങളും നിർമിക്കാനും അവ ഉപയോഗിച്ച് പ്രകൃതിയുമായി കൂടുതൽ ഫലപ്രദമായി ഇടപഴകാനും ആരംഭിച്ചു. ഈ ഇടപഴകലിൻെറ ഒരു ഘട്ടത്തിലാണ് കൃഷി കണ്ടുപിടിച്ചത്.

3. കൃഷി കണ്ടുപിടിച്ചതോടെ അന്നുവരെയുണ്ടായിരുന്ന ജീവിതരീതിയിലാകെ മാററം വന്നു. കൃഷിയുടെ കണ്ടുപിടുത്തത്തോടെയാണ് കാട് നാടാകുന്നത്. കാട്ടിൽ അലഞ്ഞുതിരിഞ്ഞു നടന്നിരുന്നവർ സ്ഥിര താമസമാരംഭിച്ചു. ക്രമേണ താമസിക്കാൻ വീടുകളുണ്ടായി. ഗ്രാമങ്ങളുണ്ടായി.

4. ആദ്യകാല മനുഷ്യർ കുടുംബങ്ങളും കുലങ്ങളും ഗോത്രങ്ങളുമായാണ് ജീവിച്ചിരുന്നത്. അക്കാലത്തെ ജീവിതരീതികളും ആചാരങ്ങളുമൊക്കെ വളരെ വിചിത്രമായിരുന്നു. ഇന്നും പല ആദിവാസികളും അന്നത്തെപ്പോലെ ജീവിക്കുന്നതു കാണാം. ഇത്തരത്തിലുള്ള ആചാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

5. കുലങ്ങളും ഗോത്രങ്ങളും മററും വളർന്ന്‌വികസിച്ച് രാജ്യങ്ങളും സാമ്രാജ്യങ്ങളും ഉണ്ടായി. പട്ടാളവും അടിമപ്പണിക്കാരും ഉണ്ടായി. നഗരങ്ങളും സംസ്കാരങ്ങളും ഉണ്ടായി.

6. രാജാക്കൻമാരുടെ ഭരണകാലത്തെക്കുറിച്ച് ചർച്ച ചെയ്യുക. അക്കാലത്ത് രാജാക്കൻമാരും അവരുടെ സ്വന്തക്കാരുമാണ് കാര്യങ്ങളെല്ലാം തീരുമാനിച്ചിരുന്നത്. 'തിരുവായ്ക്ക് എതിർവായ്' ഉണ്ടായിരുന്നില്ല. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് രാജകല്പനകൾ അനുസരിക്കാനല്ലാതെ മറെറാന്നിനും അവകാശമുണ്ടായിരുന്നില്ല. സമ്പത്തും അറിവും അധികാരങ്ങളും എല്ലാം രാജാക്കൻമാരുടേയും അവരുടെ സ്വന്തക്കാരുടെയും കുത്തകയായിരുന്നു.

7. ക്രമേണ രാജാധിപത്യത്തിനെതിരെ ജനങ്ങൾ ശബ്ദമുയർത്താനാരംഭിച്ചു. എല്ലാവരും സമൻമാരാണെന്ന ആശയം പ്രചരിക്കാനാരംഭിച്ചു. പല രാജ്യങ്ങളിലും രാജഭരണത്തിനെതിരെ ശക്തമായ പ്രക്ഷോഭങ്ങളുണ്ടായി. തെററായ സാമൂഹ്യരീതികളെ തിരുത്തിക്കൊണ്ട് സമൂഹം എല്ലായ്പ്പോഴും മുന്നോട്ടു നീങ്ങിയിട്ടുള്ളതായി നമുക്കുകാണാം.

8. ഒടുവിൽ രാജാക്കൻമാരുടെ കാലം അവസാനിച്ചു. ഇന്ന് ഭൂരിപക്ഷം രാജ്യങ്ങളിലും രാജാക്കൻമാരില്ല. പകരം ജനങ്ങൾ തന്നെ തെരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് രാജ്യം ഭരിക്കുന്നത്. ഇതിന് ജനാധിപത്യം എന്നു പറയുന്നു.

9. ജനാധിപത്യം ശരിക്കും ഫലപ്രദമാകണമെങ്കിൽ, ശരിയും തെററും തിരിച്ചറിയാനുള്ള കഴിവ് മുഴുവൻ ജനങ്ങൾക്കും ഉണ്ടാകണം. തങ്ങളുടെ പ്രതിനിധികൾ തെററു ചെയ്യുമ്പോൾ അവരെ തിരുത്താനുള്ള കഴിവ് ജനങ്ങൾക്കുണ്ടാവണം....എല്ലാവരും സമൻമാരാണ്, സുഖമായും സമാധാനമായും ജീവിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. ഈ കാര്യങ്ങൾ എല്ലാവരും അറിയണം.

10. കാട്ടിൽ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന പ്രാകൃതനായ മനുഷ്യൻ ഇന്നത്തെ അവസ്ഥയിൽ എത്തിയത് എങ്ങനെ എന്നും, ഇന്നുള്ള ദുരിതങ്ങൾ എല്ലാം പരിഹരിച്ച് കൂടുതൽ 'നല്ലൊരുനാളെ' പണിയുന്നതെങ്ങനെയെന്നും എല്ലാവരുമറിയണം. ഈ കാര്യങ്ങൾ 'വിവരമുള്ള' കുറച്ചാളുകൾ മാത്രമറിഞ്ഞാൽ പോരാ. നമ്മളെല്ലാമറിയണം. മനുഷ്യസമൂഹത്തെ കൂടുതൽ പുരോഗതിയിലേക്കു നയിക്കാൻ, എങ്കിലേ നമുക്കു കഴിയൂ.

11. പഴയ കാലത്തെക്കുറിച്ച് പഠിതാക്കളിൽ പ്രായമുള്ളവർ സംസാരിക്കട്ടെ. അതിനുശേഷം അന്നത്തേതിൽ നിന്ന് എന്തെല്ലാം മാററങ്ങൾ ഉണ്ടായി എന്നു ചർച്ച ചെയ്യണം. പഴയത് മാറി പുതിയതുവരുന്നു. ഇനിയും പലതും മാറേണ്ടതുണ്ട്. അവയും മാറുകതന്നെ ചെയ്യും. മാററം, പുരോഗതി ഇത് ലോകനിയമമാണ്. ഈ അറിവ് നമുക്ക് ആത്മവിശ്വാസവും പ്രവർത്തിക്കാൻ ആവേശവും നൽകുന്നു.

പാഠം 13

ഒററയ്ക്ക് ഒന്നിനുമാവില്ല

പ്രപഞ്ചത്തിൽ എല്ലാം ചലിച്ചുകൊണ്ടിരിക്കുകയാണെന്നും മാറിക്കൊണ്ടിരിക്കയാണെന്നും നാം കണ്ടുവല്ലോ. അതുപോലെ തന്നെ പ്രപഞ്ചത്തിലെ, നമുക്കു ചുററുമുള്ള ലോകത്തിലെ എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പരസ്പരം ബന്ധമില്ലാത്തതായി യാതൊന്നുമില്ല. ഇക്കാര്യമാണ് പാഠം 13 ലും പാഠം 14 ലും പ്രതിപാദിക്കുന്നത്.

1. ആദ്യം പാഠം വായിക്കുക. തീപ്പെട്ടിയുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ആളുകളെക്കുറിച്ച് പാഠത്തിൽ പറയുന്ന കാര്യങ്ങരം ചർച്ച ചെയ്യുക. പാഠത്തിൽ പറഞ്ഞിരിക്കുന്ന ബന്ധങ്ങരംക്കു പുറമെ പല ബന്ധങ്ങളും പഠിതാക്കരംക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും.

2. ഇതേ തരത്തിലുള്ള ബന്ധങ്ങരം തീപ്പെട്ടിയുടെ കാര്യത്തിൽ മാത്രമല്ല, നാം ദിവസവും കാണുകയും ഉപയോഗിക്കുകയും ചെയ്യുന്ന എല്ലാ വസ്തുക്കളുടെ കാര്യത്തിലും ഇതുപോലുള്ള ബന്ധങ്ങരം കാണാൻ കഴിയും. പഠിതാക്കരംക്ക് രസവും താൽപര്യവും തോന്നുന്ന ചില വസ്തുക്കരം ഉദാഹരണമായെടുത്ത് അവയുമായി ബന്ധപ്പെടുന്ന പലതരം ആളുകളെക്കുറിച്ച് ചർച്ചചെയ്യാം. തേയിലയോ തുണിയോ പഞ്ചസാരയോ പത്രമോ പാത്രമോ വെളിച്ചെണ്ണയോ ഏതു വേണമെങ്കിലും ഉദാഹരണമായി എടുക്കാം.

3. ഒററയ്ക്ക് ആർക്കെങ്കിലും ജീവിക്കാനാവുമോ? ഇല്ല. 'ആരുടെയും സഹായമില്ലാതെ ഞാൻ ഒററയ്ക്കു ജീവിച്ചുകൊള്ളാം' എന്നൊക്കെ ചില 'തൻേറടക്കാർ' പറയാറുണ്ടെങ്കിലും അത് ശരിയല്ല. പരസ്പരം ബന്ധപ്പെട്ടും സഹായിച്ചും മാത്രമേ മനുഷ്യർക്ക് ജീവിക്കാനാവൂ. മനുഷ്യന് ഇന്നു നാം കാണുന്ന പുരോഗതിയെല്ലാം കൈവരിക്കാനായത് സഹകരണത്തിലൂടെയാണ്. ഇക്കാര്യം പഠിതാക്കരംക്കിടയിൽ രസകരമായി ചർച്ച ചെയ്യാം.

4 മനുഷ്യർ തമ്മിൽ തമ്മിൽ മാത്രമല്ല ബന്ധമുള്ളത്. മനുഷ്യനും പ്രകൃതിയിലെ വിവിധ ഘടകങ്ങളും തമ്മിലും ബന്ധമുണ്ട്. കർഷകനും മണ്ണും തമ്മിൽ ബന്ധപ്പെടുമ്പോഴാണ് കൃഷി നടക്കുന്നത്. കൊല്ലനും ഇരുമ്പും തമ്മിൽ ബന്ധപ്പെട്ട് പണിയായുധങ്ങളുണ്ടാക്കുന്നു. ഇങ്ങനെ എത്രയെത്ര ബന്ധങ്ങൾ!

5 നമുക്കാർക്കും തന്നെ ഒററയ്ക്ക് ഒന്നിനുമാവില്ല. മനുഷ്യന്റെ വളർച്ചയും പുരോഗതിയുമൊക്കെ പരസ്പരം ബന്ധപ്പെട്ടുള്ള പ്രവർത്തനത്തിലൂടെയും കൂട്ടായ അധ്വാനത്തിലൂടെയുമാണ് കൈവന്നിട്ടുള്ളത്. ഇതാണ് ഈ പാഠത്തിന്റെ മുഖ്യ സന്ദേശം.

പാഠം 14

ബന്ധമില്ലാതൊന്നുമില്ല

സമൂഹത്തിലെ പല തരത്തിലുള്ള പരസ്പര ബന്ധങ്ങളെക്കുറിച്ചാണ് പാഠം 13-ൽ പ്രധാനമായും പറഞ്ഞത്. ഈ പാഠത്തിൽ പ്രപഞ്ചത്തിലെ, നമുക്കുചുററുമുള്ള വിവിധ തരം പരസ്പര ബന്ധങ്ങളെക്കുറിച്ചാണ് പറയുന്നത്:

1 പാഠം വായിച്ചശേഷം, പാഠത്തോടൊപ്പമുള്ള ചിത്രം വിശദീകരിച്ചുകൊണ്ട് ചർച്ച തുടങ്ങാം. പുല്ലും പുൽച്ചാടിയും തവളയും പാമ്പും പരുന്തും തമ്മിലുള്ള ബന്ധം പഠിതാക്കൾക്ക് എളുപ്പം മനസിലാകുമല്ലോ. ഇതുപോലുള്ള മററ് അനേകം ഉദാഹരണങ്ങൾ അവർക്ക് അനുഭവത്തിൽ നിന്ന് പറയാൻ കഴിയും. 'നമുക്കുചുററുമുള്ള ലോകം' എന്ന പുസ്തകത്തിലെ 'മനുഷ്യനും പ്രകൃതിയും' എന്ന അധ്യായത്തിലും ധാരാളം ഉദാഹരണങ്ങളുണ്ട്.

2 ജീവനുള്ള വസ്തുക്കൾ തമ്മിലുള്ള പലതരം ബന്ധങ്ങൾക്കുപുറമെ, ജീവനുള്ള വസ്തുക്കളും ജീവനില്ലാത്ത വസ്തുക്കളും തമ്മിലും ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി സൂര്യപ്രകാശവും ചെടികളും തമ്മിലുള്ള ബന്ധം. സൂര്യപ്രകാശമില്ലാതെ ചെടികൾക്ക് വളരാനാവില്ല. ചെടികളില്ലെങ്കിൽ നമുക്ക് ആഹാരം ലഭിക്കുന്നതെങ്ങനെ?

3 പഠിതാക്കൾക്ക് പരിചിതമായ ഉദാഹരണങ്ങൾ തെരഞ്ഞെടുത്ത് പ്രകൃതിയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള ഇത്തരം ബന്ധങ്ങൾ വ്യക്തമാക്കിക്കൊടുക്കൂ. ഇതുമായിബന്ധപ്പെട്ട ധാരാളം രസകരമായ ചർച്ചകൾ നടത്താം. പ്രകൃതിയിൽ, സർവതന്ത്ര സ്വതന്ത്രമായി യാതൊന്നുമില്ല എന്നതാണ് ഈ പാഠത്തിലൂടെ വ്യക്തമാകുന്ന അടിസ്ഥാന വസ്തുത.

പാഠങ്ങൾ ഇതുവരെ

പാഠം അഞ്ചും തുടർന്ന് എട്ടു മുതൽ പതിനാലു വരെയുള്ള പാഠങ്ങളും നമുക്കു ചുററുമുള്ള ലോകത്തെക്കുറിച്ച് ശാസ്ത്രീയമായ കാഴ്ചപ്പാട് ഉണ്ടാക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളവയാണ്. ഈ ക്ലാസുകളിലൂടെ വ്യക്തമാക്കേണ്ടുന്ന കാര്യങ്ങൾ ഒരിക്കൽകൂടി ആവർത്തിക്കാം.

1 നാം ജീവിക്കുന്ന പ്രപഞ്ചത്തിൻെറ വലുപ്പവും വൈവിധ്യവും, കണ്ണുകൊണ്ട് കാണാനാവാത്ത വിധം ചെറുതും ഊഹിക്കാൻ കഴിയാത്തത്ര വലുതുമായ പലതും നമുക്കു ചുററിലുമുണ്ട്. ഈ പ്രപഞ്ചം അനന്തമാണ്....

2 പ്രപഞ്ചത്തിൽ ചലിക്കാത്തതായി, മാററമില്ലാത്തതായി, യാതൊന്നുമില്ല, ഇത് പ്രപഞ്ച നിയമമാണ്. ഈ പ്രപഞ്ച നിയമങ്ങൾ മനസ്സിലാക്കാനുള്ള കഴിവാണ് മനുഷ്യനെ മററു മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കിയത്. നാം ഇന്നു കാണുന്ന എല്ലാ പുരോഗതിക്കും കാരണം ഈ കഴിവാണ്. നമുക്കെല്ലാവർക്കും ഈ കഴിവ് വളർത്തിയെടുക്കുന്നതിനാണ് നാം അക്ഷരം പഠിക്കുന്നതും അറിവു നേടുന്നതും....ഈ കഴിവു വളർത്തിയെടുത്തെങ്കിലേ നമുക്ക് നമ്മുടെ നിരക്ഷരതയിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും തൊഴിലില്ലായ്മയിൽ നിന്നും കരകയറാൻ കഴിയൂ.

3 പ്രപഞ്ചത്തിൽ സർവതന്ത്രസ്വതന്ത്രമായി ഒന്നുമില്ല. എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

അക്കങ്ങളും കണക്കും

പാഠം 6, 7, 9 എന്നിവയിലൂടെ പഠിതാക്കൾക്ക് അക്കങ്ങളെ

പരിചയപ്പെടുത്തി. തുടർന്നുള്ള ക്ലാസുകളിൽ, നിത്യജീവിതത്തിൽ ആവശ്യമായ കണക്കുകൾ ചെയ്യാൻ അവരെ കഴിവുള്ളവരാക്കിത്തീർക്കണം. ഓരോ പാഠത്തിലും പ്രത്യേകമായി കണക്കുകൾ കൊടുത്തിട്ടില്ലെങ്കിലും, ഒന്നിടവിട്ട ക്ലാസുകളിൽ ചെറിയ കണക്കുകൾ അവതരിപ്പിക്കാൻ അധ്യാപകൻ മറക്കരുത്. കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ തുടങ്ങിയ ക്രിയകളെല്ലാം 14-ാം പാഠമാവുമ്പോഴേക്ക് പഠിതാക്കൾക്ക് പരിചിതമായിരിക്കണം.

എഴുത്തുപുസ്തകം

ക്ലാസു തുടങ്ങി, ഏതാനും ദിവസങ്ങൾ പഠിതാക്കളും അധ്യാപകനും തമ്മിൽ പരിചയപ്പെടുന്നതിനും ക്ലാസ് എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്നതു സംബന്ധിച്ച ധാരണയുണ്ടാക്കുന്നതിനും വേണ്ടി വിനിയോഗിക്കാം. തുടർന്ന്, ക്ലാസ്സിൽ നടക്കുന്ന ചർച്ചകളിൽ എല്ലാവരെയും പങ്കാളികളാക്കാൻ ശ്രദ്ധിക്കുക. ഈ ഘട്ടം മുതൽ എഴുത്തിലും ശ്രദ്ധിക്കണം. സാക്ഷരതാപാഠാവലിയുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള എഴുത്തു പുസ്തകത്തിന്റെ ഒന്നാം ഭാഗം 15-ാം പാഠം തുടങ്ങുമ്പോഴേക്ക് പൂർത്തിയായിരിക്കണം. ചർച്ചകൾക്കും മററുമിടയിൽ, എഴുത്തുപഠിത്തം മുടങ്ങിപ്പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

പാഠം 15

അധ്വാനത്തിന്റെ മഹത്വം

അധ്വാനത്തിന്റെ, തൊഴിലിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് ഈ പാഠത്തിൽ വിവരിക്കുന്നത്.

1 പാഠം വായിച്ചുകഴിഞ്ഞശേഷം, പഠിതാക്കളോട് അവരുടെ തൊഴിലിനെക്കുറിച്ച് ചർച്ച ചെയ്യുക. ഓരോരുത്തരും അവർ ചെയ്യുന്ന തൊഴിലിന്റെ പ്രത്യേകതകളെക്കുറിച്ച് പറയട്ടെ.

2 ചുററുപാടുമുള്ള പ്രകൃതിയിൽ, പ്രകൃതിയിലുള്ള

വിവിധ വസ്തുക്കളിൽ സ്വന്തം അധ്വാനം ചെലുത്തിയാണ് മനുഷ്യർ തനിക്കാവശ്യമുള്ളതെല്ലാം ഉണ്ടാക്കുന്നത്. കൃഷിക്കാരൻ പാടത്ത് അധ്വാനിച്ച് ധാന്യങ്ങളുണ്ടാക്കുന്നു. മൽസ്യത്തൊഴിലാളി കടലിൽ അധ്വാനിച്ച് മീൻ പിടിക്കുന്നു. ഫാക്ടറിത്തൊഴിലാളി യന്ത്രങ്ങളുപയോഗിച്ച് അധ്വാനിച്ച് പലതരം സാധനങ്ങളുണ്ടാക്കുന്നു.... പഠിതാക്കരം ഓരോരുത്തരോടും അവരുടെ അധ്വാനത്തിന്റെ ഫലമായി ചുററുപാടിൽ ഉണ്ടാവുന്ന മാററങ്ങരം എന്തെല്ലാമാണെന്ന് പറയാൻ പ്രേരിപ്പിച്ചുനോക്കൂ....അതുപോലെ സ്വന്തം അധ്വാനത്തിന്റെ ഫലമായി പുതുതായി ഉണ്ടാവുന്ന സമ്പത്തിനെക്കുറിച്ച് ചർച്ചചെയ്യാനും ശ്രമിക്കാം.

3 പലരും സ്വന്തം അധ്വാനശേഷി മററുള്ളവർക്ക് വിററാണ് ജീവിക്കുന്നത്. ഫാക്ടറിത്തൊഴിലാളി സ്വന്തം അധ്വാനശേഷി ഫാക്ടറി ഉടമയ്ക്ക് വിൽക്കുന്നു. അതിനു പകരമായി അയാരംക്ക് കൂലിയോ ശമ്പളമോ കിട്ടുന്നു. തൊഴിലാളികളുടെ അധ്വാനശേഷി കഴിയാവുന്നത്ര കുറഞ്ഞ വിലയ്ക്ക് വാങ്ങി, സ്വന്തം ലാഭം പരമാവധി വർധിപ്പിക്കാനാണ് മുതലാളിമാർ ശ്രമിക്കുക. ഇതിനെതിരെ തന്റെ അധ്വാനശേഷിക്ക് മതിയായ വില (കൂലി) ലഭിക്കാൻ തൊഴിലാളികരം ശ്രമിക്കും. പാഠം 36-ൽ ഇതേക്കുറിച്ച് കൂടുതൽ വിവരിക്കുന്നുണ്ട്.

4 മനുഷ്യന് ശരീരംകൊണ്ടും ബുദ്ധികൊണ്ടും അധ്വാനിക്കാനുള്ള കഴിവുണ്ട്. ശരീരംകൊണ്ടുള്ള അധ്വാനം ബുദ്ധികൊണ്ടുള്ള അധ്വാനത്തേക്കാരം കേമമാണെന്ന് പലർക്കും ധാരണയുണ്ട്. ഇത് ശരിയാണോ? ചർച്ച ചെയ്യുക.

5 പ്രകൃതിയിൽ പലതരത്തിൽ അധ്വാനിച്ചുതുടങ്ങിയതോടുകൂടിയാണ് പ്രകൃതിയെക്കുറിച്ചുള്ള മനുഷ്യന്റെ അറിവ് വർധിച്ചത്. കൃഷിചെയ്യാനാരംഭിച്ചതോടെ മണ്ണിനെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും ചെടികളെക്കുറിച്ചും അവൻ കൂടുതൽ മനസ്സിലാക്കി. അധ്വാനിക്കുന്നതിനുവേണ്ടി പുതിയ പുതിയ ആയുധങ്ങരം

ഉണ്ടാക്കാൻ തുടങ്ങിയതോടെ പലതരം പദാർഥങ്ങളെക്കുറിച്ച് അവന് അറിവുണ്ടായി. ഈ അറിവുകരം ഓരോന്നും അവനെ കൂടുതൽ ശക്തനാക്കി. അധ്വാനം എല്ലാ സമ്പത്തിൻെറയും മാത്രമല്ല, എല്ലാ അറിവിൻെറയും ഉറവിടമാണ്.

6 നമ്മുടെ കൂട്ടത്തിൽ പലർക്കും അധ്വാനിക്കാൻ അവസരം ലഭിക്കുന്നില്ല. നിരവധി പേരുടെ അധ്വാനശക്തി പാഴായിപ്പോകുന്നു. ഇത് നമുക്കും രാജ്യത്തിനും തീരാത്ത നഷ്ടമാണ്. എല്ലാവർക്കും അധ്വാനിക്കാൻ അവസരം വേണം, അധ്വാനിക്കാൻ വേണ്ട ആരോഗ്യം വേണം.

7 അധ്വാനിക്കാതെ കിട്ടുന്ന സാധനങ്ങരംക്ക് വിലയില്ല. നമുക്ക് ശ്വസിക്കാൻ വായുവേണം. പക്ഷേ അത് അധ്വാനിക്കാതെ തന്നെ നമുക്കു കിട്ടുന്നു. അതിനാൽ അതിനു വിലയില്ല. അധ്വാനമാണ് ഏതൊരു സാധനത്തിൻെറയും വില നിശ്ചയിക്കുന്നത്. അധ്വാനവും വിലയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് 36-ാം പാഠത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

പാഠം 16
കുഞ്ഞിക്കുട്ടൻെറ വീട്

മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളിൽ ഏററവും പ്രധാനപ്പെട്ടവയാണല്ലോ ആഹാരം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, വിനോദം, വിശ്രമം എന്നിവ. ഇവയിൽ ആഹാരത്തെക്കുറിച്ച് ഒന്നാമത്തെ പാഠത്തിലും തൊഴിലിനെക്കുറിച്ച് 2, 15 എന്നീ പാഠങ്ങളിലും നമ്മരം ചർച്ച ചെയ്തു. പാർപ്പിടത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്.

1 പാഠം വായിച്ചതിനു ശേഷം, വീടുകളെ സംബന്ധിച്ചുള്ള ചർച്ച ആരംഭിക്കണം. സ്വന്തം വീടുകളിലെ സൗകര്യങ്ങരം അസൗകര്യങ്ങരം എന്നിവയെക്കുറിച്ചും, നാട്ടിൽ പല ഭാഗത്തും നടന്നുകൊണ്ടിരിക്കുന്ന വീടുപണികളെക്കുറിച്ചും എല്ലാം പഠിതാക്കളുമായി സംസാരിക്കണം.

2 തുടർന്ന് എന്തിനാണ് വീട്, ഒരു വീട്ടിൽ ഉണ്ടായിരി

ക്കേണ്ട പ്രാഥമികസൗകര്യങ്ങൾ എന്തെല്ലാം എന്നീ കാര്യങ്ങൾ ചർച്ച ചെയ്യുക. പഠിതാക്കൾ ഓരോരുത്തരോടും അവരുടെ സങ്കൽപ്പത്തിലുള്ള വീടിനെക്കുറിച്ച് സംസാരിക്കാൻ അഭ്യർത്ഥിക്കാം. വീട്ടിൽ അത്യാവശ്യ സൗകര്യങ്ങളെല്ലാം ഉണ്ടാവുന്നത് നല്ലതാണ്. പക്ഷേ നമ്മുടെ നാട്ടിൽ പലരും അന്തസ്സും പണക്കൊഴുപ്പും പ്രദർശിപ്പിക്കാനാണ് വീടുണ്ടാക്കുന്നത്. ഇത് ശരിയല്ല എന്ന കാര്യം ചർച്ചയിലൂടെ വ്യക്തമാക്കണം.

3 വീട് ശുചിയാക്കിവയ്ക്കുന്ന കാര്യത്തിൽ പലരും ശ്രദ്ധിക്കാറില്ല. വീടും ചുററുപാടും ശുചിയാക്കിവയ്ക്കേണ്ടത് അത്യാവശ്യമാണ്. ശുചിത്വമുണ്ടെങ്കിൽ പല രോഗങ്ങളും ഒഴിവാക്കാൻ കഴിയും. വീടിനു ചുററും ചപ്പുചവറുകൾ കൂട്ടിയിടാതിരിക്കുക, അടുക്കളയിൽ നിന്നുള്ള വെള്ളം വീടിനു ചുററും കെട്ടിനിൽക്കാൻ അനുവദിക്കാതിരിക്കുക ഇതെല്ലാം എല്ലാവർക്കും ചെയ്യാവുന്ന കാര്യങ്ങളാണ്.

4 വീടിൻെറ ചുററുപാട് വൃത്തിയാക്കി വയ്ക്കാൻ, അല്പം ശ്രദ്ധിച്ചാൽ ഒരു പ്രയാസവുമില്ല. ഒരു കുഴികുത്തി ചപ്പുചവറുകളെല്ലാം അതിലിടാം. അടുക്കളയിൽ നിന്നും ഉള്ള വെള്ളം ഒരു നീർക്കുഴിയിലേക്ക് ഒഴുക്കാം. രണ്ടോ മൂന്നോ അടി നീളവും വീതിയും ആഴവും ഉള്ള ഒരു കുഴിയിൽ കല്ലും ചരലും നിറച്ച് അതിലേക്ക് വെള്ളം വിട്ടാൽ മതി. കുഴിയുടെ മുകളിൽ ഒരു തകിടു പലകയോ മറേറാ വച്ച് മണ്ണിടാം. വെള്ളം കെട്ടിനിൽക്കാതിരുന്നാൽ കൊതുകുശല്യം കുറയും.

5 അടുക്കളയിലെ കരിയും പുകയും എല്ലാ വീട്ടിലും പ്രശ്നമാണ്. പുകയില്ലാത്ത പുതിയ അടുപ്പുകൾ ഉപയോഗിച്ച് പുകശ്ശല്യം കുറയ്ക്കാം. വീടുകളിൽ പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുന്നതിന് ഗവൺമെൻറിൽ നിന്ന് സഹായം കൊടുക്കുന്നുണ്ട്. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുകയാണെങ്കിൽ വിറകിൻെറ ചെലവ് പകുതി കണ്ട് കുറയ്ക്കാൻ കഴിയും. പഠിതാക്കളുടെ എല്ലാം വീടുകളിൽ പുകയില്ലാത്ത അടുപ്പുണ്ടാക്കാൻ പ്ലാനുണ്ടാക്കുക.

6 എല്ലാ വീട്ടിലും അത്യാവശ്യം ഉണ്ടാവേണ്ടതാണ് കക്കൂസ് സൗകര്യം. വെളിയിൽ മലമൂത്രവിസർജനം ചെയ്യുന്നതുമൂലം പലതരം രോഗങ്ങൾ ഉണ്ടാകുന്നു. അടുത്തടുത്താണ് വീടുകൾ എങ്കിൽ പൊതുകക്കൂസ് ഉണ്ടാക്കുന്ന കാര്യം ആലോചിക്കാം. കക്കൂസ് ഉണ്ടാക്കുന്നതിനും ഗവൺമെൻറിൽ നിന്ന് കിട്ടുന്ന സഹായത്തെക്കുറിച്ചും എല്ലാവർക്കും കക്കൂസ് സൗകര്യം ലഭ്യമാക്കുന്നതിനെക്കുറിച്ചും ചർച്ചചെയ്യണം. അതിനും ഒരു പ്ലാനുണ്ടാക്കണം. പഞ്ചായത്തിൻെറയും മററും സഹായം ഇക്കാര്യത്തിൽ ആവശ്യപ്പെടാം.

7 അടുത്ത കാലത്തായി വീടുനിർമാണത്തിൻെറ ചെലവ് വളരെ കൂടിയിട്ടുണ്ട്. അതുകൊണ്ട് സാധാരണക്കാർക്ക് വീടുണ്ടാക്കാൻ പ്രയാസമായിരിക്കുന്നു. പക്ഷേ ചെലവു കുറച്ച് വീടുകൾ ഉണ്ടാക്കുന്നതിനുള്ള പല മാർഗങ്ങളും പ്രചാരത്തിൽ വരുന്നുണ്ട്. ഇതേക്കുറിച്ച് ചർച്ച ചെയ്യണം.

8 സാധാരണക്കാർക്ക് വീടുണ്ടാക്കുന്നതിനും വീട് റിപ്പയർ ചെയ്യുന്നതിനുമൊക്കെ ഗവൺമെൻറിന് പലതരം പദ്ധതികളുണ്ട്. ഈ പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യണം.

പാഠം 17
തുണിക്ക് തീവില

ആഹാരം പോലെ, പാർപ്പിടം പോലെ എല്ലാ മനുഷ്യർക്കും അത്യാവശ്യം വേണ്ട ഒന്നാണ് വസ്ത്രം. നഗ്നതമറയ്ക്കുക, ചൂടിൽ നിന്നും തണുപ്പിൽ നിന്നും ശരീരത്തെ രക്ഷിക്കുക എന്നിവയെല്ലാമാണ് വസ്ത്രത്തിൻെറ മുഖ്യ ആവശ്യങ്ങൾ. എന്നാൽ ഇന്ന്, വസ്ത്രമെന്നത് ആഡംബരത്തിൻെറയും പണക്കൊഴുപ്പിൻെറയും പ്രതീകമായി മാറിയിരിക്കുന്നു. ഇത് എത്രത്തോളം ശരിയാണ് എന്ന ചർച്ചയോടെ ക്ലാസ് ആരംഭിക്കാം.

1 പാഠം വായിച്ചശേഷം, വസ്ത്രത്തിൻെറ കാര്യത്തിൽ അനുഭവപ്പെടുന്ന വിഷമതകളെക്കുറിച്ച് ചർച്ച ചെയ്തു

കൊണ്ട് ആരംഭിക്കാം. തുണിയുടെ വില, റേഷൻതുണി തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചും പഠിതാക്കൾക്ക് അഭിപ്രായങ്ങളുണ്ടായിരിക്കും. ഇപ്പോഴത്തെ പലതരം ഫാഷൻഭ്രമങ്ങളെക്കുറിച്ചും പഴയകാലത്തെ വസ്ത്രധാരണരീതിയും ഇപ്പോഴത്തെ രീതിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുമെല്ലാം ചർച്ചയാവാം.

2 കാലാവസ്ഥയ്ക്ക് അനുയോജ്യമായ വസ്ത്രങ്ങൾ ധരിക്കുന്നതാണ് ശരീരത്തിനു സുഖം. തണുപ്പു കൂടുതലുള്ള രാജ്യങ്ങളിൽ കമ്പിളി വസ്ത്രങ്ങൾ ഉപയോഗിക്കേണ്ടിവരും. നമ്മുടെ സാഹചര്യങ്ങളിൽ നല്ലപോലെ കാററുകയറുന്ന പരുത്തിവസ്ത്രങ്ങൾ ഉപയോഗിക്കുന്നതാണ് നല്ലത്.

3 പരുത്തി, കമ്പിളി, ലിനൻ, സിൽക്ക്, നൈലോൺ, പോളിസ്ററർ എന്നിങ്ങനെ പല വസ്തുക്കൾകൊണ്ടും വസ്ത്രങ്ങൾ ഉണ്ടാക്കുന്നുണ്ട്. കഴിഞ്ഞ ഒരു പതിററാണ്ടിനിടയിൽ വളരെ പ്രചാരം ലഭിച്ചിട്ടുള്ള ഒരിനം തുണിയാണ് പോളിസ്ററർ.

4 തുണികൾ ഖാദി, കൈത്തറി, മിൽത്തുണി എന്നിങ്ങനെ മൂന്നുതരമുണ്ട്. സ്വാതന്ത്ര്യസമരത്തിൻെറ പ്രതീകമായിരുന്നു ഖാദി. ഇന്ന് മിൽത്തുണികൾക്കാണ് പ്രചാരം കൂടുതൽ. കൈത്തറി, ഖാദി തുണികൾക്ക് വേണ്ടത്ര പ്രചാരം ലഭിക്കാത്തതുകൊണ്ട് ഒട്ടേറെ കുടുംബങ്ങൾ പട്ടിണികിടക്കുന്നുണ്ട്.

5 എല്ലാത്തരം തുണികളുടെയും വില, പൊതുവെ വർധിച്ചുകൊണ്ടിരിക്കയാണ്. ഇതുമൂലം സാധാരണക്കാർ വളരെയധികം കഷ്ടപ്പെടേണ്ടിവരുന്നു. കുട്ടികളുടെ സ്കൂൾ തുറക്കുന്ന സമയത്തും മററും ഒട്ടേറെ പണം വസ്ത്രത്തിനായി ചെലവാക്കേണ്ടിവരുന്നു. ഇതുസംബന്ധിച്ച് പഠിതാക്കൾക്ക് ഉള്ള അനുഭവങ്ങൾ ചർച്ച ചെയ്യണം.

6 വസ്ത്രങ്ങൾ വൃത്തിയായി പലരും ശ്രദ്ധിക്കാറില്ല. ആഡംബരമൊന്നും ആവശ്യമില്ലെങ്കിലും ഉള്ള വസ്ത്രങ്ങൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക തന്നെ വേണം.

7 വസ്ത്രത്തെക്കുറിച്ചുള്ള ഈ പാഠം ഉപയോഗപ്പെടുത്തി ക്കൊണ്ട് പഠിതാക്കൾക്ക് നീളം, വീതി, വിസ്തീർണം തുടങ്ങിയ ആശയങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കാം. നാം സാധാരണ ഉപയോഗിക്കുന്ന തോർത്തിന്റെയും മുണ്ടിന്റെയും നീളം, ഒരു പുരുഷന് ഷർട്ടുതയ്ക്കുന്ന തിനാവശ്യമായ തുണിയുടെ നീളം, സ്ത്രീക്ക് ബ്ലൗസി ന് വേണ്ട തുണിയുടെ നീളം. ഇതെല്ലാം ചർച്ചാവിഷയ മാക്കാം. കൂടാതെ, ഓരോ പഠിതാവിന്റെയും കുടും ബാംഗങ്ങൾക്ക് ഒരു വർഷത്തേക്ക് ആവശ്യമുള്ള തുണി എടുക്കുന്നതിന് എത്ര ചെലവുവരും എന്നു കണക്കാ ക്കാനും പഠിപ്പിക്കാവുന്നതാണ്—ഇതിൽ പല കാര്യങ്ങ ളും പഠിതാക്കൾക്ക് ഇപ്പോൾത്തന്നെ നല്ല വശമായിരിക്കും എന്നോർക്കുക.

പാഠം 18

കുടിവെള്ളം

കുടിവെള്ളത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എത്ര പറ ഞ്ഞാലും അധികമാവില്ല. ശുദ്ധമായ വെള്ളം കിട്ടാനുള്ള സൗകര്യം പല സ്ഥലത്തും ഉണ്ടാവില്ല.

1 കുടിവെള്ളവുമായി ബന്ധപ്പെട്ട് പഠിതാക്കൾക്ക് അനുഭ വിക്കേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ചു ചർച്ചചെയ്തു കൊണ്ട് ക്ലാസ് ആരംഭിക്കാം. പലതരം പ്രശ്നങ്ങൾ അവർക്ക് പറയാനുണ്ടാകും. ഇതിൽ ചില പ്രശ്നങ്ങൾ എങ്കിലും കൂട്ടായ ശ്രമത്തിലൂടെ പരിഹരിക്കാൻ ശ്രമി ക്കണം.

2 കുടിവെള്ളം ശുദ്ധമായിരിക്കേണ്ടതിന്റെ പ്രാധാന്യം ചർച്ച ചെയ്യണം. സാധാരണയായി കണ്ടുവരുന്ന അസുഖ ങ്ങളിൽ 60–70 ശതമാനവും ദുഷിച്ച വെള്ളത്തിലൂടെ പക രുന്നവയാണ്.

3 വെള്ളം തിളപ്പിച്ചാററി കുടിക്കുന്നതുകൊണ്ടുള്ള ഗുണ ങ്ങൾ വിശദീകരിച്ചുകൊടുക്കണം.

4 പഠിതാക്കരം ഓരോരുത്തരുടേയും വീടുകളിൽ കുടിക്കുന്നതിനുള്ള വെള്ളം എവിടെ നിന്നാണ് ലഭിക്കുന്നത് എന്ന് അന്വേഷിക്കുക. കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള മാർഗങ്ങരം പറഞ്ഞുകൊടുക്കുക ("നല്ല നാളെ" എന്ന പുസ്തകത്തിൽ ഈ കാര്യങ്ങരം വിശദമായി വിവരിക്കുന്നുണ്ട്. അത്, അധ്യാപകർ നല്ലപോലെ വായിച്ച് മനസ്സിലാക്കണം).

5 കഴിഞ്ഞ ഏതാനും വർഷങ്ങളായി എല്ലാ വേനൽക്കാലത്തും നമ്മുടെ സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വരരംച്ചയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ചർച്ചചെയ്യണം. മലഞ്ചെരിവുകളിലെ കാടുകരം വെട്ടിനശിപ്പിക്കുന്നത് വരരംച്ചക്കുള്ള കാരണങ്ങളിലൊന്നാണ്....

6 ഈ പാഠം പഠിച്ചുതീരുമ്പോരം കുടിവെള്ളവുമായി ബന്ധപ്പെട്ട് നാട്ടിലും വീട്ടിലുമുള്ള പ്രശ്നങ്ങരം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കരംക്ക് നേതൃത്വവും സഹായവും നൽകാൻ അധ്യാപകനു കഴിയണം.

പാഠം 19

ഉപ്പിട്ട കഞ്ഞിവെള്ളം

മഴക്കാലം തുടങ്ങുന്നതോടൊപ്പം പലേടത്തും അതിസാരവും കോളറയും ബാധിക്കുക പതിവാണ്. ഈ രോഗങ്ങരം ഒട്ടനേകം പേരുടെ, പ്രത്യേകിച്ചും കൊച്ചുകുട്ടികളുടെ, ജീവൻ ഒടുക്കുന്നു. ഇത് ഒഴിവാക്കാനുള്ള ഒരു ചികിൽസാരീതിയെക്കുറിച്ചാണ് ഈ പാഠത്തിൽ വിവരിക്കുന്നത്.

1 വയറിളക്കരോഗങ്ങരം സംബന്ധിച്ച് പഠിതാക്കരംക്കുള്ള ധാരണകരം എന്തെല്ലാമാണ് എന്ന് ചർച്ചയിലൂടെ മനസ്സിലാക്കുക. ഇതു സംബന്ധിച്ച് പല തെററായ ധാരണകളും നാട്ടിൽ പ്രചാരത്തിലുണ്ടാവാം. പതുക്കെപ്പതുക്കെ തെററിദ്ധാരണകരം നീക്കണം.

2 വയറിളക്ക രോഗങ്ങൾക്കുള്ള മുഖ്യകാരണം അശുദ്ധമായ വെള്ളം കുടിക്കുന്നതാണ്.

3 വയറിളക്കവും ഛർദിയും ബാധിച്ചാൽ, ശരീരത്തിൽനിന്ന് ധാരാളം വെള്ളം നഷ്ടപ്പെടും. ജലനഷ്ടം ഒരു പരിധി വിട്ടാൽ മരണമാവും ഫലം. ഇത് ഒഴിവാക്കാനുള്ള ഏററവും എളുപ്പമാർഗമാണ് ഉപ്പിട്ട കഞ്ഞിവെള്ളം നൽകൽ, അഥവാ പാനീയചികിൽസ.

4 പാനീയ ചികിൽസയുടെ എല്ലാവശങ്ങളും പഠിതാക്കൾക്ക് വിശദീകരിച്ചു കൊടുക്കുകയും അതിനാവശ്യമായ പാനീയം ഉണ്ടാക്കുന്ന രീതി കാണിച്ചുകൊടുക്കുകയും ചെയ്യണം. വയറിളക്കം നിലയ്ക്കാതെ വന്നാൽ ഡോക്ടറെ കാണേണ്ടതിന്റെ ആവശ്യവും വ്യക്തമാക്കണം.

5 പഠിതാക്കളുടെ നാട്ടിൽ ഒരൊററ കുഞ്ഞുപോലും വയറിളക്കരോഗംമൂലം ഇനി മരണമടയില്ല എന്ന് ഉറപ്പുവരുത്താൻ ഈ ചർച്ചയിലൂടെ കഴിയണം.

പാഠം 20

ആ ബസ്സെങ്ങോട്ടാ ?

അക്ഷരങ്ങൾ വായിക്കാനറിയാത്തതുകൊണ്ട്, ഒരാൾ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളാണ് ഈ പാഠത്തിൽ വിവരിക്കുന്നത്.

1 പഠിതാക്കളിൽ പലർക്കും ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടായിക്കാണും. അത്തരം അനുഭവങ്ങൾ ചർച്ചചെയ്തു തുടങ്ങാം.

2 സ്വന്തം നാട്ടിലൂടെ സഞ്ചരിക്കുന്ന ബസ്സുകളുടെ ബോർഡിൽ എഴുതിയിരിക്കുന്ന സ്ഥലപ്പേരുകൾ എഴുതാനും വായിക്കാനും പഠിക്കാൻ ഈ പാഠം സന്ദർഭമൊരുക്കണം.

3 ബസ്ചാർജ്, ഗതാഗതസൗകര്യങ്ങൾ എന്നിവയെക്കുറിച്ചെല്ലാം പഠിതാക്കളുമൊത്ത് ചർച്ച ചെയ്യുന്നതിനും ഈ ക്ലാസ് പ്രയോജനപ്പെടുത്താം.

4 ബസ്ചാർജുമായി ബന്ധപ്പെട്ട ഏതാനും കണക്കുകളും ഈ പാഠവുമായി ബന്ധപ്പെടുത്തി ചെയ്യിക്കാവുന്നതാണ്.

പാഠം 21

നമ്മുടെ നാട്

നമ്മുടെ രാജ്യം, സംസ്ഥാനം, ജില്ല എന്നിവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് സഹായകമായ പാഠങ്ങളാണ് പാഠം 21, പാഠം 22, പാഠം 24, പാഠം 25, പാഠം 28 എന്നിവ. ഈ പാഠത്തിൽ നമ്മുടെ രാജ്യത്തെക്കുറിച്ചാണ് വിവരിക്കുന്നത്. നാമെല്ലാവരും ഇന്ത്യാക്കാരാണെന്നും ഇന്ത്യയുടെ പുരോഗതിയും ഐക്യവും നമ്മുടെ കൂട്ടായ പ്രയത്നത്തിലൂടെ മാത്രമേ സാധ്യമാവൂ എന്നും വ്യക്തമാക്കലാണ് ഈ പാഠത്തിന്റെ മുഖ്യലക്ഷ്യം.

1 പാഠം വായിച്ചതിനുശേഷം, ഇന്ത്യയുടെ മാപ്പുപയോഗിച്ച് വ്യത്യസ്ത സംസ്ഥാനങ്ങളും ഇന്ത്യയുടെ അതിരുകളും പരിചയപ്പെടുത്തിക്കൊടുക്കുക.

2 ഇതുമായി ബന്ധപ്പെടുത്തി ഒട്ടനവധി കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. മററു സംസ്ഥാനങ്ങളെക്കുറിച്ചും ഇന്ത്യയുടെ അതിരുകളായ ഹിമാലയം, അറബിക്കടൽ എന്നിവയെക്കുറിച്ചുമൊക്കെ പഠിതാക്കൾ പല കാര്യങ്ങളും കേട്ടിരിക്കും. ഇവയെക്കുറിച്ചെല്ലാം രസകരമായി ചർച്ചകൾ നടത്തണം.

3 നമ്മുടെ അയൽ രാജ്യങ്ങളെയും പരിചയപ്പെടുത്തണം.

4 എൺപതു കോടിയോളം ജനങ്ങളുണ്ട് ഇന്ത്യയിൽ. ലോകത്തിൽ ഏററവും കൂടുതൽ ജനങ്ങളുള്ള രാജ്യങ്ങളിൽ രണ്ടാം സ്ഥാനമാണ് ഇന്ത്യക്ക്.

5 വിവിധ മതക്കാരും ഭാഷക്കാരും വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിക്കുന്നവരുമായ ജനങ്ങൾ ഇന്ത്യയിലുണ്ട്. പക്ഷേ നാമെല്ലാവരും ഇന്ത്യക്കാരാണ്,

ഇന്ത്യയിലെ പ്രമുഖ മതങ്ങൾ ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം, സിഖുമതം എന്നിവയാണ്.

6 ഇന്ത്യയിലെ വ്യത്യസ്ത ഭാഷകളുടെ പേരുകൾ പഠിതാക്കൾക്ക് പറഞ്ഞുകൊടുക്കാം. ഓരോ സംസ്ഥാനത്തുള്ളവരും സംസാരിക്കുന്ന ഭാഷകൾ ഏതെല്ലാം എന്ന് ബന്ധപ്പെടുത്തി പറയൂ.

7 ഗംഗ, ബ്രഹ്മപുത്ര, സിന്ധു തുടങ്ങിയ നദികൾ, ദൽഹി, ബോംബെ, കൽക്കത്ത, മദ്രാസ് തുടങ്ങിയ പട്ടണങ്ങൾ ഇവയെല്ലാം ഭൂപടത്തിൽ കാണിച്ചുകൊടുക്കുകയും പഠിതാക്കൾക്ക് അറിയാൻ താൽപര്യം തോന്നുന്ന മററു സ്ഥലങ്ങളെക്കുറിച്ച് വിവരിക്കുകയും ചെയ്യുക.

പാഠം 22
സ്വാതന്ത്ര്യം നേടുന്നു

നമ്മുടെ രാജ്യത്തിന്റെ ചരിത്രം, നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം എന്നിവയെക്കുറിച്ച് പഠിതാക്കളുമായി ചർച്ച ചെയ്യുന്നതിനാണ് ഈ പാഠം പ്രയോജനപ്പെടുത്തേണ്ടത്.

1 രാജഭരണകാലത്തെക്കുറിച്ചും ബ്രിട്ടീഷുകാരുടെ ഭരണത്തെക്കുറിച്ചുമൊക്കെ ഓർമയുള്ള ചിലരെങ്കിലും പഠിതാക്കളുടെ കൂട്ടത്തിൽ കാണും. ആ കാലത്തെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് ആരംഭിക്കാം.

2 നമ്മുടെ രാജ്യത്തിന് വളരെ പുരാതനമായ ഒരു ചരിത്രമുണ്ട്. അയ്യായിരം വർഷങ്ങൾക്കു മുൻപ്, സിന്ധു നദീതീരത്ത് വലിയ ചില പട്ടണങ്ങൾ നിലവിലുണ്ടായിരുന്നു. 'മനുഷ്യൻ മനുഷ്യനായ കഥ' എന്ന പുസ്തകത്തിൽ ഇതേക്കുറിച്ച് വിവരിക്കുന്നുണ്ട്.

3 കച്ചവടത്തിനുവേണ്ടി നമ്മുടെ നാട്ടിൽ വരികയും ക്രമേണ രാജ്യത്തിന്റെ ഭരണാധികാരം കൈവശമാക്കുകയും ചെയ്ത വിദേശികളക്കുറിച്ച് ചർച്ച ചെയ്യാം. കോഴിക്കോട്ട് കപ്പലിറങ്ങിയ പോർച്ചുഗീസുകാരനായ വാസ്കോ

ഡഗാമ, കൊച്ചിയിൽ കോട്ടയുണ്ടാക്കിയ ഡച്ചുകാർ, വളരെക്കാലം നമ്മെ അടക്കിവാണ ബ്രിട്ടീഷുകാർ ഇവരെക്കുറിച്ചെല്ലാം സൂചിപ്പിക്കാവുന്നതാണ്.

4 തുടർന്ന് സ്വാതന്ത്ര്യസമരചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ ചർച്ചചെയ്യാം. ദേശാഭിമാനികളായ ഒട്ടനവധി പേർ ബ്രിട്ടീഷുകാരെ നമ്മുടെ രാജ്യത്തു നിന്ന് തുരത്താനായി പോരാടിയിട്ടുണ്ട്. ഝാൻസിറാണിയുടെ നേതൃത്വത്തിൽ നടന്ന ഒന്നാം സ്വാതന്ത്ര്യസമരത്തെക്കുറിച്ചും പഴശ്ശിരാജാവും വേലുത്തമ്പിദളവയുമൊക്കെ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ പോരാട്ടത്തെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യാം.

5 രാജാറാംമോഹൻറോയ്, ബാലഗംഗാധരതിലകൻ, ഗോപാലകൃഷ്ണഗോഖലെ, ലാലാലജ്പത്റായ്, ബിപിൻ ചന്ദ്രപാൽ, ഭഗത്സിങ്ങ് തുടങ്ങിയ സ്വാതന്ത്ര്യസമര നേതാക്കളെക്കുറിച്ച് പഠിതാക്കളുമായി ചർച്ച ചെയ്യുക. പഠിതാക്കൾക്കു പരിചിതരായ സ്വാതന്ത്ര്യസമര നേതാക്കൾ ഉണ്ടെങ്കിൽ അവരെ ക്ലാസിലേക്കു ക്ഷണിച്ച് സ്വന്തം അനുഭവങ്ങൾ വിവരിക്കാൻ അഭ്യർഥിക്കാവുന്നതാണ്.

6 മഹാത്മാഗാന്ധിയെക്കുറിച്ചും അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ പ്രധാന ഘട്ടങ്ങളെക്കുറിച്ചും വിവരിക്കുക. ഇന്ത്യയിലെ മുഴുവൻ ജനങ്ങളും, ജാതി, മത, ഭാഷാ വ്യത്യാസമില്ലാതെ ഒരുമിച്ച് പങ്കെടുത്ത മഹത്തായ ഒരു സമരമായിരുന്നു അത് എന്ന കാര്യം ഊന്നിപ്പറയുക.

7 സ്വാതന്ത്ര്യം നേടുന്നതിനു മുൻപും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും രാജ്യത്തുണ്ടായ മാററങ്ങൾ പഠിതാക്കളുടെ അനുഭവം വച്ച് ചർച്ച ചെയ്യുക.

8 ബ്രിട്ടീഷുകാരുടെ ഭരണം നമ്മുടെ നാട്ടിൽ വരുത്തിവച്ച വിനകളെക്കുറിച്ച് ചർച്ച ചെയ്യുക.

9 ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയെങ്കിലും ഇന്നും നമുക്കു നിരവധി പ്രശ്നങ്ങളുണ്ട്. ഒട്ടേറെ പേർ പട്ടിണിയി

ലാണ്. എഴുത്തും വായനയുമറിയാത്തവർ ഏറെയുണ്ട്. ഇവക്കെല്ലാമെതിരായ പോരാട്ടത്തിൽ നമുക്കെല്ലാവർക്കും പങ്കെടുക്കാനാവണം.

10 ശതമാനം: ഈ പാഠത്തിൽ ശതമാനത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ശതമാനം എന്നാൽ എന്ത് എന്ന് പഠിതാക്കൾക്ക് പരിചിതമായ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കിക്കൊടുക്കണം. കുട്ടികളുടെ മാർക്ക് സാധാരണയായി ശതമാനത്തിലാണല്ലോ പറയാറ്. അതുമായി ബന്ധപ്പെടുത്തി ശതമാനം എന്ന ആശയം വ്യക്തമാക്കാം. മററ് ഉദാഹരണങ്ങളും എടുക്കാം.

11 തീയതി, മാസം, ആഴ്ച എന്നീ ആശയങ്ങൾ പഠിതാക്കൾക്ക് വ്യക്തമാക്കിക്കൊടുക്കുക. കലണ്ടർ നോക്കുവാനും സ്വന്തം ജനനത്തീയതി, കുട്ടികളുടെ ജനനത്തീയതി എന്നിവ എഴുതാനും പഠിക്കണം. ജനനസർട്ടിഫിക്കററിന്റെ പ്രാധാന്യം, ജനനസർട്ടിഫിക്കററിന് അപേക്ഷ നൽകുന്ന രീതി എന്നിവ ചർച്ച ചെയ്യണം.

പാഠം 23

ലക്ഷവും കോടിയും

ലക്ഷം, കോടി എന്നിങ്ങനെയുള്ള വലിയ സംഖ്യകളെ ഇതിനകം തന്നെ, പാഠം 8, പാഠം 9 എന്നിവയിൽ പഠിതാക്കൾ പരിചയപ്പെട്ടുകഴിഞ്ഞു. ഈ സംഖ്യകൾ ഒരു വട്ടം കൂടി മനസ്സിലുറപ്പിക്കുന്നതിന് ഈ പാഠം ഉപകരിക്കും. കൂടാതെ പത്രങ്ങളിലും മററും വരുന്ന ചില കണക്കുകൾ (ഉദാ: ലോക ജനസംഖ്യ 500 കോടി, ഇന്ത്യയിലെ ജനസംഖ്യ 75 കോടി, എറണാകുളത്തെ ജനസംഖ്യ 30 ലക്ഷം, ഈ വർഷത്തെ ബജററിൽ പ്രതീക്ഷിക്കുന്ന വരുമാനം 15000 കോടി....) എങ്ങനെ മനസ്സിലാക്കാം എന്നതിനെക്കുറിച്ചും ഈ പാഠവുമായി ബന്ധപ്പെട്ട് ചർച്ചചെയ്യാവുന്നതാണ്.

പാഠം 24, പാഠം 25
കേരളം നമ്മുടെ സംസ്ഥാനം, കേരളത്തിന്റെ സമ്പത്ത്

ഈ രണ്ടു പാഠങ്ങളും നമ്മുടെ സംസ്ഥാനത്തെക്കുറിച്ചുള്ളതാണ്.

1 പാഠം 24 വായിച്ചതിനുശേഷം, കേരളത്തിന്റെ മാപ്പുപയോഗിച്ച് വിവിധ ജില്ലകൾ, കേരളത്തിന്റെ അതിരുകൾ എന്നിവ പഠിതാക്കൾക്കു പരിചയപ്പെടുത്തുക.

2 കേരളം എന്ന പേരിനെക്കുറിച്ചും കേരളത്തിന്റെ ചരിത്രത്തെക്കുറിച്ചും ചർച്ച ചെയ്യാം. ഇതിനാവശ്യമായ വിവരങ്ങൾ "നമ്മുടെ നാടിന്റെ കഥ" എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3 പഠിതാക്കളിൽ പലരും എറണാകുളം ജില്ലയ്ക്കപ്പുറം കേരളത്തിന്റെ പലഭാഗത്തേക്കും സഞ്ചരിച്ചുകാണും. അവരുടെ സന്ദർശനാനുഭവങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം.

4 ഇന്ത്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് പല സവിശേഷതകളുണ്ട്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും കാര്യത്തിൽ കേരളം മുന്നണിയിലാണ്. നാണ്യവിളകളുടെ (കുരുമുളക്, കശുവണ്ടി, ഏലം, കാപ്പി, തേയില, തേങ്ങ, റബ്ബർ) കാര്യത്തിലും നാം മുൻപന്തിയിലാണ്.

5 പ്രകൃതി വിഭവങ്ങളുടെ കാര്യത്തിൽ കേരളം സമ്പന്നമാണ്. നമ്മുടെ നീണ്ട കടൽത്തീരം മീൻപിടുത്തത്തിന് വളരെ അനുയോജ്യമാണ്. ആവശ്യത്തിനു മഴയും പലതരം വിളകൾക്ക് പററിയ കാലാവസ്ഥയും നമുക്ക് അനുഗ്രഹമാണ്.

6 കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷതകൾ, പുഴകൾ, കായലുകൾ, മലനാട്, ഇടനാട് തീരപ്രദേശം

എന്നീ ഭൂവിഭാഗങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ചർച്ച ചെയ്യണം.

7 ഇന്ത്യയിലെ ഏററവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വിദ്യാഭ്യാസവും അധ്വാനശേഷിയുമുള്ള ധാരാളം പേർ ഇവിടെയുണ്ട്. പക്ഷെ ഇവർക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.

8 ധാന്യവിളകളുടെ കാര്യത്തിൽ നമുക്ക് പരിമിതിയുണ്ട്. കേരളത്തിലെ ജനങ്ങളുടെ ആഹാരാവശ്യങ്ങൾക്കുവേണ്ട അരിയുടെ പകുതിപോലും ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. അന്യനാടുകളിൽനിന്ന് ഇറക്കുമതി ചെയ്യുകയാണ്.

9 വ്യവസായങ്ങളുടെ കാര്യത്തിൽ നാം വളരെ പിന്നണിയിലാണ്. വളരെക്കുറച്ച് വൻകിട വ്യവസായശാലകൾ മാത്രമേ കേരളത്തിലുള്ളു.

10 അനേകായിരം കേരളീയർ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നുണ്ട്. അവർ അയക്കുന്ന പണംകൊണ്ടാണ് കേരളത്തിലെ പല കുടുംബങ്ങളും കഴിയുന്നത്. ഏതെങ്കിലും കാരണവശാൽ അവർക്ക് മടങ്ങിപോരേണ്ടിവന്നാൽ, നമുക്കനുഭവിക്കേണ്ടിവരുന്ന പ്രയാസം വളരെ വലുതായിരിക്കും.

11 കേരളത്തിലെ പ്രധാനപ്പെട്ട കാർഷികവിളകളായ തെങ്ങ്, നെല്ല്, റബ്ബർ, മരച്ചീനി, കുരുമുളക് എന്നിവയെക്കുറിച്ചെല്ലാം ചർച്ചചെയ്യുക. കർഷകരും കർഷകത്തൊഴിലാളികളുമായ പഠിതാക്കൾക്ക് കാർഷികമേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ഏറെക്കാര്യങ്ങൾ പറയാനുണ്ടാവും. അതെല്ലാം ചർച്ചചെയ്യാം, അതുപോലെ മീൻപിടുത്ത മേഖലയിലാണ് ക്ലാസുകളെങ്കിൽ, ആ പ്രശ്നങ്ങൾക്ക് ഊന്നൽ നൽകി ചർച്ച നയിക്കണം.

12 കേരളം പ്രകൃതിവിഭവങ്ങളുടെയും മനുഷ്യവിഭവങ്ങളുടെയും കാര്യത്തിൽ സമ്പന്നമാണ്. എങ്കിലും കേരളീയരിൽ ഭൂരിഭാഗംപേരും ദരിദ്രരാണ്. ഈ അവസ്ഥ മാററണമെ

ങ്കിൽ നമ്മുടെ കൃഷിയും വ്യവസായവുമെല്ലാം കൂടുതൽ ശാസ്ത്രീയമായി ആസൂത്രണം ചെയ്യണം. അത്തരമൊരു ആസൂത്രണത്തിലും കാര്യങ്ങളുടെ നടത്തിപ്പിലും നമുക്കെല്ലാം പങ്കാളികളാകാൻ കഴിയണം. അതിനാണ് നാം പഠിക്കുന്നത്.

പാഠം 26

വേണം വേണം വ്യവസായം

ഏതൊരു നാടിന്റെയും സമ്പദ്‌വ്യവസ്ഥയിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് വ്യവസായങ്ങൾ വഹിക്കുന്നത്. ദേശീയ വരുമാനത്തിൽ വ്യവസായത്തിന്റെ പങ്ക് വർധിച്ചുവരേണ്ടത് സാമ്പത്തിക പുരോഗതിക്ക് അത്യാവശ്യമാണ്. വ്യവസായങ്ങളുടെ പ്രാധാന്യം കേരളത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തമാക്കുവാനാണ് ഈ പാഠം കൊണ്ട് ഉദ്ദേശിക്കുന്നത്.

1 പഠിതാക്കൾക്ക് പരിചിതമായ വ്യവസായശാലകൾ, അവ വന്നതിനുശേഷം നാട്ടിലുണ്ടായ പുരോഗതി എന്നീ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് ആരംഭിക്കാം.

2 എഫ്. എ. സി. ടി, എച്ച്. എം. ടി, കപ്പൽ നിർമാണശാല എന്നിവയെക്കുറിച്ച് എറണാകുളം ജില്ലയിലെ മിക്ക പഠിതാക്കളും കേട്ടിരിക്കും. ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളാണിവ. പക്ഷെ ഇത്തരത്തിലുള്ള ഏതാനും വ്യവസായങ്ങൾ മാത്രമേ കേരളത്തിൽ ഉള്ളൂ.

3 നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണാടകം, തമിഴ്നാട് എന്നിവയെല്ലാം വ്യവസായത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ മുന്നിലാണ്.

4 വൻകിട വ്യവസായങ്ങളും ഇടത്തരം ചെറുകിട വ്യവസായങ്ങളും വികസിച്ചെങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്തെ വർധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാനും ഉൽ

പാദനം വർധിപ്പിക്കുവാനും സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്താനും കഴിയൂ.

5 കേരളത്തിൽ കയർവ്യവസായം, കശുവണ്ടി വ്യവസായം, കൈത്തറി വ്യവസായം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ നിലവിലുണ്ട്. ഇവയിലെല്ലാം ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. വ്യവസായങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നുണ്ടെങ്കിലും പരമ്പരാഗത വ്യവസായങ്ങൾക്ക് ഉല്പാദനക്ഷമത വളരെ കുറവാണ്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെല്ലാം തന്നെ പല തരം പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കയാണ്. അവയെ പുനരുദ്ധരിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നേ തീരൂ.

6 വൻകിട വ്യവസായങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്ന വ്യവസായശാലകളുടെ വലിപ്പത്തെക്കുറിച്ച് പഠിതാക്കൾക്ക് ധാരണ നൽകാൻ കഴിഞ്ഞാൽ നല്ലതാണ്. അയ്യായിരവും പതിനായിരവും തൊഴിലാളികൾ ഒരേസമയം ജോലി ചെയ്യുന്ന പടുകൂററൻ വ്യവസായശാലകളാണിവ. ഇത്തരം വ്യവസായശാലകൾ നാടിൻെറ മുഖഛായയാകെ മാററും.

7 കേരളത്തിൻെറ വ്യാവസായിക പിന്നോക്കാവസ്ഥ മാത്രം ചർച്ചചെയ്താൽ പോര. അമേരിക്ക, റഷ്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യ വ്യാവസായിക പിന്നോക്കാവസ്ഥയിലാണ്. തൻമൂലം നമുക്കാവശ്യമുള്ള പല വസ്തുക്കളും വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യേണ്ടിവരുന്നു. ഇതുകൊണ്ട് ഉണ്ടാകുന്ന നഷ്ടം ചെറുതല്ല. വ്യവസായരംഗത്ത് വമ്പിച്ച പുരോഗതി നേടാൻ കഴിഞ്ഞാൽ മാത്രമേ രാജ്യത്തിൻെറ സ്വാശ്രയത്വം വളർത്തിയെടുക്കാനാവൂ.

പാഠം 27

മകന്റെ കത്ത്

1 അക്ഷരമറിയാത്തതുകൊണ്ട് സ്വന്തം മകന്റെ കത്ത് വായിക്കാൻ കഴിയാത്ത ഒരമ്മയുടെ അനുഭവമാണ് ഈ പാഠത്തിൽ. പഠിതാക്കളുടെ ഇത്തരത്തിലുള്ള അനുഭവങ്ങൾ ചർച്ച ചെയ്യുക.

2 ഈ പാഠം പഠിക്കുന്നതിനിടയിൽ ഓരോ പഠിതാവിനെ കൊണ്ടും ഒന്നോ രണ്ടോ കത്തുകൾ എഴുതിക്കണം. ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ ആർക്കുമാകാം. ഇതിനു പുറമെ റേഡിയോ നിലയത്തിലേക്ക് റേഡിയോ പരിപാടികളെക്കുറിച്ച് കത്തയക്കാം. (പഠിതാക്കളുടെ പേർ റേഡിയോവിൽ കേൾക്കുന്നത് അവർക്ക് ഉത്സാഹം നൽകും.)

3 ക്ലാസിനെക്കുറിച്ച് ജില്ലാ കലക്ടർക്കും, സാക്ഷരതാ പ്രോജക്ട് ഓഫീസർക്കും ഓരോ കത്തയക്കാനും പഠിതാക്കളെ പ്രേരിപ്പിക്കൂ.

4 ക്ലാസിനിടയിൽ ഓരോ പഠിതാവിന്റെയും പേരിൽ ഓരോ കത്ത് അയക്കാൻ അധ്യാപകൻ ശ്രദ്ധിക്കുക. അത് അവർക്ക് വലിയൊരനുഭവമായിരിക്കും.

പാഠം 28

നമ്മുടെ ജില്ല

നമ്മുടെ രാജ്യത്തെക്കുറിച്ചും നമ്മുടെ സംസ്ഥാനത്തെക്കുറിച്ചുമുള്ള പാഠങ്ങൾ നേരത്തെ പഠിപ്പിച്ചുവല്ലോ. ഇത് നമ്മുടെ ജില്ലയായ എറണാകുളത്തെക്കുറിച്ചുള്ള പാഠമാണ്.

1 ജില്ലയെക്കുറിച്ച് പഠിതാക്കൾക്ക് അറിയാവുന്ന കാര്യങ്ങളെല്ലാം പറയാൻ പ്രേരിപ്പിക്കുക. ജില്ലയിലെ പ്രധാന പട്ടണങ്ങൾ, പുഴകൾ, പരക്കെയുള്ള കൌതുകുശല്യം, കൃഷി, വ്യവസായങ്ങൾ എന്നിവയെക്കുറിച്ചെല്ലാം പഠിതാക്കൾ പറയട്ടെ.

2 ജില്ലയുടെ മാപ്പുപയോഗിച്ച് സ്ഥലങ്ങൾ തമ്മിലുള്ള അകലം, ജില്ലയുടെ അതിര്, പഠിതാവിന്റെ പ്രദേശം ഇവയെല്ലാം കാണിച്ചുകൊടുക്കണം.

3 ജില്ലയിലെ പ്രധാനപ്പെട്ട ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവയെല്ലാം പരിചയപ്പെടുത്താം.

4 ചരിത്രപ്രാധാന്യമുള്ള ഒട്ടേറെ സ്ഥലങ്ങൾ എറണാകുളം ജില്ലയിലുണ്ടല്ലോ. കൊച്ചിയിലെ കോട്ട, വാസ്കോഡഗാമയുടെ ശവകുടീരം, കൊച്ചിരാജാക്കന്മാരുടെ കൊട്ടാരങ്ങൾ ഇവയെക്കുറിച്ചെല്ലാം ചർച്ചചെയ്യാം. പഠന കാലയളവിൽ ഇവയിൽ ചില സ്ഥലങ്ങൾ കൂട്ടായി സന്ദർശിക്കാൻ പ്ളാനിടാം.

5 ആലുവാപ്പുഴയും എറണാകുളം ജില്ലയും തമ്മിലുള്ള ബന്ധം പ്രത്യേകം ചർച്ച ചെയ്യേണ്ടതാണ്. പുഴയുടെ മാർഗം മാപ്പിൽ കാണിച്ചുകൊടുക്കണം.

6 സ്വന്തം ജില്ലയെക്കുറിച്ച് പഠിതാക്കൾക്ക് വ്യക്തമായ ധാരണ നൽകുക. ജില്ലയുടെ പ്രശ്നങ്ങൾ, വികസന സാധ്യതകൾ എന്നിവയെക്കുറിച്ച് ചർച്ചചെയ്യുക. ഇതെല്ലാം ഈ ക്ളാസിന്റെ ലക്ഷ്യമാണ്.

7 ഈ പാഠത്തോടൊപ്പം വിസ്തീർണം എന്ന ആശയവുമായി ബന്ധപ്പെട്ട ചില കണക്കുകൾ കൊടുത്തിട്ടുണ്ട്. പുരയിടത്തിന്റെ വിസ്തീർണം, കൃഷിസ്ഥലത്തിന്റെ വിസ്തീർണം എന്നിങ്ങനെ പഠിതാക്കൾക്ക് പരിചിതമായ ഉദാഹരണങ്ങളുമായി ബന്ധപ്പെടുത്തി വിസ്തീർണമെന്ന ആശയം വ്യക്തമാക്കിക്കൊടുക്കുക.

പാഠം 29

ജനങ്ങളുടെ ഭരണം

ജനാധിപത്യത്തിന്റെ പ്രാധാന്യവും മൗലികതത്വങ്ങളും ചർച്ചചെയ്യുന്നതിനാണ് ഈ പാഠം ഉപയോഗിക്കേണ്ടത്.

1 പണ്ട് നിലവിലുണ്ടായിരുന്ന രാജഭരണം, ജനാധിപത്യ വ്യവസ്ഥ ഇവ തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ട് പഠിതാ

ക്കളിൽ ചിലർക്ക് അഭിപ്രായങ്ങൾ പറയാനാവും. ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യാം.

2 ജനാധിപത്യഭരണസംവിധാനത്തിന്റെ അടിസ്ഥാനമായ പ്രായപൂർത്തി വോട്ടവകാശം, വോട്ടർമാരുടെ അവകാശങ്ങൾ; പഞ്ചായത്ത്, സംസ്ഥാനനിയമസഭ, പാർലമെന്റ് ഇവയിലേക്കുള്ള തെരഞ്ഞെടുപ്പുകൾ ഇവയൊക്കെ ചർച്ചാവിഷയമാക്കാം.

3 ഭരണഘടന; പൗരൻമാരുടെ മൗലികാവകാശങ്ങൾ; നീതിന്യായക്കോടതികൾ; നിയമസഭകൾ എന്നിവയുടെ പ്രവർത്തനം. ഇവയെക്കുറിച്ച് പഠിതാക്കൾക്ക് ധാരണയുണ്ടാക്കുക.

4 കേന്ദ്രത്തിലും സംസ്ഥാനത്തിലും ഗവൺമെന്റുകൾ രൂപീകരിക്കുന്ന വിധം വ്യക്തമാക്കിക്കൊടുക്കുക.

5 സാക്ഷരതയും ജനാധിപത്യവും തമ്മിലുള്ള ബന്ധം.

6 വളരെ നീണ്ടകാലത്തെ സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായാണ് ഭരണാധികാരം ജനങ്ങൾക്ക് കൈമാറപ്പെട്ടത് എന്ന കാര്യം വ്യക്തമാക്കുക. ജനാധിപത്യത്തിന്റെ ചരിത്രത്തിലെ പ്രധാന നാഴികക്കല്ലുകളായ ബ്രിട്ടനിലെ സമരങ്ങൾ, ഫ്രഞ്ച്-അമേരിക്കൻ വിപ്ളവങ്ങൾ ഇവയെക്കുറിച്ചെല്ലാം സൂചിപ്പിക്കാം.

7 നമ്മുടെ നാട്ടിൽ ജനാധിപത്യം എത്രത്തോളം വിജയകരമായി നടക്കുന്നുണ്ട്.. ചർച്ച.

പാഠം 30

നമ്മുടെ പഞ്ചായത്ത്

ജനാധിപത്യത്തിന്റെ ഹൃദയവും അടിസ്ഥാനഘടകങ്ങളാണ്. പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, നഗരസഭകൾ എന്നിവ. ഇവയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഫലപ്രദമായി പങ്കെടുക്കാൻ പഠിതാക്കളെ പ്രേരിപ്പിക്കാൻ ഈ പാഠം സഹായകമാവണം.

1 പാഠം വായിച്ചശേഷം, സ്വന്തം പഞ്ചായത്തിലെ (അല്ലെങ്കിൽ മുനിസിപ്പാലിററി / കോർപ്പറേഷൻ) പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ആരംഭിക്കുക.

2 പഞ്ചായത്തിൻെറ ഭരണം ഏതു തരത്തിലാണ് നടക്കുന്നത്, പഞ്ചായത്ത് സമിതി, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ചുമതലകൾ; പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ ഇവയെല്ലാം സ്വന്തം പഞ്ചായത്തിനെ അടിസ്ഥാനമാക്കി ചർച്ചചെയ്യണം.

3 കുടിവെള്ളപ്രശ്നം പരിഹരിക്കൽ, ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കൽ, പുകയില്ലാത്ത അടുപ്പ് പ്രചരിപ്പിക്കൽ, കക്കൂസുകൾ നിർമിക്കൽ...മലിനജലത്തിൻെറയും തെരുവുവിളക്കിൻെറയും പ്രശ്നങ്ങൾ—ഇങ്ങനെ പഞ്ചായത്തിലൂടെ നടത്താവുന്ന നിരവധി പ്രവർത്തനങ്ങളുണ്ട്. ഇവയൊക്കെശരിയാംവിധം നടക്കുന്നുണ്ടോ? ചർച്ച ചെയ്യണം. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രവർത്തനത്തെക്കുറിച്ച് പഠിതാക്കൾക്കുള്ള അഭിപ്രായങ്ങൾ ഭരണസമിതിയെ അറിയിക്കണം.

4 പഞ്ചായത്തു വഴി നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾ, ജനങ്ങൾക്ക് ലഭിക്കുന്ന പല വിധത്തിലുള്ള സഹായങ്ങൾ ഇവയെക്കുറിച്ചൊക്കെ വ്യക്തമായ ധാരണ നൽകണം. പഞ്ചായത്തു വഴി ധനസഹായം ലഭിക്കുന്നതിനുള്ള ഫോറങ്ങൾ പൂരിപ്പിക്കാൻ പഠിതാക്കളെ പഠിപ്പിക്കണം.

5 പഞ്ചായത്തുകൾക്ക് ഇന്നുള്ള പരിമിതികൾ, പഞ്ചായത്തുകളുടെ അധികാരം വർധിപ്പിക്കേണ്ടതിൻെറ ആവശ്യകത ഇവയും ചർച്ചചെയ്യണം. പഞ്ചായത്ത് പ്രവർത്തനത്തെപ്പററി എക്സിക്യൂട്ടീവ് ഓഫീസറോ വാർഡു മെംബറോ പ്രസിഡൻേറാ പഠിതാക്കളോട് ചർച്ചചെയ്യാൻ അവസരമുണ്ടാക്കുന്നത് നന്നായിരിക്കും.

പാഠം 31

തപാലാപ്പീസ്

തപാലാപ്പീസ് ഏതൊരു പ്രദേശത്തെയും ജനങ്ങളുമായി ഏറ്റവും അടുത്തുബന്ധപ്പെടുന്ന സ്ഥാപനങ്ങളിലൊന്നാണ്. തപാലാപ്പീസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പഠിതാക്കൾക്ക് വ്യക്തമാക്കിക്കൊടുക്കണം.

1 എങ്ങനെയാണ് നാം പോസ്ററു ചെയ്യുന്ന കത്ത് മേൽവിലാസക്കാരന് കിട്ടുന്നത്, എങ്ങനെയാണ് കമ്പിയടിക്കുന്നത്, മണിയോർഡർ അയക്കുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം വിശദീകരിക്കണം.

2 ഇൻലൻറ്, കാർഡ്, കവർ, മണിയോർഡർ ഫാറം, സ്ററാമ്പുകൾ, കമ്പി സന്ദേശം എന്നിവയെല്ലാം പഠിതാക്കൾക്കു കാണിച്ചുകൊടുക്കണം. മിക്കവരും ഇതെല്ലാം കണ്ടിരിക്കും. അവ ഉപയോഗിക്കുന്ന രീതി വിശദീകരിക്കണം.

3 പഠിതാക്കളെല്ലാവരും കൂടി തൊട്ടടുത്തുള്ള പോസ്ററാഫീസ് സന്ദർശിക്കുന്നതും അവിടെ നടക്കുന്ന കാര്യങ്ങൾ പോസ്ററുമാസ്റററുടെയും ജീവനക്കാരുടെയും സഹായത്തോടെ നേരിൽ കണ്ട് മനസിലാക്കുന്നതും നന്നായിരിക്കും.

4 പോസ്ററാഫീസ് സേവിങ്ങ്സ് ബാങ്കിൻെറ പ്രവർത്തനം, അവിടെ പണം നിക്ഷേപിക്കുന്ന രീതി, പലിശനിരക്കുകൾ എന്നിവയെല്ലാം വിശദീകരിക്കണം. കഴിയുന്നത്ര പഠിതാക്കളെ സമ്പാദ്യപദ്ധതിയിൽ ചേരാൻ പ്രേരിപ്പിക്കണം.

5 'അക്ഷര'ത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസിനെക്കുറിച്ച് പ്രൊജക്ററ് ഓഫീസർക്ക് ഒരു കത്തയക്കാൻ മറക്കരുത്.

പാഠം 32

നമ്മുടെ സ്കൂൾ

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളുടെയും മുന്നിലാണ്. എങ്കിലും വിദ്യാഭ്യാസരംഗത്ത് നിരവധി പ്രശ്നങ്ങളുണ്ട്. ജനങ്ങൾ വിദ്യാഭ്യാസപ്രശ്നങ്ങളിൽ കൂടുതൽ താൽപര്യം കാണിച്ചെങ്കിൽ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാനാവൂ.

1 പല പഠിതാക്കളുടെയും കുട്ടികൾ സ്ക്കൂളിൽ പഠിക്കുന്നുണ്ടാകുമല്ലോ. അവരുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചർച്ചയിൽ നിന്ന് ആരംഭിക്കാം.

2 തൊട്ടടുത്തുള്ള സ്ക്കൂളിലെ സാഹചര്യങ്ങൾ എങ്ങനെയെല്ലാമാണ്? ആവശ്യത്തിന് ക്ലാസുമുറികളുണ്ടോ? അധ്യാപകർ ആവശ്യത്തിനുണ്ടോ? കുട്ടികൾക്ക് മൂത്രപ്പുരയും കളിസ്ഥലവും ഉണ്ടോ? സ്ക്കൂൾ വായനശാല പ്രവർത്തിക്കുന്നുണ്ടോ ഈ കാര്യങ്ങളിലെല്ലാം രക്ഷാകർത്താക്കൾ താൽപര്യമെടുത്തേ തീരൂ.

3 സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകൾ പലകാര്യങ്ങളിലും പിന്നോക്കം നിൽക്കുന്നതുകാണാം. അതേസമയം പണക്കാരുടെ കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകളിൽ എല്ലാ സൗകര്യങ്ങളും ഉള്ളതായും കാണാം. ഇതിനെന്താണ് കാരണം?

4 കുട്ടികളെ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത പഠിതാക്കളെ ചർച്ചചെയ്ത് ബോധ്യപ്പെടുത്തണം. ചിലരുടെ മക്കൾ ഏതാനും ക്ലാസുവരെ പഠിച്ച് പഠിത്തം നിറുത്തിക്കാണും. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കുട്ടികളെ തുടർന്ന് പഠിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

5 സ്വന്തം നാട്ടിലെ സ്ക്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പഠിതാക്കൾക്ക് എന്തെല്ലാം ചെയ്യാനാവും? ചർച്ച.

6 സ്കൂളിലെ അധ്യാപക-രക്ഷാകർതൃസമിതികളുടെ പ്രവർത്തനം സംബന്ധിച്ച് പഠിതാക്കളുമായി ചർച്ച ചെയ്യണം. അധ്യാപക-രക്ഷാകർതൃസമിതി യോഗങ്ങളിൽ പങ്കെടുക്കാൻ പഠിതാക്കളെ പ്രേരിപ്പിക്കുക.

7 കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസം അവർക്ക് പ്രയോജനപ്രദമാകുന്നുണ്ടോ എന്നതു സംബന്ധിച്ച് പഠിതാക്കൾക്കുള്ള അഭിപ്രായങ്ങൾ.

പാഠം 33

മരങ്ങൾ നമ്മുടെ മിത്രങ്ങൾ

പാഠം വായിച്ചശേഷം, മരങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

1 കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ അവരവരുടെ പ്രദേശത്ത് നടന്നിട്ടുള്ള മരനശീകരണത്തെക്കുറിച്ച് പഠിതാക്കൾ സംസാരിക്കട്ടെ.

2 വനങ്ങളും നാട്ടിലെ കൃഷിയും തമ്മിലുള്ള ബന്ധം വിശദീകരിച്ചുകൊടുക്കണം. പുഴകളിലേയും കിണറുകളിലേയും മററും ഉറവകൾ നിലനിർത്തുന്നതിലും മണ്ണൊലിപ്പ് തടയുന്നതിലും വനങ്ങൾ വഹിക്കുന്ന പങ്ക് വിശദീകരിക്കുക.

3 വനസംരക്ഷണത്തിൻെറ പ്രാധാന്യം, ലക്കും ലഗാനുമില്ലാതെ വനങ്ങൾ നശിപ്പിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ— മേൽമണ്ണ് ഒലിച്ചുപോകുന്ന കൃഷിക്കളങ്ങളിൽ മണ്ണുവന്നുമൂടുന്നു. അണക്കെട്ടുകളിൽ മണ്ണുനിറയുന്നു, ഉറവയും ഊററും വററുന്നു. ചർച്ചചെയ്യുക.

4 തരിശുപ്രദേശങ്ങളിലും സ്വന്തം പറമ്പിലും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ പഠിതാക്കളെ പ്രേരിപ്പിക്കുക. പഠനകാലയളവിൽ സ്വന്തം വളപ്പുകളിൽ ഏതാനും മരങ്ങൾ എങ്കിലും വച്ചുപിടിപ്പിക്കാൻ എല്ലാവരെയും പ്രേരിപ്പിക്കണം.

5 അടുത്തകാലത്തായി വനനശീകരണത്തെക്കുറിച്ചും വനം കൊള്ളയെക്കുറിച്ചുമെല്ലാം ധാരാളം വാർത്തകൾ പത്രങ്ങളിലും മററും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. ഇത്തരം വാർത്തകളെക്കുറിച്ച് ചർച്ച ചെയ്യുക.

പാഠം 34

സ്ത്രീപുരുഷ സമത്വം

1 സമൂഹത്തിൽ ഏററവുമധികം അവഗണിക്കപ്പെടുന്നവരാണ് സ്ത്രീകൾ. നിയമപ്രകാരം പുരുഷനുള്ള എല്ലാ അവകാശങ്ങളും സ്ത്രീക്കും ഉണ്ടെങ്കിലും, ഫലത്തിൽ സ്ത്രീ പുരുഷൻെറ അടിമയാണ് എന്നാണ് മിക്കവരുടെയും ധാരണ. ഇക്കാര്യം ചർച്ചചെയ്യുക. പഠിതാക്കൾ അവരുടെ അഭിപ്രായം പറയട്ടെ.

2 സ്ത്രീധനത്തിൻെറ പേരിൽ നടക്കുന്ന വഴക്കുകൾ, ഭർത്താക്കൻമാരുടെ മർദനം ഇതൊക്കെ സ്ത്രീക്ക് അനുഭവിക്കേണ്ടിവരുന്ന യാതനകളാണ്. സ്ത്രീധനം നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും, ഇന്നു നിരവധി കുടുംബങ്ങളിൽ അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ചെറുതല്ല. ഇതെന്തുകൊണ്ട് സംഭവിക്കുന്നു?

3 സ്ത്രീകൾ അടുക്കളയിൽ കഴിഞ്ഞാൽ മതി എന്നാണ് പലരുടെയും ധാരണ. അടുക്കളപ്പണിയിലും കുട്ടികളെ വളർത്തുന്ന കാര്യത്തിലുമൊക്കെ പുരുഷൻമാർകൂടി സഹായിച്ചാൽ ജീവിതം കൂടുതൽ സന്തോഷകരമാവില്ലേ? ചർച്ച.

4 പല വീടുകളിലും പെൺകുട്ടികളേക്കാൾ കൂടുതൽ വാത്സല്യം ആൺകുട്ടികളോടു കാണിക്കാറുണ്ട്. ഇത് ശരിയാണോ? പെൺകുട്ടികൾ ഭാരമാണെന്ന ധാരണ തെററല്ലേ? പെൺകുട്ടികൾ പഠിക്കേണ്ടതില്ല എന്ന വിശ്വാസം തിരുത്തേണ്ടതാണ്.

5 മിക്ക കുടുംബങ്ങളിലും വീട്ടുജോലിയും കുടുംബഭാരങ്ങളുമെല്ലാം സ്ത്രീകളുടെ തലയിലായിരിക്കും. അവർക്ക്

വിശ്രമിക്കാനേ നേരം കിട്ടാറില്ല. ഇതേക്കുറിച്ച് സ്ത്രീകൾ ബോധവതികളല്ല. പുരുഷൻമാരാണെങ്കിൽ ഇക്കാര്യം ശ്രദ്ധിക്കാറുമില്ല. ഈ രീതി ശരിയാണോ? ഇതെങ്ങനെ മാററാം?

പാഠം 35

റേഷൻഷാപ്പും മാവേലിസ്റേറാറും

നിത്യജീവിതത്തിൽ നാം ഏററവും കൂടുതൽ ബന്ധപ്പെടുന്ന സ്ഥാപനങ്ങളാണ് റേഷൻഷാപ്പ്, മാവേലിസ്റേറർ എന്നിവ. എന്നാൽ, അവയുടെ പ്രവർത്തനത്തെക്കുറിച്ച് എല്ലാ വിവരങ്ങളും പലർക്കും അറിവുണ്ടാകില്ല.

1 റേഷൻഷാപ്പ്, മാവേലിസ്റേറർ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് പഠിതാക്കൾക്കെല്ലാം തന്നെ ധാരാളം അനുഭവങ്ങളുണ്ടാകും, അഭിപ്രായങ്ങളുണ്ടാകും. അവ ചർച്ചചെയ്യണം. റേഷൻ അളവ്, റേഷൻ സാധനങ്ങളുടെ ഗുണ നിലവാരം, തൂക്കം എന്നിവയൊക്കെ ചർച്ചാവിഷയമാവട്ടെ.

2 റേഷൻ കാർഡ് വച്ചുകൊണ്ട് ചർച്ച ചെയ്യണം. എങ്ങനെയാണ് റേഷൻകാർഡ് ലഭിക്കുന്നത്, റേഷൻകാർഡിൽ എന്തെല്ലാമാണ് രേഖപ്പെടുത്തിയിരിക്കുന്നത്, റേഷൻ കാർഡിനുള്ള അപേക്ഷ നൽകുന്നത് എങ്ങനെ, റേഷൻകാർഡിൽ വിവിധ പേജുകളിലായി രേഖപ്പെടുത്തിയിരിക്കുന്നത് എന്തെല്ലാം എന്നീ കാര്യങ്ങൾ ചർച്ച ചെയ്യണം.

3 മാവേലിസ്റേറാറിൻെറ പ്രവർത്തനവുമായി ബന്ധപ്പെടുത്തി സാധനവിലകളെക്കുറിച്ച് ചർച്ചചെയ്യാം. എങ്ങനെയാണ് സാധനവിലകൾ കൂടുന്നത്? കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ സാധനവിലയിൽ എന്തെല്ലാം മാററങ്ങളുണ്ടായി? കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവയ്ക്ക് കാരണമെന്ത്? ഇവയെല്ലാം ചർച്ചാവിഷയമാക്കാം.

4 ഈ പാഠവുമായി ബന്ധപ്പെടുത്തി അളവുകൾ, തൂക്കങ്ങൾ എന്നിവയെക്കുറിച്ച് പഠിതാക്കൾക്ക് ധാരണയുണ്ടാക്കാം.

ഗ്രാം, കിലോഗ്രാം, ടൺ തുടങ്ങിയ തൂക്കഅളവുകൾ; മില്ലി ലിററർ, ലിററർ തുടങ്ങിയ ദ്രാവകഅളവുകൾ എന്നിവയെല്ലാം പരിചയപ്പെടുത്തേണ്ടതാണ്.

5 റേഷൻകടയിൽ സാധാരണയായി എഴുതിവയ്ക്കുന്ന സ്റേറാക്കു വിവരങ്ങൾ, വിലവിവരങ്ങൾ എന്നിവ വായിച്ചുമനസ്സിലാക്കുന്നതിനുവേണ്ട നിർദേശങ്ങൾ നൽകണം. വില-സ്ററാക്ക്-വിവരപ്പട്ടികയുടെ ഒരു മാതൃക ക്ലാസിൽ വരച്ചുകാണിക്കുന്നത് നന്നായിരിക്കും.

പാഠം 36

ദാമുവിന്റെ കൂലി

'കൂലി' എന്നതിന്റെ ശാസ്ത്രീയവും സാങ്കേതികവും ആയ അർഥം മനസ്സിലാക്കാനുള്ള ഒരു പാഠമാണിത്.

1 തൊഴിലാളിയുടെ അധ്വാനത്തിനുള്ള പ്രതിഫലമാണ് കൂലി എന്നു പറയാറുണ്ട്. എന്നാൽ അധ്വാനത്തിന് പ്രതിഫലം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്തായിരിക്കണമെന്ന് പറയാൻ ആരും തയ്യാറല്ല. അവസാനം എത്തിച്ചേരുന്ന മാനദണ്ഡം ഇതാണ്: പരമാവധി എത്ര കുറച്ച് കൊടുക്കാമോ, പരമാവധി എത്ര കുറഞ്ഞു കൊണ്ട് തൊഴിലാളി പണിയെടുക്കുമോ, അതാണ് അയാളുടെ കൂലി. പരമാവധി കുറയ്ക്കുക എന്നു പറഞ്ഞാൽ എത്രവരെ?

2 തൊഴിലാളി ഒരു ദിവസം പണിയെടുത്താൽ പോരാ, അടുത്ത ദിവസവും അതിനടുത്ത ദിവസവും ഒക്കെ പണിയെടുക്കാനുള്ള ആരോഗ്യം അയാൾക്കുണ്ടാകണം. അതിനാവശ്യമായ മിനിമം ഭക്ഷ്യപദാർഥങ്ങൾ മേടിക്കാൻ അയാൾക്ക് കഴിയണം. കൂലി അതിനു തികയണം.

3 ഒരു കൂട്ടം തൊഴിലാളികൾക്ക് പ്രായമാകുമ്പോൾ അടുത്ത തലമുറ തയ്യാറാവണം. അവരെ പോററി വളർത്താൻ വേണ്ട തുകകൂടി കൂലി ആയി കൊടുത്തില്ലെങ്കിൽ അടുത്ത തലമുറയിൽ തൊഴിലെടുക്കാൻ ആളില്ലാതാകും.

4 തൊഴിലാളിക്കും കുടുംബത്തിനും ചാവാതെ നിലനിൽക്കാൻ എന്തു ലഭിക്കണമോ അതായിരിക്കും അയാളുടെ കൂലി. അതിലേക്കെത്തിക്കാനാണ് കൂലി കൊടുക്കുന്ന ആരം ശ്രമിക്കുക. പക്ഷെ ഭക്ഷണം മാത്രംപോരല്ലോ തൊഴിലാളിക്ക്. മരുന്ന്, കുട്ടികൾക്ക് വിദ്യാഭ്യാസം, ഉടുപ്പ്, അത്യാവശ്യം ഒരു സിനിമ—അങ്ങനെ പോകുന്നു അയാളുടെ പരിമിതമായ ആവശ്യങ്ങൾ. ഇതിനു തികയുന്ന കൂലി വേണമെന്ന് അയാൾ ആവശ്യപ്പെടുന്നു.

5 പരസ്പരമുള്ള വിലപേശലിലൂടെ അവസാനം എത്തിച്ചേരുന്ന ഒത്തുതീർപ്പാണ് പ്രയോഗത്തിൽ കൂലി ആയിത്തീരുന്നത്. കേരളത്തിൽ തൊഴിലാളികൾ പരസ്പരം സംഘടിച്ച് ഉയർന്ന കൂലിക്കു വേണ്ടി വാദിച്ചു. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലാളികൾക്ക് കൂടുതൽ കൂലി കിട്ടാൻ ഇതാണ് കാരണം.

6 'കേരള പ്രതിഭാസം' എന്ന പേരിൽ അറിയപ്പെടുന്ന ഒന്നുണ്ട്. വിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം പ്രത്യേകിച്ചും, ആരോഗ്യം എന്നിവയിൽ ഇന്ത്യയിലെ മററുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നിലാണ്. തൊഴിലാളികളുടെ സംഘടനാശേഷിയാണ് ഇതിൻെറ പ്രധാന കാരണമെന്ന്, ഇന്ന് എല്ലാ സാമൂഹ്യ ശാസ്ത്രജ്ഞരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്.

പാഠം 37

നല്ല നാളെ

ഇത് അവസാനമായി എടുത്ത് പരിപാടി അവസാനിപ്പിക്കാനുള്ള ഒരു പാഠമായി കാണരുത്. ഇതിലെ ആശയങ്ങൾ ഇടയ്ക്കിടയ്ക്ക് മററു ക്ലാസ്സുകളിൽ കൊണ്ടുവരാവുന്നതാണ്. വേണ്ടതാണ്. എന്താണ് ഇതിലെ മുഖ്യആശയങ്ങൾ?

1 ഇന്ന് ലോകത്തിൽ കഷ്ടപ്പാട് ഉണ്ട്.

2 ഈ കഷ്ടപ്പാടുകൾ അവസാനിപ്പിക്കാനുള്ള അറിവും കഴിവും മാനവരാശിക്കുണ്ട്.

3 എന്നാൽ പരസ്പരം മത്സരിക്കാനും യുദ്ധം ചെയ്യാനും നശിപ്പിക്കാനുമാണ് പലരും തങ്ങളുടെ കഴിവ് ഉപയോഗിക്കുന്നത്.

4 ഇനി ഒരു യുദ്ധമുണ്ടായാൽ മനുഷ്യനെന്നല്ല, ലോകത്ത് ഒരൊററ ജീവിയും അവശേഷിക്കില്ല.

5 യുദ്ധം ആവശ്യമില്ലാത്ത പരസ്പരം സഹകരിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥ ലോകമാകെ രൂപംകൊണ്ടാൽ പട്ടിണിയും തൊഴിലില്ലായ്മയും അവസാനിപ്പിക്കാൻ സാധിക്കും. ഈ ലോകം ഒരു സ്വർഗമായിത്തീരും.

6 വിരലിൽ എണ്ണാവുന്ന വികസിത മുതലാളിത്തരാജ്യങ്ങളും സോഷ്യലിസ്ററു രാജ്യങ്ങളും എണ്ണസമ്പന്ന രാജ്യങ്ങളും കഴിഞ്ഞാൽ ലോകത്ത് അവശേഷിക്കുന്ന മൂന്നാംലോകരാജ്യങ്ങൾ മുഴുവനും ദരിദ്രങ്ങളാണ്. അവികസിതമാണ്. ജനങ്ങളിൽ ഭൂരിഭാഗവും ദരിദ്രരാണ്. വികസിത മുതലാളിത്ത രാജ്യങ്ങളിലും തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉണ്ട്.

7 ഇന്ന് ലോകത്തുണ്ടാകുന്ന ഭക്ഷ്യപദാർഥങ്ങൾ മതി എല്ലാവരുടെയും വിശപ്പടക്കാൻ. ഇന്നുള്ളതിന്റെ ഇരട്ടി ഉല്പാദിപ്പിക്കാൻ വിഷമമില്ല.

8 യുദ്ധത്തിനായി ചിലവാക്കുന്ന പണവും മററു വിഭവങ്ങളും ജനങ്ങളുടെ നന്മയ്ക്കായി ചെലവാക്കുകയാണെങ്കിൽ തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ടാകില്ല.

'നല്ല നാളെ' എന്ന പുസ്കതത്തിലെ അവസാന അധ്യായങ്ങൾ നോക്കുക.

സാക്ഷരതാ പ്രവർത്തകരുടെ സവിശേഷ ശ്രദ്ധയ്ക്ക്

പലവട്ടം പരിശ്രമിച്ച് പരാജയപ്പെട്ടിട്ടുള്ളതാണ് വയോജന വിദ്യാഭ്യാസമെന്നത്. ആദ്യത്തെ ഉത്സാഹം കെട്ടടങ്ങുകയും പഠിതാക്കൾ ക്രമേണ വരാതിരിക്കുകയും സാക്ഷരതാ പ്രവർത്തകൻ നിരാശനായി സർവരെയും ശപിക്കുകയും ചെയ്യുന്ന സന്ദർഭങ്ങൾ സുലഭമാണ്. നമ്മുടെ പ്രതിബദ്ധത, പഠിക്കാനുള്ള നമ്മുടെ തയ്യാറ്, പഠിതാക്കളോടുള്ള സമീപനം എന്നിവയൊക്കെ ഇതൊഴിവാക്കുന്നതിൽ പ്രധാനമാണ്. ഇവയെക്കുറിച്ചെല്ലാം നേരത്തെ പറയുകയും ചെയ്തിട്ടുണ്ട്. എവിടെയെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പഴപ്പോൾ ഇടപെട്ട് പരിഹാരം കാണുവാൻ സാധിക്കണമെങ്കിൽ കൃത്യമായ ഒരു റിപ്പോർട്ടിങ് സംവിധാനം ഉണ്ടായിരിക്കണം. പ്രോജക്റ്റ് ഓഫീസിൽനിന്ന് അപ്പഴപ്പോൾ കേന്ദ്രങ്ങളിലേക്ക് നിർദേശങ്ങൾ പോകുന്നതുപോലെ കേന്ദ്രങ്ങളിൽനിന്ന് കൃത്യമായി ചില റിപ്പോർട്ടുകൾ പ്രോജക്റ്റ് ഓഫീസിലേക്കും അയയ്ക്കേണ്ടതുണ്ട്. വാർഡ് ചുമതലക്കാരൻ ഇൻസ്ട്രക്ടറുടെ പക്കൽനിന്ന് ഇവ വാങ്ങി അസിസ്റ്റൻറ് പ്രോജക്റ്റ് ഓഫീസർക്ക് അയച്ചുകൊടുക്കണം. ഇങ്ങനെ റിപ്പോർട്ടുകൾ അയക്കുന്നതിന് ദേശീയ സാക്ഷരതാ മിഷൻ നിശ്ചിതമായ ചില ഫോറങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവയുടെ മാതൃകകൾ ഇതോടൊപ്പം കൊടുക്കുന്നു.

പഠിതാക്കൾ സാക്ഷരരായി എന്നു പറഞ്ഞാൽ നാം പ്രതീക്ഷിക്കുന്നതെന്താണ്? എഴുതാനും വായിക്കാനും ഉള്ള അവരുടെ കഴിവ് എത്രമാത്രം വളർന്നിരിക്കണം? ദേശീയ സാക്ഷരതാ മിഷൻ ഇതിന് ചില മിനിമം നിലവാരങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അവയും ഇവിടെ കൊടുക്കുന്നുണ്ട്.

ഈ അധ്യാപന സഹായിയുടെ തുടക്കത്തിൽ പറഞ്ഞപോലെ സാക്ഷരതാ പ്രവർത്തകർ തങ്ങളുടെ പഠന കേന്ദ്രത്തെക്കുറിച്ച് ദിവസേനയുള്ള അനുഭവങ്ങൾ ഡയറിയിൽ കുറിക്കണം. അതിനായി ഒരു പ്രത്യേക ഡയറി അവർക്ക് നൽകുന്നതാണ്. ഒട്ടേറെ കാര്യങ്ങൾക്ക് ഈ ഡയറി ഉപകരിക്കുന്നതാണ്.

സാക്ഷരതാ പ്രവർത്തകൻ പ്രോജക്ററ് ഓഫീസിലേക്ക് ആദ്യം അയക്കുന്ന റിപ്പോർട്ട്

1 കേന്ദ്രത്തിന്റെ പേര്/നമ്പർ..
(A P O നൽകുന്ന നമ്പർ)
പ്രസക്തമായ കോളത്തിൽ (√) എന്ന് അടയാളപ്പെടുത്തുക.

A സാക്ഷരതാ പ്രവർത്തകന്റെ പേരുവിവരങ്ങൾ

2 പേര്..................
3 ലിംഗം പു [ ] സ്ത്രീ [ ]
4 വയസ്
5 വിദ്യാഭ്യാസയോഗ്യത...................
6 (a) നിങ്ങൾ ഏത് വിഭാഗത്തിൽ പെടുന്നു:
പട്ടികജാതി [ ]
പട്ടികവർഗം [ ]
മററുള്ളത് [ ]

(b) നിങ്ങളുടെ പ്രധാന തൊഴിൽ............. ....
7 സാക്ഷരതാ പ്രവർത്തകനായി ചേർന്ന തീയതി.............
8 പൂർണമായ മേൽവിലാസം.......................
....
....
9 പരിശീലനം സിദ്ധിച്ചിട്ടുണ്ടോ? ഉണ്ട് [ ]
ഇല്ല [ ] ഉണ്ട് എങ്കിൽ എത്രദിവസത്തെ പരിശീലനം......................
10 നിങ്ങൾ താഴെക്കൊടുത്ത ഏതെങ്കിലും സംഘടനയിൽ അംഗമാണോ?

(i) ചർച്ചാസംഘം	അതെ [ ]	അല്ല [ ]
(ii) യുവജനസംഘം	അതെ [ ]	അല്ല [ ]
(iii) മഹിളാസംഘം	അതെ [ ]	അല്ല [ ]

(iv) സഹകരണസംഘം അതെ [ ] അല്ല [ ]

(v) ഗ്രാമസഭ/പഞ്ചായത്ത് അതെ [ ] അല്ല [ ]

(vi) ശാസ്ത്രസാഹിത്യ പരിഷത്ത് അതെ [ ] അല്ല [ ]

(vii) കാൻഫെഡ് അതെ [ ] അല്ല [ ]

(viii) മററു സംഘടനകൾ..............................

11 നിങ്ങളുടെ വീട്ടിൽ നിന്നുള്ള ഏതാണ്ട് ദൂരം

പഠന കേന്ദ്രത്തിലേക്ക് ....കി മീ.

പ്രോജക്ററ് ഓഫീസിലേക്ക് ....കി. മീ.

അസിസ്ററൻറ് പ്രോജക്ട് ഓഫീസിലേക്ക്......കി. മീ

B കേന്ദ്രത്തെപ്പററിയുള്ള വിവരങ്ങൾ

12 കേന്ദ്രത്തിൻെറ പൂർണ മേൽവിലാസം ....

....

13 (a) കേന്ദ്രത്തിൻെറ സ്ഥാനം

സാക്ഷരതാപ്രവർത്തകൻെറ വീട് [ ]
സ്ക്കൂൾ [ ]
പഞ്ചായത്ത് ഹാൾ [ ]
മരച്ചുവട് [ ]
ആരാധനാസ്ഥലം [ ]
പഠിതാക്കളുടെ വീട് [ ]
മററു സ്ഥലം (ഏത്) [ ]

(b) ക്ലാസ്സിൽ വൈദ്യുതി വെളിച്ചമുണ്ടോ?

ഉണ്ട് [ ] ഇല്ല [ ]

14 ക്ലാസ് ആരംഭിച്ച തീയതി...................

15 കേന്ദ്രം ആർക്കുവേണ്ടി?

പുരുഷന്മാർ മാത്രം [ ]

സ്ത്രീകൾ മാത്രം [ ]
സ്ത്രീകളും പുരുഷന്മാരും [ ]

16 ഗ്രാമീണർക്ക് [ ]
നഗരവാസികൾക്ക് [ ]
പട്ടികജാതിക്കാർക്ക് [ ]

17 ക്ലാസ് സമയം.....................മുതൽ.................വരെ

C സാമഗ്രികൾ

18 ഈ റിപ്പോർട്ട് അയക്കുന്ന സമയത്തിനകം ലഭിച്ച സാമഗ്രികൾ

(i) 'അക്ഷരം' പാഠപുസ്തകം കിട്ടി [ ]
എണ്ണം [ ] കിട്ടിയില്ല [ ]

(ii) എഴുത്തുപുസ്തകം കിട്ടി [ ]
എണ്ണം [ ] കിട്ടിയില്ല [ ]

(iii) 'അക്ഷരം' കൈപ്പുസ്തകം കിട്ടി [ ]
എണ്ണം [ ] കിട്ടിയില്ല

(iv) അധിക വായനാഗ്രന്ഥങ്ങൾ കിട്ടി [ ]
എണ്ണം [ ] കിട്ടിയില്ല

(v) കടലാസ് പെൻസിൽ കിട്ടി [ ]
എണ്ണം [ ] കിട്ടിയില്ല

(vi) ചാർട്ടുകൾ കിട്ടി
എണ്ണം [ ] കിട്ടിയില്ല

D പ്രാദേശിക സഹായം

19 പ്രാദേശിക സഹായം ലഭിച്ചിട്ടുണ്ടോ ഉവ്വ് [ ]
ഇല്ല. [ ] ഉണ്ടെങ്കിൽ ആരുടെ? വിവരങ്ങൾ

	പേര്	ജോലി
1	....	....
2	....	....
3	....	....

20 വാർഡ്തല കമ്മററി രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട് [ ] ഇല്ല [ ]

E പ്രയാസങ്ങൾ

21 കേന്ദ്രം സ്ഥാപിക്കുന്നതിൽ നേരിട്ട പ്രധാന പ്രയാസങ്ങൾ?..

....

....

22 ആ പ്രയാസങ്ങൾ എങ്ങനെ മറികടന്നു?..............................

....

....

F പഠിതാക്കളുടെ ലിസ്ററ്

ക്രമ നമ്പർ	പേര്	വേണ്ട കള്ളിയിൽ (√) അടയാളപ്പെടുത്തുക പു / സ്ത്രീ / SC / ST	വയസ്	മുഖ്യ തൊഴിൽ

തീയതി

പ്രവർത്തകന്റെ ഒപ്പ്......................

പേര്...

സാക്ഷരതാ പ്രവർത്തകൻ മാസംതോറും അയയ്ക്കേണ്ട റിപ്പോർട്ട്

1. കേന്ദ്രത്തിന്റെ പേര് / നമ്പർ

2. റിപ്പോർട്ട് മാസം………………കൊല്ലം…………………

3. വിവരങ്ങൾ

(a) കഴിഞ്ഞമാസം ലിസ്റ്റിൽ ഉണ്ടായിരുന്നവരുടെ എണ്ണം [ ]

(b) പുതിയതായി ചേർന്നവർ .... [ ]

(c) കൊഴിഞ്ഞുപോയവർ .... [ ]

(d) ഇപ്പോഴുള്ളവർ .... [ ]

(e) ഇനം തിരിച്ച വിവരങ്ങൾ

	ആകെ	പട്ടികജാതി	പട്ടികവർഗം
പുരുഷൻ			
സ്ത്രീ			
ആകെ			

(f) വയസ്സനുസരിച്ച്

(i) 15 ന് താഴെ [ ]

(ii) 15–35 [ ]

(iii) 35 ന് മുകളിൽ]]

4 ഹാജർ നില

(a) തനത് മാസത്തെ ശരാശരി ഹാജർ...
(ആകെ ഹാജരിനെ ക്ളാസ്സുകളുടെ എണ്ണം കൊണ്ട് ഹരിക്കുക)

(b) 50 ശതമാനത്തിൽ കൂടുതൽ ഹാജരുള്ളവരുടെ
എണ്ണം [ ]

(c) തനത്മാസത്തിൽ തീരെ വരാത്തവരുടെ എണ്ണം [ ]
(ഇവരെ വീട്ടിൽ പോയി കണ്ട് വരാത്തതിന്റെ കാരണം അന്വേഷിച്ച് തിരിച്ചുകൊണ്ടുവരണം)

5. കേന്ദ്രം സന്ദർശിച്ചവരുടെ വിവരങ്ങൾ..

....

....

6. (a) തനത് മാസത്തിൽ ക്ലാസ് നടന്ന ദിവസം
എണ്ണം [ ]

(b) തീരുമാനമനുസരിച്ച് ക്ലാസ് നടക്കാത്ത ദിവസങ്ങൾ [ ]

7. സഹായം ആവശ്യമായ പ്രയാസങ്ങൾ ....

....

....

8. കോഴ്സ് അവസാനിച്ച ശേഷമുള്ള റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ചേർക്കുക.

(a) കോഴ്സ് വിജയകരമായി പര്യവസാനിപ്പിച്ചവരുടെ
പേരുകൾ ....

....

....

(b) ഇനം തിരിച്ചുള്ള വിവരങ്ങൾ

എണ്ണം	പുരുഷൻ	സ്ത്രീ	ആകെ	വയസ്സ്		
				15ന് താഴെ	15-35	35ന് മുകളിൽ
മൊത്തം						
SC						
ST						

തീയതി

ഒപ്പ്.............................

പേര്.............................

കോഴ്സ് വിജയകരമായി പര്യവസാനിച്ചു എന്നു പറയണമെങ്കിൽ പഠിതാവ് കൈവരിച്ചിരിക്കേണ്ട മിനിമം നിലവാരം താഴെക്കൊടുത്തിരിക്കുന്നു.

വായന

(a) ശരിയായ ഉച്ചാരണത്തോടെ, പഠിതാവിന് താൽപര്യമുള്ള ഒരു വിഷയത്തിൽ, മിനിററിൽ 30 വാക്ക് എന്ന വേഗത്തിൽ ഉറക്കെ വായിക്കുക.

(b) ലളിതമായ ഭാഷയിലുള്ള പുസ്തകങ്ങൾ മിനിററിൽ 35 വാക്ക് എന്ന വേഗത്തിൽ മനസ്സിൽ വായിക്കുക.

(c) റോഡടയാളങ്ങൾ, പോസ്ററുകൾ, ലഘുനിർദേശങ്ങൾ എന്നിവ വായിച്ചു മനസ്സിലാക്കാൻ കഴിയുക

(d) സ്വന്തം ജോലി, ജീവിതാന്തരീക്ഷം എന്നിവയെപ്പററിയുള്ള ലഘു കുറിപ്പുകൾ വായിച്ചു മനസ്സിലാക്കാൻ കഴിയുക.

എഴുത്ത്

(a) മനസ്സിലാക്കിക്കൊണ്ട് മിനിററിൽ 7 വാക്ക് പകർത്തി യെഴുതുക.

(b) മിനിററിൽ 5 വാക്ക് വേഗത്തിൽ കേട്ടെഴുതുക.

(c) നല്ല വടിവോടും ശരിയായ അകലത്തിലും എഴുതുക.

(d) ചെറിയ എഴുത്തുകളും ദൈനംദിനാവശ്യത്തിനുള്ള ഫോറ ങ്ങളും അപേക്ഷകളും മററും തന്നത്താൻ എഴുതാനാവുക.

അക്കങ്ങൾ

(a) 1 മുതൽ 100 വരെ എഴുതാനും വായിക്കാനും കഴിയുക.

(b) ഭിന്നിതം ഇല്ലാത്ത ലഘു ഗണനങ്ങൾ—കൂട്ടൽ, കുറയ് ക്കൽ (3 അക്കസംഖ്യകൾ), ഗുണനം, ഹരണം (രണ്ടക്ക സംഖ്യ) ചെയ്യാൻ കഴിയുക.

(c) മെട്രിക് മാത്ര അറിയുക—ഭാരം, അളവ്, പണം, ദൂരം, വിസ്തീർണം, സമയം.

(d) അനുപാതം, പലിശ എന്നിവയെക്കുറിച്ച് സാമാന്യവിവര ങ്ങൾ അറിയുക.

വെളിച്ചമേ·നയിച്ചാലും
എറണാകുളം ജില്ല സമ്പൂർണ്ണ സാക്ഷരതായജ്ഞം
പഴയ കലക്ടറേറ്റ്, എറണാകുളം